
# TRICHUR ARCHDIOCESAN BULLETIN

2025 ജൂലൈ | വാല്യം: 92 | ലക്കം: 07




ദൈവ പരിപാലനയിൽ ആശ്രയം (ലൂക്കാ 12:34).



**ജൂലൈ 23ന്**

**ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ**

**മാർ ടോണി നീലങ്കാവിൽ പിതാവിന്**

**തൃശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

Trichur Archdiocesan Bulletin TAB

ESTD: 1934

ജൂലൈ 2025 07

ലക്കം: 07 | വാല്യം: 92

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 08 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 22 |
| സഹായമെത്രാന്റെ പരിപാടികൾ | 23 |
| നാളാഗമം | 25 |
| നാമകരണ നടപടികൾ | 33 |
| വൈദികർ | 37 |
| സന്യസ്തർ | 39 |
| മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം | 46 |
| വിശ്വാസ പരിശീലനം | 47 |
| സ്ഥാപനങ്ങൾ | 54 |
| സംഘടനകൾ | 64 |

# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1470/2025 / 14.06.2025 C-7

### സീറോ മലബാർ സഭ - സമുദായശാക്തീകരണം

ഈശോയിൽ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

പരിപക്വമായ സമുദായബോധം ആർജ്ജിക്കുന്നതിൽ ഇനിയും നാം അനാസ്ഥ കാണിച്ചുകൂടാ എന്ന് സമകാലിക സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്. അരക്ഷിതാവസ്ഥകളുടെ നടുവിലാണ് ഇന്ന് ഭാരതീയ ക്രിസ്ത്യാനികളുടെ, പ്രത്യേകിച്ച് സീറോ-മലബാർ വിശ്വാസികളുടെ ജീവിതം. മത- സാമൂഹിക- രാഷ്ട്രീയ തലങ്ങളിൽ നാം നിരന്തരം വിവേചനങ്ങളുടെ നീർച്ചുഴിയിൽ അകപ്പെടുന്നതിന്റെ കാരണം നമുക്ക് വേണ്ടത്ര സമുദായബോധം ഇല്ലാത്തതാണ്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് സീറോ-മലബാർ സഭ 2026-ാമാണ്ട് സമുദായശാക്തീകരണ വർഷമായി പ്രഖ്യാപിച്ചുകഴിഞ്ഞു. ഓരോ സീറോ-മലബാർ വിശ്വാസിയും ശരിയായ സമുദായബോധത്താൽ

നയിക്കപ്പെടുന്ന അവസ്ഥാവിശേഷം സംജാതമാക്കുക എന്ന ലക്ഷ്യമാണ് നമുക്ക് മുന്നിലുള്ളത്.

ഏതൊരു ഉദ്യമത്തിന്റെയും വിജയത്തിന് അനിവാര്യമായിട്ടുള്ളത് അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വ്യക്തതയും അവബോധവും ഉണ്ടാകുക എന്നതാണല്ലോ. അതിനാൽ സമുദായ ജാഗ്രത സദസ്സ്എന്ന പേരിൽ ബോധവൽക്കരണ പ്രക്രിയയാണ് നാം ആദ്യം ആരംഭിക്കുന്നത്. നമ്മുടെ സമുദായത്തിന്റെ തനിമയും അഭിമാന കരമായ ചരിത്രവും നാം അടുത്തറിയേണ്ടതുണ്ട്. ഒപ്പം ഇന്ന് നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെക്കുറിച്ചും അവയെ അതി ജീവിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും ഗൗരവമായ പരിചിന്തനവും വേണം. ഇക്കാര്യങ്ങളെല്ലാം സമ്യക്കായി പ്രതിപാദിക്കുന്ന മാർഗ്ഗരേഖ വിശദമായ ചർച്ചകൾക്കുശേഷം പ്രാഗത്ഭ്യവും പ്രതിബദ്ധതയും തെളിയിച്ചിട്ടുള്ള നമ്മുടെതന്നെ സമുദായാംഗങ്ങൾ തയ്യാറാക്കി യിട്ടുണ്ട്. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും വന്ന് മേല്പറഞ്ഞ കാര്യങ്ങളെപ്പറ്റി അവതരണം നടത്തി ചർച്ചകൾക്ക് നേതൃത്വം നൽകാനുള്ള ടീമുകളും സജ്ജമായിക്കൊണ്ടിരിക്കുന്നു. രണ്ട് മണിക്കൂർ സമയമാണ് ഇടവകതല സമുദായ ജാഗ്രത സദസ്സിൽ വിഷയാവതരണത്തിനും തുടർ ചർച്ചകൾക്കുമായിട്ട് നിജപ്പെടുത്തി യിട്ടുള്ളത്. ബഹു. വികാരിയച്ച ന്മാർ 2025 ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലെ സൗകര്യപ്രദമായ ഒരു ദിവസം നിശ്ചയിച്ച് തൃശൂർ അതിരൂപത കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ബഹു. ജീജോ വള്ളൂപ്പാറയച്ചനെയോ അസിസ്റ്റന്റ് ഡയറക്ടർ ബഹു. അനു ചാലിലച്ചനെയോ അറിയിച്ച് എത്രയും വേഗം ഇടവകതല സമുദായ ജാഗ്രത സദസ്സുകൾ പൂർത്തിയാക്കാൻ ആത്മാർത്ഥമായി സഹകരി ക്കണമെന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

സമുദായശാക്തീകരണത്തിന്റെ ഭാഗമായുള്ള ഇടവകതല സമുദായ ജാഗ്രത സദസ്സിന്റെ നടത്തിപ്പിനായി ഓരോ ഇടവകയിലും 2025 ജൂൺ–ജൂലായ് മാസങ്ങളിൽതന്നെ സംഘാടകസമിതി രൂപീ കരിച്ച് പ്രവർത്തനങ്ങൾ തുടങ്ങാൻ എല്ലാ ബഹു. വികാരിയച്ചന്മാരും പ്രത്യേകം ശ്രദ്ധിക്കണം. വികാരി, അസിസ്റ്റന്റ് വികാരി, സന്യസ്ത ഭവനങ്ങളിലെ സുപ്പീരിയർമാർ, കൈക്കാരന്മാർ, ഇടവകയോഗം സെക്രട്ടറി, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, ഏകോപന സമിതി പ്രസിഡണ്ട്/ സെക്രട്ടറി, വിശ്വാസപരിശീലന പ്രധാന അധ്യാപകൻ/ അധ്യാപിക, ഫൊറോന കൗൺസിൽ അംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, പി. ആർ. ഒ., കത്തോലിക്കാ

കോൺഗ്രസ്സ് പ്രസിഡണ്ട്, മാതൃവേദി പ്രസിഡണ്ട് എന്നിവരട ങ്ങുന്നതായിരിക്കണം സംഘാടകസമിതി.

ഇടവകതല സമുദായ ജാഗ്രത സദസ്സുകളിൽ ഇടവകാംഗങ്ങൾ എല്ലാവരും, പ്രത്യേകിച്ച് വികാരി, അസിസ്റ്റന്റ് വികാരി, സന്യസ്തർ, കൈക്കാരന്മാർ, പ്രതിനിധിയോഗാംഗങ്ങൾ, കുടുംബകൂട്ടായ്മകളുടെ മുഴുവൻ ഭാരവാഹികൾ, ഏകോപനസമിതി അംഗങ്ങൾ, ഭക്തസംഘ ടനകളുടെ മുഴുവൻ ഭാരവാഹികൾ, എല്ലാ വിശ്വാസപരിശീലന അധ്യാപകർ, ഫൊറോന കൗൺസിൽ അംഗങ്ങൾ, പി. ആർ. ഒ., എന്നിവർ പങ്കെടുക്കാൻ ശ്രദ്ധിക്കണം.

നിയതവും അനുക്രമവുമായ പ്രവർത്തനങ്ങളും ഏകോപന സംവിധാനങ്ങളും കൂടാതെ സമുദായശാക്തീകരണം യാഥാർത്ഥ്യ മാകില്ലെന്ന് നമുക്കറിയാം. സമുദായശാക്തീകരണ പ്രവർത്തന ങ്ങളുടെ ചാലകശക്തിയായി ഇതിനോടകം ചരിത്രത്തിൽ ഇടം നേടിയിട്ടുള്ള കത്തോലിക്കാ കോൺഗ്രസ്സിനെ സീറോ-മലബാർ സഭയുടെ സമുദായ സംഘടനയെന്ന നിലയിൽ വളർത്തിയെടുക്കണ മെന്നാണ് സിനഡുപിതാക്കന്മാർ ആഹ്വാനം ചെയ്തിട്ടുള്ളത്. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും 2025 ൽ തന്നെ കത്തോലിക്കാ കോൺഗ്രസ്സ് യൂണിറ്റ് രൂപീകരിച്ച് ജാഗ്രതയോടെ സമുദായശാക്തീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ദൈവ ജനത്തെ ഒരുക്കണമെന്ന് എല്ലാ ബഹു. അച്ചന്മാരോടും ഞാൻ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്.

സമുദായ സംഘടനയെന്ന നിലയിൽ വിഭാവനം ചെയ്യുമ്പോൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ നിലവിലുള്ള ഘടന മാറേണ്ടതുണ്ട്. ആവശ്യമായ പരിചിന്തനങ്ങൾക്കുശേഷം അക്കാര്യത്തിൽ തീരുമാന ങ്ങൾ കൈക്കൊള്ളുന്നതായിരിക്കും.

നിസ്സംഗത വെടിഞ്ഞ് നാം ഉണരേണ്ട സമയമാണിത്. സമുദായ ബോധത്തെക്കുറിച്ചുള്ള നമ്മുടെ സംഭാഷണങ്ങൾ ഒരിക്കലും അംഗങ്ങളിൽ സങ്കുചിത-വർഗ്ഗീയ കാഴ്ചപ്പാടുകൾ വളർത്താനോ മറ്റുള്ളവരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും കവർന്നെടു ക്കാനോ ഉള്ള ശ്രമങ്ങളല്ല എന്ന് നാം മനസ്സിലാക്കണം. ചുമതലപ്പെട്ട വർ വേണ്ടത്ര ഉത്സാഹത്തോടെ നേതൃത്വം നൽകി പ്രവർത്തിച്ചാലേ നമ്മുടെ സമുദായംഗങ്ങൾക്ക് അർഹമായ നന്മകൾ അനുഭവിക്കാനു ള്ള സാഹചര്യം ഉണ്ടാകൂ എന്ന തിരിച്ചറിവാണ് സമുദായശാക്തീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ നമ്മെ പ്രേരിപ്പിക്കുന്നത്.'നിനക്ക് ചെയ്യാൻ കഴിയുന്ന നന്മ, അതു ലഭിക്കാൻ അവകാശമുള്ളവർക്ക്

നിഷേധിക്കരുത്'(സുഭാ. 3:27) എന്ന തിരുവചനം നമുക്ക് മറക്കാതിരിക്കാം.

സമുദായശാക്തീകരണ പ്രവർത്തനങ്ങളുടെ ആവശ്യകത തിരിച്ചറിഞ്ഞ് അതിനുവേണ്ടി വിഭാവനം ചെയ്യുന്ന എല്ലാ കാര്യങ്ങളോടും സർവ്വാത്മനാ സഹകരിക്കാൻ ഞാൻ ഏവരെയും സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത*

---

N.B: *ഈ സർക്കുലർ 15/06/2025 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. +AT.*

**"പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും**
**(ലൂക്കാ 13:5)"**

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**ജൂലൈ 2025**

3 : മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ
4 : ആദ്യവെള്ളി
6 : ശ്ലീഹാ അഞ്ചാം ഞായർ
11 : നർസിയായിലെ വി. ബനഡിക്ട്
13 : ശ്ലീഹാ ആറാം ഞായർ
15 : വി. കുര്യാക്കോസ്, വി. ജൂലിറ്റാ
16 : കർമ്മലമാതാവ്
20: ശ്ലീഹാ ഏഴാം ഞായർ
22: വി. മഗ്ദലേന മറിയം
25: കർത്താവിന്റെ എഴുപത് ശിഷ്യന്മാർ
: വി. യാക്കോബ് ശ്ലീഹാ
26: വി. യോവാക്കിം, വി. അന്ന
27: കൈത്താ ഒന്നാം ഞായർ
28: വി. അൽഫോൻസ
29: വി. മർത്താ
31: വി. ഇഗ്നേഷ്യസ് ലെയോള

**2. ജൂലൈ മാസത്തെ പരിപാടികൾ**

02: കൊച്ചച്ചന്മാരുള്ള വികാരിമാരുടെ യോഗം (10:00 am)
07-11 : വൈദികരുടെ തുടർപരിശീലന പ്രോഗ്രാം
11 : വൈദികസമിതി യോഗം (02:30 pm)
12 : അതിരൂപതാതല സന്യസ്ത ജൂബിലി (10:00 am)
14-17 : വൈദികരുടെ തുടർപരിശീലന പ്രോഗ്രാം
19 : സാമൂഹ്യ സ്ഥാപന ഡയറക്ടർമാരുടെ യോഗം (02:30 pm)
21: വിദ്യാഭ്യാസ + ആതുര സ്ഥാപന ഡയറക്ടർമാരുടെ യോഗം (02:30 pm)
25: മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ
29: ആലോചനസമിതി യോഗം (10:30 am)
സഭാ സ്ഥാപന ഡയറക്ടർമാരുടെ യോഗം (02:30 pm)

**3. കൈത്താക്കാലം:**

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചു കൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നീണ്ടുനില്ക്കുന്ന ഈ കാലത്തെ 'കൈത്താക്കാലം' എന്നു വിളിക്കുന്നു. 'കൈത്താ' എന്ന പദത്തിന്റെ അർത്ഥം 'വേനൽ' എന്നാണ്. സഭയുടെ വളർച്ചയെയും ആത്മീയ വിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധന ക്രമകാലമാണിത്. ശ്ലീഹന്മാരുടെയും രക്തസാക്ഷി കളുടെയും പ്രേഷിതപ്രവർത്തന ഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരുപിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഫലം ചൂടുന്നതിനെയാണ് ഈ കാലം ഓർമ്മിപ്പിക്കുന്നത്. കൈത്താക്കാലത്തിലെ ആദ്യഞായറാഴ്ച പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ ദിനമാണ്. മിശിഹായോട് ചേർന്ന് നില്ക്കുമ്പോഴാണ് സഭാതരുവിന് വളരാനും സത്ഫലങ്ങൾ നൽകാനും സാധിക്കുന്നത്. രക്ഷയുടെ പേടകമായി നിലകൊള്ളുന്ന സഭയ്ക്കെതിരെ അന്ധകാരശക്തികൾ ആഞ്ഞടിച്ചാലും സഭയുടെ മണവാളനായ മിശിഹാ അമരക്കാരനായിരുന്നുകൊണ്ട് സഭയെ സംരക്ഷിച്ച് അവളെ സ്വർഗ്ഗീയ ജറുസലെമിലേക്ക് നയിക്കും. അതിനാൽ സഭയിൽ അഭയം തേടുന്നവർ ഭയപ്പെടേണ്ടതില്ലെന്ന പ്രത്യാശ ഈ കാലം നമുക്ക് നൽകുന്നു.

**3. നാമഹേതുക തിരുനാൾ:**

ജൂലൈ 25 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിന് അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ. അന്നേദിവസം വി. കുർബാനയിൽ അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

**4. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ ജന്മദിനം**

ജൂലൈ 23ന് ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**5. സീറോ മലബാർ സഭാദിനം**

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം നമ്മുടെ സഭക്കും മേജർ ആർച്ച്ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം. അന്നേ ദിവസം കുർബാന മധ്യേയെടുക്കുന്ന പ്രത്യേക പിരിവ് കാക്കനാട് ശ്രേഷ്ഠ മെത്രാപ്പോലീത്തൻ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി ജൂലൈ 20ന് മുമ്പ്

അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. (ഒരാൾക്ക് 2 രൂപ വീതം).

**6. വൈദിക ഏകദിനസമ്മേളനം, വിയാനി ഡേ, പൗരോഹിത്യ ജൂബിലി:**

വിയാനി ഡേയും വൈദികസമ്മേളനവും അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളും 2025 ആഗസ്റ്റ് 4ന് രാവിലെ 10:00 മണി മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. രജത ജൂബിലിയും സുവർണ്ണജൂബിലിയും ആഘോഷിക്കുന്ന വൈദികരെ ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**7. തെരട്ട്**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ 2025 ആഗസ്റ്റ് 5-ാം തീയതി മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടു വരേണ്ട ദിവസവും സമയക്രമവും താഴെ കൊടുത്തിട്ടുണ്ട്. അതിൻപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ.

തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. തിങ്കൾ മുതുൽ വെള്ളി വരെ രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്, ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കുന്നതല്ല. പള്ളികളിൽ നിന്നുള്ള തെരട്ട് കൊണ്ട് വരുമ്പോൾ ചെക്കുകൾ ചുരുങ്ങിയത് 6 എണ്ണമെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും സമയത്തും വരുന്നുണ്ടെങ്കിലോ, വരാൻ സാധിക്കുന്നില്ലെങ്കിലോ തലേദിവസം അറിയിക്കുന്നത് നല്ലതാണ്. തെരട്ടുകൊണ്ടുവരുമ്പോൾ ബഹു.വികാരിയച്ചനും, നടത്തുകൈക്കാരനും, കണക്കെഴുത്തുക്കാരനും ചുരുങ്ങിയത് ഉണ്ടാകണം. മറ്റുകൈക്കാരന്മാർ വരുന്നതിന് തടസമില്ല.

2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), സി. എ. ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), തെരട്ടുഫോം(രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷിക ബജറ്റ്(രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട്(രണ്ടു കോപ്പി), പ്രധാന തിരുനാളുകളുടെ വരവു ചെലവു കണക്ക്(രണ്ടു കോപ്പി), ലഘുനിക്ഷേപ പദ്ധതികണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്-ഉദാ: പള്ളിപണി, കപ്പേളപണി,

ഹാൾ നിർമ്മാണം തുടങ്ങിയവ- (രണ്ടുകോപ്പി), സ്കൂളുകളുണ്ടെങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടു വരണം. എല്ലാ കണക്കുകളും ഇന്റേണൽ ഓഡിറ്റിനും 50,000-ത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയ മാക്കേണ്ടതാണ്.

3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാലയത്തിൽ കണക്കുകൾ പരിശോധനക്ക് വിധേയമാക്കണം. തെരട്ടുസംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭപത്ര വരിസംഖ്യയും സാമ്പത്തിക കാര്യാലയത്തിൽ അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോനവിഹിതം 1/2%, മേജർ സെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദികക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപതാബുള്ളറ്റിൻ, സിനഡൽ ന്യൂസ് എന്നിവയുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേണ്ടതുണ്ട്. തെരട്ട് സംഖ്യക്ക് ഒഴിവ് ചോദിക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവനായി അടക്കാൻ ഒരുങ്ങി വരുമല്ലോ.

4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമിക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്തതിനുശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധിക്കണം. ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, പുരുഷന്മാർ, മാമ്മോദീസ, സ്ഥൈര്യലേപനം. വാർഷികറിപ്പോർട്ട് പൂർണ്ണമായി പൂരിപ്പിച്ച് തെരട്ടിനൊപ്പം ഹാജരാക്കണം.

**8. വൈദികരുടെ വാർഷികധ്യാനം:**

ബ. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം 2025 സെപ്തംബർ 14 മുതൽ 19 വരെയും (ജറുസലെം ധ്യാനകേന്ദ്രം) സെപ്തംബർ 21 മുതൽ 26 വരെയും സെപ്തംബർ 28 മുതൽ ഒക്ടോബർ 03 വരെയും (മേരിമാത മേജർ സെമിനാരി) മൂന്നു ബാച്ചുകളിലായി നടത്തുന്നു.

ധ്യാനഗുരു: ബഹു. ഫാ. ബേണി വർഗ്ഗീസ് OFM.Cap.

* ആദ്യബാച്ച് ജറുസലെം ധ്യാനകേന്ദ്രത്തിലും രണ്ടും മൂന്നും ബാച്ചുകൾ മേരിമാതാ മേജർ സെമിനാരിയിലും വച്ചാണ് നടത്തുന്നത്. മുഴുവൻ സമയവും സെമിനാരിയിൽ താമസിച്ചു ധ്യാനിക്കു

ന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും മുൻക്കൂട്ടി ചെയ്യണം.

* ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തോന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.

* അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ അതിരൂപത കാര്യാലയത്തിൽ എത്രയുംവേഗം അറിയിക്കേണ്ടതാണ്.

* എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ, അക്കാര്യം മുൻകൂട്ടി അതിരൂപതാകാര്യാലയത്തെ അറിയിച്ച്, ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷികധ്യാനം നടത്തി കുമ്പസാരപത്തോന്തിയും കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.

| BATCH 1 (September 14-19, Sunday-Friday) | |
|---|---|
| 1. Rev. Fr. Ainickal Johnson | 18. Rev. Fr. Cheruvathoor Vincent |
| 2. Rev. Fr. Ainikkal Jose | 19. Rev. Fr. Chiramel Davis Sr. |
| 3. V. Rev. Fr. Akkamattathil Raphael | 20. Rev. Fr. Chiramel Jolly |
| 4. Rev. Fr. Alapatt Paul | 21. Rev. Fr. Chiriyankandath Ginsen |
| 5. Rev. Fr. Aloor Francis | 22. Rev. Fr. Chittilappilly Antony Sr. |
| 6. Rev. Fr. Aloor Joshy | 23. Rev. Fr. Chittilappilly Johnson |
| 7. Rev. Fr. Anthikadan Johnson | 24. Rev. Fr. Chittilappilly Joy, Sr. |
| 8. Rev. Fr. Alukka Antony | 25. Rev. Fr. Chittilappilly Seby |
| 9. Rev. Fr. Ambooken Joseph (Noby) | 26. Rev. Fr. Chittilappilly Shiju |
| 10. Rev. Fr. Anthikkat Joseph | 27. Rev. Fr. Choondal Thomas |
| 11. Rev. Fr. Appadan Babu | 28. Rev. Fr. Edakulathur George |
| 12. Rev. Fr. Arangassery Jose | 29. Rev. Fr. Eluvathingal Frederick |
| 13. Rev. Fr. Ayyankanayil John | 30. Rev. Fr. Kakkassery Thomas |
| 14. Rev. Fr. Chalissery Johnson | 31. Rev. Fr. Kallikkaden Paul |
| 15. Rev. Fr. Chembakassery Antony | 32. Rev. Fr. Kannampuzha Davis |
| 16. Rev. Fr. Cherayath Davis | 33. Rev. Fr. Kanjirathingal Varghese |
| 17. Rev. Fr. Cherayath Davis, Jr. | 34. Rev. Fr. Karippery Varghese |
| | 35. Rev. Fr. Kavalakkatt Franco |

| | |
|---|---|
| 36. Rev. Fr. Kidangan Benny | 60. Rev. Fr. Pullokkaran Raphael |
| 37. Rev. Fr. Kidangan Joy | 61. Rev. Fr. Punnoliparambil Jos |
| 38. Rev. Fr. Kochupurackal Kuriakose (Shaji) | 62. Rev. Fr. Pulikottil Jaison |
| 39. Rev. Fr. Kollannoor Joy | 63. Rev. Fr. Puthur Joy |
| 40. Rev. Fr. Kollannur Antony | 64. Rev. Fr. Puthur Sebi |
| 41. Rev. Msgr. Konikkara Jose, Jr. | 65. Rev. Fr. Thaikkattil Saijo |
| 42. Rev. Fr. Kundukulam Johnson | 66. Rev. Fr. Thalakkottoor Francis |
| 43. Rev. Msgr. Manadan George | 67. Rev. Fr. Thanikkal Lazar |
| 44. Rev. Fr. Kuthur Varghese | 68. Rev. Fr. Thanissery Raphael |
| 45. Rev. Fr. Moolan John | 69. Rev. Fr. Tharakan Varghese |
| 46. Rev. Fr. Mundenkurian Renny | 70. Rev. Fr. Thattil Paulson |
| 47. Rev. Fr. Muringathery Joseph | 71. Rev. Fr. Thekkanath Paul |
| 48. Rev. Fr. Neelankavil Pauly | 72. Rev. Fr. Thermadam Simon |
| 49. Rev. Fr. Olakkengil Johnson | 73. Rev. Fr. Ukken Johnson |
| 50. Rev. Fr. Padayattil Job | 74. Rev. Fr. Ukken Shaju |
| 51. Rev. Fr. Palathingal Varghese | 75. Rev. Fr. Ukken Varghese |
| 52. Rev. Fr. Panakkal Joju | 76. Rev. Fr. Vadakkan Job |
| 53. Rev. Fr. Parrokkaran Binu | 77. Rev. Fr. Vadakkan Raphael |
| 54. Rev. Fr. Pereppadan Jinto | 78. Rev. Fr. Vadakkoott James |
| 55. Rev. Fr. Pindiyan Paul | 79. Rev. Fr. Vallooran Jose |
| 56. Rev. Fr. Pindiyan Prince | 80. Rev. Fr. Vazhaparambil Clement |
| 57. Rev. Fr. Poovathingal Prince | 81. Rev. Fr. Vazhappilly Francis Sr. |
| 58. Rev. Fr. Poovathukkaran Joseph | 82. Rev. Fr. Vennattuparambil Joshy |
| 59. Rev. Fr. Pulikkottil Davis Sr. | 83. Rev. Fr. Vettath Sebastian |

| BATCH 2 (September 21-26, Sunday-Friday) | |
|---|---|
| 1. Rev. Fr. Adambukulam Joy | 10. Rev. Fr. Arackal Francis |
| 2. Rev. Fr. Ainikkal Addwin | 11. Rev. Fr. Arangassery Saleesh |
| 3. Rev. Fr. Akkamattathil Shonson | 12. Rev. Fr. Arimboor Johnson |
| 4. Rev. Fr. Akkara Raju | 13. Rev. Fr. Arimbur Derin |
| 5. Rev. Fr. Akkarapattiekkal Jeas | 14. Rev. Fr. Chalakkal Jackson |
| 6. Rev. Fr. Alappat Bastin | 15. Rev. Fr. Chalakkal Jose |
| 7. Rev. Fr. Alappat Biju Joseph | 16. Rev. Fr. Chalissery Cyriac |
| 8. Rev. Fr. Aloor Joju (George) | 17. Rev. Fr. Chalissery Paul |
| 9. Rev. Fr. Ammuthan Antony | 18. Rev. Fr. Chazhoor Domini |

19. Rev. Fr. Cheradai Geo
20. Rev. Fr. Cheruthanickal Frango Fronice
21. Rev. Fr. Cheruvathoor George
22. Rev. Fr. Chiramel Chacko
23. Rev. Fr. Chirammel Able
24. Rev. Fr. Chirayath Jeen
25. Rev. Fr. Chirayath Anto
26. Rev. Fr. Chiriankandath Geo
27. Rev. Fr. Chiriyankandath Joju
28. Rev. Fr. Chittilapilly Jaison
29. Rev. Fr. Chittilappilly Antony Jr.
30. Rev. Fr. Chittilappilly Joy, Jr.
31. Rev. Fr. Chittilappilly Anish
32. Rev. Fr. Chittilappilly John
33. Rev. Fr. Chittilappilly Lijo
34. Rev. Fr. Choondal Albin
35. Rev. Fr. Chungath Midhun
36. Rev. Fr. Edakkalathoor Varghese
37. Rev. Fr. Edakkalathur Thomas
38. Rev. Fr. Eluvathingal Justin
39. Rev. Fr. Eluvathingal Antos
40. Rev. Fr. Emmatty Jomon
41. Rev. Fr. Inchodikkaran James
42. Rev. Fr. Kakkassery Tony
43. Rev. Fr. Kanimangalathukaran Vincent
44. Rev. Fr. Kanjirathingal Arun
45. Rev. Fr. Kanjirathingal Baiju
46. Rev. Fr. Kanjirathingal Prinson
47. Rev. Fr. Kanjirathingal Seby
48. Rev. Fr. Kannanaikal Wilson
49. Rev. Fr. Kareparamban Sinto
50. Rev. Fr. Kattiparamban Clinson
51. Rev. Fr. Kavalakkatt Seby
52. Rev. Fr. Keezhoorumuttikkal Manoj
53. Rev. Fr. Kizhakkoodan Godwin
54. Rev. Fr. Kizhakkuden Sony
55. Rev. Fr. Kolambrath Martin
56. Rev. Fr. Kollannur Ajith
57. Rev. Msgr. Koonamplakkal Jaison
58. Rev. Fr. Koothur Anish
59. Rev. Fr. Koothur Francis
60. Rev. Fr. Koreth Joyson
61. Rev. Fr. Kundukulam Stishin
62. Rev. Fr. Kunnappilly Teds
63. Rev. Fr. Kurissery Ittiachan
64. Rev. Fr. Kuruthukulangara Antony
65. Rev. Fr. Kuttikkatt Jinto
66. Rev. Fr. Kuttikottayil Mathew
67. Rev. Fr. Kuzhikkattumyalil Sijohn
68. Rev. Fr. Maliyammavu Paul
69. Rev. Fr. Malokkaran Jikson
70. Rev. Fr. Mangattilayan Jomon
71. Rev. Fr. Mapranathukaran Pradheep
72. Rev. Fr. Mapranathukaran Shijo
73. Rev. Fr. Maroky Dennis
74. Rev. Fr. Melit Palathingal Verghese
75. Rev. Fr. Mukkadayil Jinson
76. Rev. Fr. Mundopuram Daison
77. Rev. Fr. Muringathery Grijo
78. Rev. Fr. Muringathery Sijo
79. Rev. Fr. Muthipeedika Mejo
80. Rev. Fr. Muthupeedika Raphael
81. Rev. Fr. Muttath Francis

| | |
|---|---|
| 82. Rev. Fr. Muttath Paul | 104. Rev. Fr. Puthur Joby |
| 83. Rev. Fr. Nayankara Prince | 105. Rev. Fr. Thachoth Ajith |
| 84. Rev. Fr. Nellangara Jithin | 106. Rev. Fr. Thalakkoden Dominic |
| 85. Rev. Fr. Neelamkavil Anson | 107. Rev. Fr. Thanikkal Paul |
| 86. Rev. Fr. Neelankavil Francis | 108. Rev. Fr. Tharakan Francis |
| 87. Rev. Fr. Olakkengil Dijo | 109. Rev. Fr. Thattil Benwin |
| 88. Rev. Fr. Ollukkaran Anto | 110. Rev. Fr. Thattil Linson |
| 89. Rev. Fr. Palathingal Paulson | 111. Rev. Fr. Thekkekara Jackson |
| 90. Rev. Fr. Pallikunnath Francis | 112. Rev. Fr. Thekkumpuram Jaison |
| 91. Rev. Fr. Panthallookkaran Devassy | 113. Rev. Fr. Ukken Thomas |
| 92. Rev. Fr. Pattikakkal Allwyn | 114. Rev. Fr. Vadakoot Thomas |
| 93. Rev. Fr. Payikkatt Sobin | 115. Rev. Fr. Vadakkethala Prijov |
| 94. Rev. Fr. Peramangalath Paul | 116. Rev. Fr. Vaikkadan Joseph |
| 95. Rev. Fr. Perinchery Ajeesh | 117. Rev. Fr. Vazhappilly Bilju |
| 96. Rev. Fr. Pidiyath Wilson | 118. Rev. Fr. Vazhappilly Tony |
| 97. Rev. Fr. Ponnary Nithin | 119. Rev. Fr. Velakombil Roy |
| 98. Rev. Fr. Pulikkottil Davis Jr. | 120. Rev. Fr. Veliyan Sebi |
| 99. Rev. Fr. Punnassery Jaison | 121. Rev. Fr. Velookaran Thomas |
| 100. Rev. Fr. Punnoliparambil Bastian | 122. Rev. Fr. Velukkaran Geo |
| 101. Rev. Fr. Puthookkara Francis | 123. Rev. Fr. Vettath Mathew |
| 102. Rev. Fr. Puthur Prakash | 124. Rev. Fr. Vithayathil Daveed |
| 103. Rev. Fr. Puthur Sijo | |

| **BATCH 3 (September 28- October 03, Sunday-Friday)** | |
|---|---|
| 1. Rev. Fr. Akkaraparambil Linson | 12. Rev. Fr. Chalissery Lijo |
| 2. Rev. Fr. Akkarapattiakal Joffin | 13. Rev. Fr. Chemmannoor John Paul |
| 3. Rev. Fr. Akkarapattiakkal Nirmal | 14. Rev. Fr. Chemmannoor Jeesmon |
| 4. Rev. Fr. Alappadan Fijo | 15. Rev. Fr. Cheruthanickal Prince |
| 5. Rev. Fr. Alappatt Geo | 16. Rev. Fr. Cheruvathoor Joyson |
| 6. Rev. Fr. Anthikkat Santhosh | 17. Rev. Fr. Cheruvathoor Sijo |
| 7. Rev. Fr. Anthikkatt Johnson | 18. Rev. Fr. Cheruvathur Douglas |
| 8. Rev. Fr. Arackel Paul | 19. Rev. Fr. Chiramel Simson |
| 9. Rev. Fr. Arangassery Sanoj | 20. Rev. Fr. Chiramel Davis, Jr. |
| 10. Rev. Fr. Chalakkal Sebastian | 21. Rev. Fr. Chirayath Febin |
| 11. Rev. Fr. Chalil Anu | 22. Rev. Fr. Chiriyamkandath Prince |

23. Rev. Fr. Chiriyankandath Shijo
24. Rev. Fr. Chittattukara Seby
25. Rev. Fr. Chittilappilly Ajith
26. Rev. Fr. Chittilappilly Joffy
27. Rev. Fr. Choondal Livin
28. Rev. Fr. Chullikadan Joby
29. Rev. Fr. Edakkalathur Jose
30. Rev. Fr. Edathiruthy Jojo
31. Rev. Fr. Emmatty Sajeev
32. Rev. Fr. Kadappuran Joby (Joseph)
33. Rev. Fr. Kaitharath Justin
34. Rev. Fr. Kallarakkal Pratheesh
35. Rev. Fr. Kallikadan Starzon
36. Rev. Fr. Kallingalkudiyil Jimmy
37. Rev. Fr. Kanjirathingal Anto
38. Rev. Fr. Kannanaickal Salvin
39. Rev. Fr. Kannanaikal Franclin
40. Rev. Fr. Kappilamnirappel Jijo
41. Rev. Fr. Karerakkattil Aljo
42. Rev. Fr. Kattookaran Sijo
43. Rev. Fr. Kattukaran Paul
44. Rev. Fr. Keetticka Finosh
45. Rev. Fr. Kolambrath Dixon
46. Rev. Fr. Koothur Febin
47. Rev. Fr. Koothur Joy
48. Rev. Fr. Kulangara Printo
49. Rev. Fr. Kundukulangara Jovy
50. Rev. Fr. Kunnappillil Thejas
51. Rev. Fr. Kunnappilly Tens
52. Rev. Fr. Kuruthukulangara Livin
53. Rev. Fr. Maliakkal Jijo
54. Rev. Fr. Maliyeckal Sanal
55. Rev. Fr. Mandumpal Taison
56. Rev. Fr. Mangan Ajil
57. Rev. Fr. Mangattilayan Majo
58. Rev. Fr. Manjaly Christo
59. Rev. Fr. Marokey Shinto
60. Rev. Fr. Maroky Jaison
61. Rev. Fr. Maroky Sajan
62. Rev. Fr. Marottickal Alex
63. Rev. Fr. Menachery Antony
64. Rev. Fr. Mookken Roy
65. Rev. Fr. Mullakkara Terin
66. Rev. Fr. Mullakkara Tijo
67. Rev. Fr. Muringathery Jijo
68. Rev. Fr. Muringathery Jomon
69. Rev. Fr. Muringathery Joy
70. Rev. Fr. Muringathery Naveen
71. Rev. Fr. Nandikkara Ignatius (Biju)
72. Rev. Fr. Neelankavil Hadly
73. Rev. Fr. Nettikadan David
74. Rev. Fr. Olakkengil Brilwin
75. Rev. Fr. Olakkengil Debin
76. Rev. Fr. Olappurakkal Rinjo
77. Rev. Fr. Pallipurathukaran Geo
78. Rev. Fr. Panamkulam Davis
79. Rev. Fr. Panengadan Clint
80. Rev. Fr. Panengadan John (Biju)
81. Rev. Fr. Parayil Shinto
82. Rev. Fr. Pavartikaran John
83. Rev. Fr. Peramangalam John (Jackson)
84. Rev. Fr. Perumattil Christon
85. Rev. Fr. Pettayil Noble
86. Rev. Fr. Pindiyan Sajan
87. Rev. Fr. Ponparambil Bijoy
88. Rev. Fr. Ponthekken Sinto
89. Rev. Fr. Poopadi Thomas
90. Rev. Fr. Poozhikkunnel Justin
91. Rev. Fr. Poruthur Joju
92. Rev. Fr. Pulikkan Paul
93. Rev. Fr. Pulikottil Jose
94. Rev. Fr. Puthiri Frango (Francis)

| | |
|---|---|
| 95. Rev. Fr. Puthur John | 110. Rev. Fr. Thekkanath Christo |
| 96. Rev. Fr. Pynadath Abin | 111. Rev. Fr. Thekkiniyath Geo |
| 97. Rev. Fr. Thalakkottoor Shanto | 112. Rev. Fr. Thorayan Sinto |
| 98. Rev. Fr. Thaliyaparambil Liril | 113. Rev. Fr. Vadakkan Roy |
| 99. Rev. Fr. Thaliyath Nibin | 114. Rev. Fr. Vadakkan Sajan |
| 100. Rev. Fr. Thanikkal Jomon | 115. Rev. Fr. Vadakkethala Saju |
| 101. Rev. Fr. Thanikkal Manoj | 116. Rev. Fr. Vallachirakkaran Dinto |
| 102. Rev. Fr. Tharakan Roger | 117. Rev. Fr. Valluppara Jeejo |
| 103. Rev. Fr. Tharayil Demin | 118. Rev. Fr. Vattakuzhy Gladrin |
| 104. Rev. Fr. Thattil Raphy | 119. Rev. Fr. Vattakuzhy Jose |
| 105. Rev. Fr. Thattil Jense | 120. Rev. Fr. Vazhappilly Saijan |
| 106. Rev. Fr. Thattil Soly | 121. Rev. Fr. Vazhappilly Frajo |
| 107. Rev. Fr. Thattil Trejin | 122. Rev. Fr. Vazhappilly Jibi |
| 108. Rev. Fr. Thayyalakkal Flergin | 123. Rev. Fr. Vazhappilly Twinkle |
| 109. Rev. Fr. Thazhath Jickson | 124. Rev. Fr. Vithayathil Rijo |

| **LEAVE** | |
|---|---|
| 1. Rev. Fr. Achandy Johnson | 20. Rev. Fr. Chiriankandath Anto |
| 2. Rev. Fr. Alanthanath Nysson | 21. Rev. Fr. Chiriyankandath Lijo |
| 3. Rev. Fr. Alapatt Francis | 22. Rev. Fr. Chittilappilly Anvin |
| 4. Rev. Fr. Alappat Biju | 23. Rev. Fr. Chittilappilly Joseph |
| 5. Rev. Fr. Arakkal Steephen | 24. Rev. Fr. Chittilappilly Shelton |
| 6. Rev. Fr. Arassery Joseph | 25. Rev. Fr. Chittilappilly Binoy |
| 7. Rev. Fr. Arikkat Sijo | 26. Rev. Fr. Chittilappilly Jinto |
| 8. Rev. Fr. Arimboor Jerin | 27. Rev. Fr. Chittilappilly Paul |
| 9. Rev. Fr. Arimboor Tony | 28. Rev. Fr. Chittilappilly Vincent |
| 10. Rev. Fr. Chakkalakkal Davis | 29. Rev. Fr. Choondal Jinto |
| 11. Rev. Fr. Chakkalakkal Seejan | 30. Rev. Fr. Chungath John |
| 12. Rev. Fr. Chakkery Mathew | 31. Rev. Fr. Edakalathoor Godwin |
| 13.Rev. Fr. Chakkumpeedika Thomas | 32. Rev. Fr. Edakkalathur Jacob |
| | 33. Rev. Fr. Edakkalathur Francis |
| 14. Rev. Fr. Cheeramban Shajan | 34. Rev. Fr. Edakkalathur Jijo |
| 15. Rev. Fr. Chelappadan George | 35. Rev. Fr. Edakulathur Jimmy |
| 16. Rev. Fr. Chemmannur Libin | 36. Rev. Fr. Eluvathingal Rojo |
| 17. Rev. Fr. Chiramel Christeen | 37. Rev. Fr. Kadavi Geo |
| 18. Rev. Fr. Chirayath Denny | 38. Rev. Fr. Kaippullyparamban Benny |
| 19. Rev. Fr. Chirayath Joffy | |

| | |
|---|---|
| 39. Rev. Fr. Kakkassery Bestin | 73. Rev. Fr. Parokkaran Joshy |
| 40. Rev. Fr. Kappany Paul | 74. Rev. Fr. Payyappilly Jinu |
| 41. Rev. Fr. Kidangan John | 75. Rev. Fr. Payyappilly Paul |
| 42. Rev. Fr. Kizhakkekannanchira Frinto | 76. Rev. Fr. Pazhayedath Jaison |
| 43. Rev. Fr. Kollannoor Royson | 77. Rev. Fr. Peruttil Sebastian |
| 44. Rev. Fr. Kombara George | 78. Rev. Fr. Pidiyath Jijo |
| 45. Rev. Fr. Konikkara Jose, Sr. | 79. Rev. Fr. Ponthekan Jomon |
| 46. Rev. Fr. Koola Ditto | 80. Rev. Fr. Porathur Sinto |
| 47. Rev. Fr. Koonamplakkal Jackson | 81. Rev. Fr. Porathur Nicholas |
| 48. Rev. Fr. Koothoor Fexin | 82. Rev. Fr. Poruthur Daijo |
| 49. Rev. Fr. Koreth Mejo | 83. Rev. Fr. Pulikkan Siju |
| 50. Rev. Fr. Kundukulam Vincent | 84. Rev. Fr. Pulikodan Renald |
| 51. Rev. Fr. Kuttikkatt Jiso | 85. Rev. Fr. Pulikottil Johnson |
| 52. Rev. Fr. Kuttikkatt Andrews | 86. Rev. Fr. Rayappan Anto |
| 53. Rev. Fr. Manjaly Binoy | 87. Rev. Fr. Thacharattil Jacob |
| 54. Rev. Fr. Maprani Alex | 88. Rev. Fr. Thadathil Justin |
| 55. Rev. Fr. Marottikkal Majo | 89. Rev. Fr. Thaikkadan John Paul |
| 56. Rev. Fr. Mecheripady Antony | 90. Rev. Fr. Thaikkattil Sonjai |
| 57. Rev. Fr. Mechery Antony | 91. Rev. Fr. Thaikkattil Lawrance |
| 58. Rev. Fr. Mekkattukulam Jiphy | 92. Rev. Fr. Thaivalappil Rejoy |
| 59. Rev. Fr. Mookken Joy | 93. Rev. Fr. Thandassery Canadian |
| 60. Rev. Fr. Mulakkal John | 94. Rev. Fr. Thanikkal Anuwin |
| 61. Rev. Fr. Nadakkeveliyil Chacko | 95. Rev. Fr. Tharakan Geo |
| 62. Rev. Fr. Nedumbakaran Yesudas | 96. Rev. Fr. Thathrathil Jos |
| 63. Rev. Fr. Neelankavil Sinoj | 97. Rev. Fr. Thazhekadan Jibin |
| 64. Rev. Fr. Nellickal Aneesh | 98. Rev. Fr. Thekkanath Justin |
| 65. Rev. Fr. Nirappukalayil George Thomas | 99. Rev. Fr. Thekkanath Antony |
| 66. Rev. Fr. Olakkengil Dunstan | 100. Rev. Fr. Thekkath Franso |
| 67. Rev. Fr. Olakkengil Lawrence | 101. Rev. Fr. Thekkekara Davis |
| 68. Rev. Fr. Padinjakkara Abijith | 102. Rev. Fr. Thekkekara Jose |
| 69. Rev. Fr. Pallikkunnath Shijo | 103. Rev. Fr. Therattil George |
| 70. Rev. Fr. Panattuparambil Babu | 104. Rev. Fr. Thermadam Shajan |
| 71. Rev. Fr. Panengadan Anto | 105. Rev. Fr. Thermadom George |
| 72. Rev. Fr. Parakkal Cherian | 106. Rev. Fr. Ukken Sibin |
| | 107. Rev. Fr. Vadakkethala Midhun |
| | 108. Rev. Fr. Vadakkethala George |

| | |
|---|---|
| 109. Rev. Fr. Vadakkethala Jaison | 112. Rev. Fr. Vazhappilly Vinoy |
| 110. Rev. Fr. Vadakkethala Thomas | 113. Rev. Fr. Vellara John Ansil |
| 111. Rev. Fr. Vattanirappel Jaison | 114. Rev. Fr. Thanikkal Denny |

***9. വൈദികരുടെ തുടർപരിശീലനം***

Joyful Priestly Life - Through Spiritual Enhancement

നമ്മുടെ അതിരൂപതയിലെ വൈദികർക്കായുള്ള ദ്വിദിന തുടർ പരിശീലനം ജൂലൈ 7 മുതൽ 11 വരെയും 14 മുതൽ 17 വരെയും ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പിക്കുന്നു. 7 ബാച്ചുകളിലായാണ് ഈ പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. ഉച്ചതിരിഞ്ഞു 2.30 മുതൽ പിറ്റേ ദിവസം ഉച്ചകഴിഞ്ഞു 2.30വരെയാണ് പരിശീലന പരിപാടി. പങ്കെടുക്കുന്നവർക്കായുള്ള താമസസൗകര്യം ഡി. ബി. സി. എൽ. സി. യിൽ ഒരുക്കിയിട്ടുണ്ട്. അതിരൂപതയിൽ ഇപ്പോൾ സേവനം ചെയ്തുകൊണ്ടിരിക്കുന്ന 75 വയസ്സിനു താഴെയുള്ള എല്ലാ വൈദികരെയും ഈ പരിശീലനത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അസൗകര്യമുള്ളവരും ഗ്രൂപ്പ് മാറാൻ ആഗ്രഹിക്കുന്നവരും പ്രോഗ്രാം കോർഡിനേറ്ററിനെ (ഫാ.സാജൻ പിണ്ടിയാൻ, 9400280625) അറിയിക്കുമല്ലോ. (ലിസ്റ്റ് പേജ് 86-90ൽ കൊടുത്തിട്ടുണ്ട്).

**10. വൈദികനിയമനം:**

1. ഫാ. ഡെന്നി താണിക്കൽ - അവധി; വടവാതൂർ സെമിനാരിയിൽ സേവനാനുമതി; വികാരി & ഫൊറോന വികാരി പട്ടിക്കാട്, കപ്ലോൻ സി. എച്ച്. എഫ്., കൺവീനർ പാക്ട്, കൗൺസിലർ വിവാഹ അനുരഞ്ജന ഓഫീസ് ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

2. ഫാ. തോമസ് വടക്കൂട്ട് - വികാരി & ഫൊറോന വികാരി പട്ടിക്കാട്, കപ്ലോൻ സി. എച്ച്. എഫ്.; വികാരി കുരിയച്ചിറ & കപ്ലോൻ സി. എം. സി. ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

3. ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ- വികാരി കുരിയച്ചിറ & കപ്ലോൻ സി. എം. സി.; വികാരി പനമുക്ക് & കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

4. ഫാ. ജിക്സൺ മാളോക്കാരൻ - വികാരി പനമുക്ക് & കപ്ലോൻ സി. എച്ച്. എഫ്. കൂടി; വികാരി കോനിക്കര ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

5. ഫാ. ജോർജ്ജ് ചെറുവത്തൂർ - വികാരി കോനിക്കര; വികാരി നന്തിപുലം നോർത്ത് & കപ്ലോൻ എസ്. സി. എസ്. എ. ഒഴിവായി;

സാധുത 2025 മെയ് 21 മുതൽ.

6. ഫാ. മേജോ മങ്ങാട്ടിളയൻ – വികാരി നന്തിപുലം നോർത്ത് & കപ്ലോൻ എസ്. സി. എസ്. എ.; പ്രീസ്റ്റ് ഇൻ ചാർജ്ജ് അഞ്ചേരി സൗത്ത് & കപ്ലോൻ എസ്. ഡി. ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

7. ഫാ. പ്രകാശ് പുത്തൂർ – പ്രീസ്റ്റ് ഇൻ ചാർജ്ജ് അഞ്ചേരി സൗത്ത് & കപ്ലോൻ എസ്. ഡി.; സഹവികാരി വടക്കാഞ്ചേരി ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

8. ഫാ. ആന്റോ ഒല്ലൂക്കാരൻ – വികാരി പുതുശ്ശേരി & കപ്ലോൻ സി. എസ്. സി.; വികാരി മച്ചാട് & കപ്ലോൻ സി. എസ്. എസ്. ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

9. ഫാ. കനേഡിയൻ തണ്ടാശ്ശേരി – വികാരി പുതുശ്ശേരി & കപ്ലോൻ സി. എസ്. സി. ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

10. ഫാ. ജോജോ എടത്തിരുത്തി – വികാരി മച്ചാട് & കപ്ലോൻ സി. എസ്. എസ്.; സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ, ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, ത്യാഗരാജാർ പോളി ടെക്നിക് എന്നീ ഉത്തരവാദിത്വങ്ങൾ ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

11. ഫാ. ബിജു ആലപ്പാട്ട് – ഡയറക്ടർ സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ, അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, ജോയിന്റ് സെക്രട്ടറി & ട്രഷറർ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി, വൈസ് ചെയർമാൻ ത്യാഗരാജാർ പോളി ടെക്നിക്; വികാരി ആളൂർ & ആളൂർ കിഴക്ക് & കപ്ലോൻ സി. എസ്. എസ്. ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

12. ഫാ. ജാക്സൺ ചാലക്കൽ – വികാരി ആളൂർ & ആളൂർ കിഴക്ക് & കപ്ലോൻ സി. എസ്. എസ്.; ജൂബിലി മിഷൻ & ചിയ്യാരം വിജയമാത എന്നിവിടങ്ങളിലെ ഉത്തരവാദിത്വം ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

13. ഫാ. ദിജോ ഒലക്കേങ്കിൽ – വികാരി കിരാലൂർ & കപ്ലോൻ സി. എസ്. എൻ.; കപ്ലോൻ സി. എസ്. സി. കൊക്കാല ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

14. ഫാ. അബിൻ പൈനാടത്ത് – സഹവികാരി വടക്കാഞ്ചേരി; സാധുത 2025 മെയ് 21 മുതൽ.

15. ഫാ. ആൻസൺ എറണാകുഴിയിൽ O.Carm – സഹവികാരി തിരൂർ ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

16. ഫാ. ജോമോൻ താണിക്കൽ – സഹവികാരി തിരൂർ; സാധുത 2025 മെയ് 21 മുതൽ.

17. ഫാ. ജിജോ തീത്തായ് CMI – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ചിയ്യാരം ഗലീലി ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

18. ഫാ. ലിൻസ് മേലേപ്പുറം CMI – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ചിയ്യാരം ഗലീലി; സാധുത 2025 മെയ് 21 മുതൽ.

19. ഫാ. സനൽ മാളിയേക്കൽ – ബലിയർപ്പണം വിജയമാത കൂടി; സാധുത 2025 മെയ് 21 മുതൽ.

20. ഫാ. ഹാഡ്ലി നീലങ്കാവിൽ – കപ്ലോൻ സി. എസ്. സി. കൊക്കാല കൂടി; ബലിയർപ്പണം പ്രൊഫ. പി. സി. തോമസ് ട്യൂഷൻ സെന്റർ ഒഴിവായി; സാധുത 2025 മെയ് 21 മുതൽ.

21. ഫാ. ഫ്രീജോ പാറക്കൽ – വൈസ് റെക്ടർ മേരിമാത സെമിനാരി ഒഴിവായി; സാധുത 2025 മെയ് 22 മുതൽ.

22. ഫാ. സജി കണയാങ്കൽ CST– വൈസ് റെക്ടർ മേരിമാത സെമിനാരി കൂടി; സാധുത 2025 മെയ് 22 മുതൽ.

23. ഫാ. ജോഷി ആളൂർ – നടത്തുവികാരി പതിയാരം കൂടി; സാധുത 2025 മെയ് 15 മുതൽ.

24. ഫാ. ഷോജോ മഞ്ഞടിക്കൽ SDV– സഹായി എരുമപ്പെട്ടി; സാധുത 2025 മെയ് 27 മുതൽ.

25. ഫാ. ബിനേഷ് മാങ്കൂട്ടത്തിൽ ISch– ബലിയർപ്പണം സി. എം. സി. പറപ്പൂർ; സാധുത 2025 ജൂൺ 01 മുതൽ.

26. ഫാ. ജെറിൻ നടുത്തുണ്ടത്തിൽ MSJ– ജൂബിലി മിഷൻ പാസ്റ്ററൽ കെയർ ടീം അംഗം ഒഴിവായി; സാധുത 2025 മെയ് 31 മുതൽ.

27. ഫാ. അജോ വടക്കേട്ട് MSJ– ജൂബിലി മിഷൻ പാസ്റ്ററൽ കെയർ ടീം അംഗം; സാധുത 2025 മെയ് 31 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

**JULY 2025**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1-4 | Tue-Fri | | @ Ruhalaya Major Seminary, Ujjain |
| 5 | Sat | Morning | Jubilee of Nirmaladasi sisters @ Mulayam Parish Church |
| 6 | Sun | | Catechism Teachers' Seminar @ DBCLC |
| 7 | Mon | | Ongoing Formation |
| 9 | Wed | Morning | Holy Mass @ Minor Seminary |
| 10 | Thu | Morning | Meeting: Jyothi Governing Body |
| | | Afternoon | Meeting: Jyothi Trust |
| 11 | Fri | Afternoon | Presbyteral Council |
| | | Evening | Inauguration of Young Teachers Course @ DBCLC |
| 12 | Sat | Morning | Jubilee for Religious @ DBCLC |
| 14 | Mon | Morning | Holy Mass @ Kurumal Retreat Centre, Gagultha (Retreat of Sacristans) |
| 16 | Wed | | Ongoing formation |
| 17 | Thu | Morning | Conferring the Order of Diaconite @ Trinity Ashram, Laloor |
| 18 | Fri | Evening | Inauguration of Chrisform (second batch) @ DBCLC |
| | | Evening | JMMC Trust meeting |
| 19 | Sat | Morning | Benefactors' Meet @ Marymatha Seminary |
| | | Afternoon | Social Institutions Directors' Meeting |
| 20 | Sun | Evening | Youth Convention @ Divine Retreat Centre |

| | | | |
|---|---|---|---|
| 21 | Mon | Morning<br>Afternoon | Pro life meeting<br>Meeting of the Directors of Educational and Healthcare Institutions |
| 25 | Fri | Morning | Vianney Day and Jubilee Mass @ Minor Seminary |
| 26 | Sat | Morning | Concluding Ceremony of the Platinum Jubilee of the Eparchy of Palai |
| 27 | Sun | Afternoon | Archdiocesean Level Ignatius Loyola Day @ Chovvur Parish |
| 29 | Tue | Morning<br>Afternoon | Consultors' Meeting<br>Institution Directors Meeting |

## ENGAGEMENTS

### JULY 2025

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 02 | Wed | Morning | Meeting of Vicars who have assistants |
| 03 | Thu | Evening | Ecumenical meeting and St. Thomas day@ SMMS |
| 05 | Sat | Morning | Baptism of Fifth Child @ Nellikkunnu<br>Convocation Ceremony @ STC<br>Kudumbakoottayama Merit Day @ FAC<br>Pastoral Visit Eve : Parappur |
| 06 | Sun | Morning | Pastoral Visit @ Parappur |
| 07 | Mon | Morning | Parappur : Mass with the Religious<br>Ongoing formation for Priests |
| 10 | Thu | Morning | H. Mass @ MMMS<br>Joythi governing body meeting |

| | | | |
|---|---|---|---|
| | | Evening | Jyothi Trust Meeting |
| 11 | Fri | Afternoon | Presbyteral Council |
| 12 | Sat | Morning | Religious Jubilee @ DBCLC |
| | | Evening | 50 th Jubilee @ Olarikkara |
| 13 | Sun | Morning | Holy Mass for Young teachers @ DBCLC |
| | | Evening | Teachers seminar inauguration @ DBCLC |
| | | | Palyur Feast & Common Baptism |
| 14 | Mon | Morning | Ongoing Formation for Priests |
| | | | Convocation ceremony at STC |
| | | Evening | Editorial Meeting of Catholicasabha |
| 15 | Tue | Morning | Convocation at STC |
| | | Evening | STC Trust meeting |
| 16- 17 | | | Mangalapuzha Commission visit |
| 18 | Fri | Morning | Holymass @ Spiritual Animation Centre |
| 19- 28 | | | Engaged |
| 29 | Tue | Morning | Consultors Meeting |
| | | Evening | Institution Director’s Meeting |

"അവിശ്വാസിയാകാതെ
വിശ്വാസിയായിരിക്കുക
(യോഹ 20, 27)"



# നാളാഗമം

## മെയ് 2025

1. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് പുതുക്കാട് വച്ച് നടന്ന മെയ്ദിന വിശുദ്ധ കുർബാനക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും അതിനുശേഷം നടന്ന യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വൈകിട്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് വിമല കോളേജിൽ വച്ച് നടന്ന 'ജംസ് പ്രൊജക്റ്റ്' ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിന്റെ ഹോം ഡേ ദിനാഘോഷങ്ങളിൽ ബഹുമാനപ്പെട്ട വൈദികരോടൊപ്പം പങ്കുചേർന്നു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കുരിയച്ചിറ ദൈവാലയത്തിൽ ആഘോഷമായ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ബസിലിക്ക ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു.
2. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ആമ്പല്ലൂരിലെ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ മാർ

ആൻഡ്രൂസ് താഴത്തു പിതാവ് ഫോർമേറ്റർസ് മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ഉച്ചകഴിഞ്ഞ് കൺസൽട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ബിഷപ്പ് ഹൗസിൽ വെച്ച് സെമിനാരി ഫോർമേറ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കൺസൾട്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം ചേറ്റുപുഴ ദൈവാലയത്തിൽ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു, വിശുദ്ധ ബലി അർപ്പിച്ചു.

3. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ചങ്ങനാശ്ശേരിയിലെ ചെത്തിപ്പുഴ ക്രിസ്തുജ്യോതി കോളേജിൽ വെച്ച് ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മിഷൻ എക്സിബിഷൻ സന്ദർശിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ ആഘോഷമായ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് മരിയാപുരം എം എം ബി ഹൗസിൽ ജൂബിലി പരിപാടികളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതയ്ക്കുവേണ്ടി തിരുവസ്ത്ര സ്വീകരണത്തിന് ഒരുങ്ങുന്ന വൈദിക വിദ്യാർഥികളുടെ മാതാപിതാക്കളുമായുള്ള യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം നാട്ടികയിൽ വെച്ച് നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി.

4. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ഡി ബി സി എൽ സി യിൽ വച്ച് നടന്ന അഡ്വാൻസ്ഡ് സി ടി സി കോഴ്സ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് വീണ്ടശ്ശേരി മേരി ഇമ്മാക്കുലേറ്റ് ഇടവക ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മുല്ലക്കര ദൈവാലയത്തിൽ ആഘോഷമായ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

5. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ന്യൂഡൽഹിയിൽ വച്ച് നടന്ന സിബിസിഐ എക്സിക്യൂട്ടീവ്, ലേബർ ഓഫീസ്, ഹെക്മസ് എന്നീ മീറ്റിംഗുകളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് സ്നേഹപുരം ദൈവാലയത്തിൽ വച്ച് നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി. തുടർന്ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് ഫൊറോനാ പ്രൊമോട്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് വടക്കാഞ്ചേരി ഇടവക ദൈവാലയത്തിൽ അൾത്താരസംഘം ഫൊറോനാ ഫോർമേഷൻ ക്യാമ്പിൽ പങ്കെടുത്തു. വൈകുന്നേരം ബസിലിക്ക ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. ജൂബിലി ആഘോഷത്തിന്റെ ഭാഗമായ ആദര

ണീയം പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് പറോക്കിന്റെ നേതൃത്വത്തിലുള്ള ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

6. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് ആക്ടസ്-ന്റെ നേതൃത്വത്തിൽ പൂരപ്രേമികൾക്കായി നടത്തിയ ഭക്ഷണവിതരണത്തിൽ പങ്കെടുത്തു.

7. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കോടന്നൂരിൽ വെച്ച് നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി. വൈകുന്നേരം കാരമുക്ക് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു

8. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ചിറ്റാട്ടുകര ദൈവാലയത്തിൽ വച്ച് നാലാമത്തെ കുട്ടിയുടെ മാമോദീസ നടത്തി. തുടർന്ന് പാലയൂർ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. ശേഷം തൃശൂർ മൈനർ സെമിനാരിയിൽ മേജർ സെമിനാരി കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം ഡി.ബി.സി. എൽ.സി.യിൽ വെച്ച് ഫോർമേഷൻ ക്യാമ്പിൽ പങ്കെടുത്തു.

9. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

7-9 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ബാംഗ്ലൂരിൽ വച്ച് നടന്ന സിബിസിഐ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

10. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് പാലായിൽ വച്ച് നടന്ന മിഷനറിമാരുടെ മഹാസംഗമം ഉദ്ഘാടനം ചെയ്യുകയും ആശംസകൾ നേരുകയും ചെയ്തു. വൈകിട്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് വൈദികവസ്ത്രം സ്വീകരിച്ച തൃശ്ശൂർ അതിരൂപതയിലെ വൈദികാർത്ഥികളെ സന്ദർശിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടന്ന ലോഫിന്റെ വ്രതനവീകരണ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പി സി തോമസ് മാസ്റ്ററിന്റെ ട്യൂഷൻ സെന്ററിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് തൃശൂർ മൈനർ സെമിനാരിയിൽ വച്ച് വൈദിക വിദ്യാർഥികൾക്ക് തിരുവസ്ത്രം നൽകി വിശുദ്ധ ബലിയർപ്പിച്ചു. വൈകുന്നേരം അത്താണി ഗ്രേസ് ഹോമിൽ കുടുംബ ദിനത്തിൽ പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് പാലയൂർ നവീകരിച്ച സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ദൈവാലയം ആശീർ

വദിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ഡി ബി സി എൽ സി യിൽ വച്ച് നടന്ന പ്രിൻസിപ്പൽമാരുടെ യോഗം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് സെന്റ് പീറ്റർ നെഹ്റുനഗർ ഇടവക ദൈവാലയത്തിൽ വച്ച് മിഷിനറീസ് ഓഫ് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് സന്യാസ സമൂഹത്തിലെ ബ്രദേഴ്സിന് ചെറുപട്ട ങ്ങളും ഡീക്കൻ പട്ടവും നൽകി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് വില്ലടം സെന്റ് തോമസ് ഇടവക ദൈവാലയ ത്തിന്റെ സിൽവർ ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് എരുമപ്പെട്ടി ദൈവാലയത്തിലെ ആഘോഷമായ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പോസ്റ്റോ ലിറ്റിൽ വെച്ച് നടന്ന കുടുംബകൂട്ടായ്മ യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം വീണ്ടശ്ശേരി ദൈവാലയത്തിൽ വച്ച് ആദരവ് എന്ന പേരിലുള്ള പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

12. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട മാർ ലെയോ പതിനാലാമൻ പാപ്പയെ സന്ദർ ശിക്കുന്നതിനും സ്ഥാനാരോഹണ ചടങ്ങുകൾക്ക് പങ്കെടു ക്കുന്ന തിനുമായി റോമിലേക്ക് പുറപ്പെട്ടു. അഭിവന്ദ്യ ടോണി നീലങ്കാ വിൽ പിതാവ് രാവിലെ ബസിലിക്ക ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് സി.എം.സി സിസ്റ്റേഴ്സിന്റെ സഭാ വസ്ത്ര സ്വീകരണം കൊട്ടേക്കാട് ദൈവാലയത്തിൽ വച്ച് നടത്തി. ഉച്ചകഴിഞ്ഞ് സെൻറ് തോമസ് കോളേജിൽ വെച്ച് റിട്ടയർ മെന്റായ പ്രിൻസിപ്പൽമാരുടെ 'ആദരണീയം' എന്ന പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് ബഹുമാനപ്പെട്ട ഫ്രാങ്കോ അച്ചന്റെ അമ്മ യുടെ സംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു.

13. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് റോമിൽ വെച്ച് നടന്ന ഓറിയന്റൽ സഭകളുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും സഭാതലവന്മാരോടൊപ്പം വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

14. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് വത്തിക്കാനിൽ, പോൾ ആറാമൻ ഹാളിൽ വച്ച് ഓറിയന്റൽ സഭകൾക്കായുള്ള ജൂബിലിയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിയൻസിൽ പുതിയ തായി തിരഞ്ഞെടുക്കപ്പെട്ട ലെയോ പതിനാലാമൻ മാർപ്പാപ്പയെ സന്ദർശിക്കുകയും പൊന്നാട അണിയിക്കുകയും സമ്മാനം നൽകുകയും ഇന്ത്യ സന്ദർശനത്തിനുള്ള സിബിസിഐ പ്രസി ഡന്റ് എന്ന നിലയിലുള്ള ഔദ്യോഗിക ക്ഷണക്കത്ത് നൽകുകയും

ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഡി.ബി. സി.എൽ.സി.യിൽ നടന്ന ഫോർമേഷൻ ക്യാമ്പിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് മണ്ണുത്തിയിലുള്ള സമരിറ്റൻ സിസ്റ്റേഴ്സിന്റെ പുതിയ കോൺവെന്റ് ആശിർവദിച്ചു.

15. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മരിയാപുരം ദൈവാലയത്തിൽ വെച്ച് അഞ്ചാമത്തെ കുട്ടിയുടെ മാമോദിസക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപത ഫൊറോന വികാരിമാരുടെ മീറ്റിംഗ് ആർച്ച്ബിഷപ്പ് ഹൗസിൽ വച്ച് നടത്തി. വൈകുന്നേരം അതിരൂപത ദിനത്തോടനുബന്ധിച്ചുള്ള ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടന പ്രസംഗം കണ്ടശാംകടവ് ദൈവാലയത്തിൽ വെച്ച് നടത്തി.

16. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് രാവിലെ മൈനർ സെമിനാരി പരിശീലകരുടെയും വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെയും മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് മരണമടഞ്ഞ പ്രിയ ബഹുമാനപ്പെട്ട ലിയോ പുത്തൂരച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

    അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് വൈകീട്ട് മേരിമാതാ മേജർ സെമിനാരിയിൽ വച്ച് നടന്ന 'ചോസൺ' എന്ന യുവജന ധ്യാനം ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് ബഹുമാനപ്പെട്ട ലിയോ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വൈകുന്നേരം മേരി മാതാ സെമിനാരിയിൽ വച്ച് യുവജന ധ്യാനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

17. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന മർത്താ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിന്റെ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഫ്രാൻസിസ്കൻ സിസ്റ്റേഴ്സിന്റെ അസീസ്സി ഭവനിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് മൗണ്ട് കാൽവരി സിസ്റ്റേഴ്സ് ചേറൂർ ഉള്ള കോൺവെന്റിൽ വെച്ച് സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാനത്തിന് നേതൃത്വം നൽകി.

18. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ഔദ്യോഗികമായി സ്ഥാനാരോഹണം നടത്തുന്ന മാർ ലെയോ പതിനാലാമൻ മാർപാപ്പയെ അനുസ്മരിച്ചുകൊണ്ട് കൃതജ്ഞത ദിവ്യബലി ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ അർപ്പിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് പ്ലസ് വൺ, പ്ലസ് ടു വിശ്വാസ പരിശീലക അധ്യാപകരുടെ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന തൃശ്ശൂർ അതിരൂപതയിലെ ആഘോഷപൂർവ്വകമായ ദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികൾക്കായുള്ള 'എയ്ഞ്ചലോസ്' സംഗമത്തിൽപങ്കെടുക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് വൈകീട്ട് കണ്ടശാങ്കടവ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന അതിരൂപതാദിനത്തിന് ഒരുക്കമായുള്ള കൺവെൻഷന്റെ സമാപന ചടങ്ങുകളിൽ പങ്കെടുത്തു സന്ദേശം നൽകി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മേരി മാതാ സെമിനാരിയിൽ വെച്ച് യുവജന ധ്യാനത്തിന് വേണ്ടിയുള്ള വിശുദ്ധ ബലി അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് പ്ലസ് വൺ, പ്ലസ് ടു അധ്യാപകരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഈ വർഷത്തെ ആദ്യകുർബാന സ്വീകരണം നടത്തിയ കുട്ടികൾക്കായുള്ള 'എയ്ഞ്ചലോസ്' എന്ന പരിപാടിയിൽ പങ്കെടുത്തു.

19. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ആബാ ധ്യാനകേന്ദ്രത്തിൽ പ്രാർത്ഥനയ്ക്കായി സമയം ചെലവഴിച്ചു. തുടർന്ന് മേരി മാതാ സെമിനാരിയിൽ ഉപകാരികൾക്കായുള്ള സംഗമത്തിൽ പങ്കെടുത്തു.

20. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ബോൺ നത്താലെയുടെ ഭാഗമായി പുത്തൂരിൽ നിർമ്മിച്ചു നൽകിയ കാരുണ്യ ഭവനത്തിന്റെ വെഞ്ചിരിപ്പ് നിർവഹിച്ചു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാർ കണ്ടശ്ശാംകടവ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന അതിരൂപതാദിന ആഘോഷങ്ങളിൽ പങ്കെടുത്തു.

21. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് അവിണിശ്ശേരി ദൈവാലയത്തിൽ വച്ച് നാലാമത്തെ കുട്ടിയുടെ മാമ്മോദിസ നടത്തി. പുതുശ്ശേരി ദൈവാലയത്തിന്റെ കട്ടിളവെപ്പ് ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

22. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് അത്താണിയിൽ വച്ച് നടന്ന ടിംഹാൻസിന്റെ ക്രിസ്റ്റൽ ജൂബിലി

ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. വൈകിട്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് പറപ്പൂർ സെന്റ് ജോൺ നെപുംസ്യൻ ഫൊറോനാ ദൈവാലയത്തിൽ വച്ച് പുത്തൂർ എയ്ജോ വർഗീസിന്റെയും മീരാ ജോളിയുടെയും അഞ്ചാമത്തേയും ആറാമത്തെയും കുഞ്ഞുങ്ങളുടെ പ്രവേശക കൂദാശ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഗുരുകുലം ഫോർമേഷൻ കഴിഞ്ഞ വൈദികവിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

23. അഭിവന്ദ്യ പിതാക്കന്മാർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ അഡ്വൈസറി ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.
24. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കിഴക്കുംപാട്ടുകര ഉർസുലൈൻ കോൺവെന്റിന്റെ ഗോൾഡൻ ജൂബിലി പരിപാടിയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഡി.ബി.സി.എൽ.സി ബുക്ക് സ്റ്റാൾ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.
25. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് അതിരൂപതയായി ഉയർത്തപ്പെട്ട കോഴിക്കോട് അതിരൂപതയുടെ ആർച്ച്ബിഷപ്പായി സ്ഥാനമേൽക്കുന്ന വർഗീസ് ചക്കാലക്കൽ മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണ ചടങ്ങുകളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കാഞ്ഞാണിയിൽ നവീകരിച്ച മതബോധന ക്ലാസ് റൂമുകൾ ആശിർവദിച്ചു. ഉച്ചകഴിഞ്ഞ് മനക്കൊടി സാവിയോ ഹോമിന്റെ കുടുംബ ദിനത്തിന്റെ ആഘോഷങ്ങളിലും, ജൂബിലി ആഘോഷങ്ങളിലും, പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ബസിലിക്ക ദൈവാലയത്തിൽ വെച്ച് വിവാഹം കഴിഞ്ഞ നവദമ്പതികൾക്കായുള്ള സംഗമത്തിൽ പങ്കെടുത്തു.
26. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ഏനാമ്മാവ് ഔർ ലേഡി ഓഫ് കാർമൽ ഇടവക ദൈവാലയത്തിൽ വച്ച് നടന്ന ബഹുമാനപ്പെട്ട ജോൺ കിടങ്ങനച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ബോൺ നത്താലെയുടെ ഭാഗമായി മനക്കൊടിയിൽ നിർമ്മിച്ചു നൽകിയ കാരുണ്യ ഭവനത്തിന്റെ വെഞ്ചിരിപ്പ് നിർവഹിച്ചു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ബഹുമാനപ്പെട്ട ജോബ് പടയാട്ടിലച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് വൈകീട്ട് മേരിമാതാ സെമിനാരിയിൽ വച്ച് നടന്ന സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മഞ്ഞക്കുന്ന് ഉർസുലൈൻ

കോൺവെന്റിൽ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് ബഹുമാനപ്പെട്ട ജോബ് പടയാട്ടിലെ അച്ചന്റെ അപ്പച്ചന്റെ മൃത സംസ്കാരങ്ങൾക്ക് നേതൃത്വം നൽകി. വൈകുന്നേരം മേരി മാതാ സെമിനാരിയിൽ വെച്ച് സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുത്തു.

27. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് രാവിലെ ലിറ്റിൽ ഫ്ളവർ ഒളരിക്കര ഇടവക ദൈവാലയത്തിൽ വച്ച് നടന്ന കല്ലറക്കൽ ബിജോയ്-ബിൻസി ദമ്പതികളുടെ ആറാമത്തെ കുഞ്ഞിന്റെ പ്രവേശക കൂദാശ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹച്ചു.

28. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് സിൽവർ ജൂബിലി, നിത്യവ്രത വാഗ്ദാനം നടത്തുന്ന ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് എലിസബത്ത് സന്യാസ സമൂഹത്തിലെ സിസ്റ്റേഴ്സിനു വേണ്ടിയുള്ള  കൃതജ്ഞത ബലിയർപ്പിക്കുകയും മറ്റ് ശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു. തുടർന്ന് പുതിയതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് കർമ്മവും നിർവഹിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ചേരുംകുഴി ഇടവകയിൽ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. പുതിയ ഭവനം ആശിർവദിച്ചു.

29. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ഫൊറോന വികാരിമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

30. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ വച്ച് തൃശ്ശൂർ അതിരൂപത കെസിവൈഎം ന്റെയും  ദീപികയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ജോബ് ഫെയർ എന്ന പരിപാടി ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാർ 2024 ബോൺ നത്താലെ കമ്മിറ്റിയുടെ സമാപന യോഗത്തിൽ പങ്കെടുത്തു.

31. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ചങ്ങനാശ്ശേരി കത്തീഡ്രൽ  ദൈവാലയത്തിൽ കുരിയാളശ്ശേരി പിതാവിന്റെ അനുസ്മരണാർത്ഥം ബലിയർപ്പിച്ചു.

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ബഹുമാനാർത്ഥം നടത്തി വരുന്ന ജൂൺ മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണം അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ ഇടവക ദൈവാലയത്തിൽവെച്ച് ആചരിച്ചു. ഷേൺസ്റ്റാട്ട് സന്യാസ വൈദികനായ ബഹു. ഫാ. ഷിജോ പൊട്ടത്തപറമ്പിലാണ് വിശുദ്ധ ബലിക്ക് മുഖ്യകാർമ്മികനായത്. വരടിയത്തുള്ള സാൻതോം മിഷൻ ഹൗസിലെ ചാരിറ്റി സിസ്റ്റേഴ്സാണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കിയത്. വരടിയം സെന്റ് ആന്റണീസ് ഇടവകയിൽനിന്നുള്ള വിശ്വാസികളും അവരോടൊപ്പം ഉണ്ടായിരുന്നു. ചാരിറ്റി സന്യാസിനീ സമൂഹത്തിന്റെ ഗാസിയാബാദ് ആസ്ഥാനമായ സാൻതോം മിഷൻഹൗസായ പ്രൊവിൻസാണ് ഈ മാസത്തെ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്. കനത്ത മഴയെ അവഗണിച്ചും മറ്റു സ്ഥലങ്ങളിൽനിന്ന് ധാരാളം

വിശ്വാസികളും ചടങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി.

സ്വന്തം ആത്മാവിന്റേയും മറ്റുള്ളവരുടെയും ആത്മരക്ഷയ്ക്കു വേണ്ടി തീക്ഷ്ണതയോടെ പ്രവർത്തിച്ച വ്യക്തിയാണ് നമ്മുടെ ഈ പുണ്യപിതാവ്. ഇത് അദ്ദേഹത്തെ ക്രിസ്തുവിനോട് കൂടുതൽ അടുപ്പിച്ചു. ക്രിസ്തുവിനെ അറിയുന്നതിനുവേണ്ടി ബാക്കിയുള്ളവ യെല്ലാം ഉച്ഛിഷ്ടം പോലെ അദ്ദേഹം കരുതി. ജീവിതത്തിൽ നഷ്ട പ്പെട്ടതെല്ലാം മറ്റുള്ളവർക്ക് അനുഗ്രഹമാക്കി നൽകുന്ന വ്യക്തിത്വ മായിരുന്നു അച്ചന്റേത്. സ്വന്തം ആത്മാവിനേയും മറ്റുള്ളവരുടെ ആത്മാക്കളെയും രക്ഷിക്കാൻവേണ്ടി ഈ ധന്യപിതാവ് കഷ്ടപ്പെ ട്ടിട്ടുണ്ട്. സ്വന്തം ആത്മരക്ഷയ്ക്കായി, മറ്റുള്ളവരുടെ മുമ്പിൽ വിഡ്ഢി യായി തീരുന്നതിൽ അദ്ദേഹം സങ്കടപ്പെട്ടില്ല. തന്റെ അനാഥത്വമോ, ദാരിദ്ര്യാവസ്ഥയോ മറ്റുള്ളവരുടെ മുമ്പിൽ ഈ പുണ്യപിതാവ് മറച്ചുവെച്ചില്ല. താൻ എന്തായിരിക്കുന്നുവോ അത് ക്രിസ്തുവിന്റെ മുമ്പിലും മനുഷ്യരുടെ മുമ്പിലും പ്രഘോഷിക്കുവാൻ സദാ തയ്യാ റായി. അധികാരികളുടെ മുമ്പിൽ തന്റെ കുറവുകൾ ഏറ്റുപറഞ്ഞ് അവ തിരുത്തുവാൻ പരിശ്രമിച്ചു. അങ്ങനെ അപരന്റെ സന്തോഷ ത്തിനും രക്ഷയ്ക്കുമായി എപ്പോഴും തന്നെത്തന്നെ എളിമപ്പെടുത്തു കയും ചെയ്തു. ഇങ്ങനെ ആത്മാക്കളെ രക്ഷിക്കണമെങ്കിൽ നമ്മളും നമ്മുടെ ആത്മാവിനെ ആദ്യം രക്ഷിക്കണം; ക്രിസ്തുവിനുവേണ്ടി സമർപ്പിച്ചിരിക്കണം. അതിന് ഈ ചെറിയ ഇടയൻ വലിയ ഇടയ നെപ്പോലെ പ്രവർത്തിച്ചത് നമുക്കും മാതൃകയാകട്ടെ.

ബഹു. ഡീക്കൻ ആക്ടൻ പല്ലിശ്ശേരി ഈ മാസത്തെ നിയോഗ ങ്ങളും കൃതജ്ഞതകളും വായിച്ചു. ചൊവ്വന്നൂർ ഇടവകാംഗമായ വടക്കൻ റോസിലി ലൂയിസ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാധ്യസ്ഥം വഴി തനിക്ക് ലഭിച്ച അനുഗ്രഹം സാക്ഷ്യപ്പെടുത്തി. ബഹു. ഫാ. ജോൺ കിടങ്ങൻ എല്ലാവർക്കും നന്ദികളർപ്പിക്കുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ചേലക്കരയുടെ പ്രേഷിതനായ ദൈവദാസൻ തച്ചുപറമ്പിൽ ബഹുമാനപ്പെട്ട അന്തോണിയച്ചന്റെ 62-ാമത് ശ്രാദ്ധം വളരെ ഭക്തിനിർഭരമായി ആചരിച്ചു. ഏപ്രിൽ ആദ്യ ഞായറാഴ്ചതന്നെ ശ്രാദ്ധത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ചേലക്കര ഫൊറോന കൗൺസിൽ വിളിച്ചുകൂട്ടിയാണ് 20 കമ്മിറ്റികൾ രൂപീകരിച്ചത്. ഫൊറോനായിലെ എല്ലാ ഇടവകകളിൽ നിന്നും കമ്മിറ്റികളിൽ അംഗങ്ങൾ ഉണ്ടായിരുന്നു. ചേലക്കര ഇടവകാംഗം ശ്രീ. തോമസ് പാറേക്കാടൻ ആയിരുന്നു ജനറൽ കൺവീനർ.

ജൂൺ 1 ഞായറാഴ്ച രാവിലെ 6.45ന് തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ വിശുദ്ധ കുർബാനയോടെയാണ് ശ്രാദ്ധത്തിന്റെ തിരുക്കർമ്മങ്ങൾ ആരംഭിച്ചത്. അന്തോണിയച്ചൻ ചേലക്കരയിൽ വന്ന കാലഘട്ടം, അദ്ദേഹത്തിന്റെ പ്രവർത്തനശൈലി, ഇന്നു കാണുന്ന ചേലക്കരയുടെ വളർച്ചയിലേക്കുള്ള അന്തോണിയച്ചന്റെ പ്രേഷിത പ്രവർത്തനം തുടങ്ങിയവയെപ്പറ്റി അദ്ദേഹം പ്രസംഗിച്ചു.

അന്നേ ദിവസം ശ്രാദ്ധത്തിന്റെ വിളംബരമായ പദയാത്രക്ക് വികാരി ജനറൽ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ,

വൈസ് പോസ്റ്റുലേറ്റർ ഫാ. പോൾ പുളിക്കൻ, ചേലക്കര ഫൊറോന വികാരി ഫാ. ജയ്സൺ പുലിക്കോട്ടിൽ, ഫൊറോന കൗൺസിൽ സെക്രട്ടറി അഖിൽ ജോസ് എന്നിവർ നേതൃത്വം നല്കി. ഉച്ചകഴിഞ്ഞ് 3 മണിക്ക് മുള്ളൂർക്കര പള്ളിയിൽ നടന്ന വിശുദ്ധ കുർബാനയെ തുടർന്ന് ഫാ. ഷിജു ചിറ്റിലപ്പള്ളി പദയാത്ര ഫ്ളാഗ് ഓഫ് ചെയ്തു.

തുടർന്നുള്ള ദിവസങ്ങളിൽ ഫാ. വർഗീസ് തരകൻ (വടക്കാഞ്ചേരി), ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് (അതിരൂപതാ പ്രൊക്കുറേറ്റർ), ഫാ. സെബി പുത്തൂർ (പറപ്പൂർ), ഫാ. വിൻസെന്റ് ചെറുവത്തൂർ (പഴുവിൽ), ഫാ. ജോജു പനക്കൽ (പുത്തൂർ), ഫാ. ഡേവിസ് കണ്ണമ്പുഴ (പാലയൂർ), ഫാ. പോൾ പുളിക്കൻ (വൈസ് പോസ്റ്റുലേറ്റർ) എന്നിവർ വി.കുർബാനക്ക് നേതൃത്വം നല്കി. വൈകിട്ട് 5.30ന് നടന്ന വി. കുർബാനയിൽ ഓരോ ദിവസവും വളരെപ്പേർ പങ്കെടുത്തു.

ശ്രാദ്ധ ദിനമായ ജൂൺ 9 തിങ്കളാഴ്ച ആഘോഷമായ വി. കുർബാനക്ക് പാലക്കാട് രൂപതാദ്ധ്യക്ഷൻ പിതാവ് അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ നേതൃത്വം നല്കി. ഫാ. സെബാസ്റ്റ്യൻ ചാലക്കൽ, ഫാ. പോൾ പുളിക്കൻ, ഫാ. ജോയൽ ചെറുവത്തൂർ, ഫാ. സിന്റോ ചാലിശ്ശേരി തുടങ്ങിയവർ സഹകാർമ്മികരായി. വചന സന്ദേശം നല്കിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ചാലക്കലച്ചൻ അന്തോണിയച്ചന്റെ ജീവിതത്തിന് ഇന്നത്തെ പ്രസക്തി എപ്രകാരമാണെന്ന് മനോഹരമായി അവതരിപ്പിച്ചു. അന്തോണിയച്ചൻ തന്റെ ദൈവവിളി തിരിച്ചറിഞ്ഞതും അതു ധീരമായി ജീവിച്ചതും വിശദീകരിച്ചതോടൊപ്പം കുടുംബത്തിലെ ഏറ്റവും കഴിവുറ്റ മകനെ ദൈവത്തിനു നല്കി വൈദികനാകാൻ അനുവദിച്ച മാതാപിതാക്കളുടെ ത്യാഗത്തെയും അദ്ദേഹം എടുത്തു പറഞ്ഞു. അന്തോണിയച്ചന് പിൻതുടർച്ചക്കാരുണ്ടാകാൻ ഇന്നത്തെ മാതാപിതാക്കൾ എടുക്കേണ്ട ധീരമായ നിലപാടിനെപ്പറ്റിയും അദ്ദേഹം സംസാരിച്ചു. വിശുദ്ധ കുർബാനക്ക് സഹകാർമ്മികനായ ഫാ. സിന്റോ ചാലിശ്ശേരി അന്തോണിയച്ചന്റെ അടുത്ത ബന്ധുവാണ്. വിശുദ്ധ കുർബാനക്കു ശേഷം നടന്ന ശ്രാദ്ധ ഊട്ട് അന്തോണിയച്ചന്റെ ജന്മസ്ഥലമായ കോട്ടാറ്റ് ഇടവകയുടെ വികാരി ഫാ. ജോയൽ ചെറുവത്തൂർ ആശീർവദിച്ചു. തൃശൂർ അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നും കോട്ടാറ്റ് ഇടവകയിൽ നിന്നുമുള്ള വിശ്വാസികളും ചേലക്കര ഫൊറോനയിലെ വൈദികരും സന്യസ്തരുമടക്കം വളരെപ്പേർ ശ്രാദ്ധ ആചരണത്തിനെത്തിയിരുന്നു. ശ്രാദ്ധത്തിന്റെ ഭാഗമായി 75 ഡയാലിസിസിനുള്ള (75000 രൂപ) തുക സംഭാവന ചെയ്തു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




ഫാ. സീജൻ ചക്കാലക്കൽ 02
ഫാ. സിജോ ചെറുവത്തൂർ 02
ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ 02
ഫാ. ടോണി വാഴപ്പിള്ളി 06
ഫാ. പോൾ ചിറ്റിലപ്പിള്ളി 08
ഫാ. ലിബിൻ ചെമ്മണ്ണൂർ 09
ഫാ. ജസ്റ്റിൻ തേക്കാനത്ത് 09
ഫാ. ജെയ്സൻ വട്ടനിരപ്പേൽ 10
ഫാ. ഫിനോഷ് കീറ്റിക്ക 11
ഫാ. ജോൺ അയ്യങ്കാനയിൽ 12
ഫാ. ഫ്രെജോ വാഴപ്പിള്ളി 12
ഫാ. സജു വടക്കേത്തല 13
ഫാ. ജോസ് വട്ടക്കുഴി 13
ഫാ. ജോഫി ചിറയത്ത് 16
ഫാ. ആന്റണി മേച്ചേരിപ്പിടി 16
ഫാ. പോൾസൺ പാലത്തിങ്കൽ 16
ഫാ. റെന്നി മുണ്ടൻകുരിയൻ 19
ഫാ. പോൾ പുളിക്കൻ 19
ഫാ. ആന്റണി തേക്കാനത്ത് 19
ഫാ. ജോജു ചിരിയങ്കണ്ടത്ത് 20
ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് 20
ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ 20
ഫാ. ഫ്രാൻസിസ് പുത്തൂക്കര 20
ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ 21
ഫാ. ജോൺ കിടങ്ങൻ 22
ഫാ. ഷാജൻ തേർമഠം 22
ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി 24
ഫാ. ജിന്റോ കുറ്റിക്കാട്ട് 25
ഫാ. ആന്റണി ചെമ്പകശ്ശേരി 26
ഫാ. തോമസ് കാക്കശ്ശേരി 27
ഫാ. ബിജു ആലപ്പാട്ട് 28




ഫാ. തോമസ് ചക്കുംപീടിക 03
ഫാ. പ്രിൻസ് ചെറുതാണിക്കൽ 03
ഫാ. ക്രിസ്റ്റീൻ ചിറമ്മൽ 03
ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് 03
ഫാ. തോമസ് ചൂണ്ടൽ 03
ഫാ. തോമസ് എടക്കളത്തൂർ 03
ഫാ. തോമസ് കാക്കശ്ശേരി 03
ഫാ. ടോണി തോമസ് കാക്കശ്ശേരി 03
ഫാ. സെബി കാഞ്ഞിരത്തിങ്കൽ 03
ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ 03
ഫാ. ഫിനോഷ് കീറ്റിക്ക 03
ഫാ. ബെന്നി കിടങ്ങൻ 03
ഫാ. ജിസോ കുറ്റിക്കാട്ട് 03
ഫാ. മേജോ മരോട്ടിക്കൽ 03
ഫാ. ടിജോ മുള്ളക്കര 03
ഫാ. ബ്രിൽവിൻ ഒലക്കേങ്കിൽ 03
ഫാ. ജോബ് പടയാട്ടിൽ 03
ഫാ. തോമസ് പൂപ്പാടി 03
ഫാ. തോമസ് ഊക്കൻ 03
ഫാ. തോമസ് വടക്കേത്തല 03
ഫാ. തോമസ് വടക്കൂട്ട് 03
ഫാ. ജെയ്സൻ വട്ടനിരപ്പേൽ 03
ഫാ. റോയ് വേളക്കൊമ്പിൽ 03
ഫാ. തോമസ് വേലൂക്കാരൻ 03
ഫാ. ജിയോ വേലൂക്കാരൻ 03

| | |
|---|---|
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 18 |
| ഫാ. നോബിൾ പെട്ടയിൽ | 20 |
| ഫാ. ജോയി അടമ്പുകുളം | 25 |
| ഫാ. ഡെറിൻ അരിമ്പൂർ | 25 |
| ഫാ. ജാക്സൻ ചാലക്കൽ | 25 |
| ഫാ. ചാക്കോ ചിറമ്മൽ | 25 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 25 |
| ഫാ. ജിമ്മി കള്ളിങ്കൽക്കുടിയിൽ | 25 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. അനീഷ് കൂത്തൂർ വെള്ളാട്ടുകര | 25 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 25 |
| ഫാ. ഷിജോ പള്ളിക്കുന്നത്ത് | 25 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 25 |
| ഫാ. സൈജോ തൈക്കാട്ടിൽ | 25 |
| ഫാ. സിന്റോ തൊറയൻ | 25 |
| ഫാ. സജു വടക്കേത്തല | 25 |
| ഫാ. ജെയിംസ് വടക്കൂട്ട് | 25 |
| ഫാ. ട്രെജിൻ തട്ടിൽ വെള്ളാനി | 28 |
| ഫാ. സീജൻ ചക്കാലക്കൽ | 31 |
| ഫാ. മിഥുൻ ചുങ്കത്ത് | 31 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 31 |
| ഫാ. ക്രിസ്റ്റോ തേക്കാനത്ത് | 31 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 31 |

## ചരമദിനങ്ങൾ
## DEATH DAY

| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05.07.1915 |
| ഫാ. ജോസഫ് പുത്തൂർ | 18.07.1944 |
| ഫാ. ജോർജ്ജ് എളങ്കുന്നപ്പുഴ | 23.07.1945 |
| ഫാ. ഗ്രൂസ് പാനികുളം | 09.07.1948 |
| ഫാ. കുരിയൻ വാഴപ്പിള്ളി | 08.07.1950 |
| ഫാ. ജോസഫ് തെക്കൂടൻ | 11.07.1953 |
| ഫാ. ജോസഫ് പറമ്പൻ | 27.07.1961 |
| ഫാ. ആന്റണി അക്കര സീനിയർ | 16.07.1971 |
| ഫാ. ജോർജ്ജ് തട്ടിൽ | 22.07.1971 |
| ഫാ. പോൾ അരിക്കാട്ട് സീനിയർ | 07.07.1973 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12.07.1974 |
| ഫാ. ആന്റണി തേലപ്പിള്ളി | 28.07.1974 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13.07.1975 |
| ഫാ. ജേക്കബ് ബ്രഹ്മകുളം | 18.07.1977 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28.07.1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31.07.1985 |
| ഫാ. ജോസഫ് ചാലക്കൽ | 22.07.1993 |
| ഫാ. ജോൺ ആലപ്പാട്ട് | 09.07.1995 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 31.07.1995 |
| ഫാ. ജോസഫ് വടക്കൂട്ട് | 18.07.1997 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14.07.2000 |
| ഫാ. ജോസഫ് ചുങ്കത്ത് ജൂനിയർ | 18.07.2000 |
| ഫാ. സൈമൺ എടക്കളത്തൂർ | 31.07.2005 |
| ഫാ. ചാൾസ് ചുങ്കത്ത് | 05.07.2010 |
| ഫാ. ജൈൽസ് ചേറ്റുപുഴക്കാരൻ | 27.07.2017 |
| മോൺ. കാക്കശ്ശേരി ജോസഫ് | 20.07.2021 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**സി.എം.സി.**

മെയ് 2ന് ട്രാൻസ്ഫർ ഉള്ള സിസ്റ്റേഴ്സ് തങ്ങളുടെ പുതിയ മഠങ്ങളിലേക്ക് സ്ഥലം മാറി പോയി. മെയ് 4-ാം തിയതി 6 കാൻഡിഡേറ്റ്സ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ആസ്പിരൻസിയിൽ പ്രവേശിച്ചു. മെയ് 5-10 തിയതികളിൽ മുള്ളൂർക്കര കാർമൽ മൗണ്ട് കോൺവെന്റിൽ വെച്ച് ജൂനിയർ സിസ്റ്റേഴ്സിന് കോഴ്സ് നടത്തി. മെയ് 12-ാം തിയതി കൊട്ടേക്കാട് ഫൊറോനദേവാലയത്തിൽ വെച്ച് അഭിവന്ദ്യ മാർ ടോണി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലി മദ്ധ്യേ 3 സന്യാസ അർത്ഥിനികൾ തങ്ങളുടെ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തി. മെയ് 16 മുതൽ 22 വരെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് Rev. Fr. Martin Antony OCD നയിച്ച വാർഷിക ധ്യാനത്തിൽ 80 സിസ്റ്റേഴ്സ് പങ്കെടുത്ത് ആത്മീയ ഉണർവും കരുത്തും നേടി.

ആലുവ ജനറലേറ്റിൽ വച്ച് നടന്ന 25 ദിവസത്തെ സിൽവർ ജൂബിലി കോഴ്സിനുശേഷം 9 സിസ്റ്റേഴ്സ് ആത്മാവിന്റെ പുത്തൻ അഭിഷേകത്തോടെ തിരിച്ചെത്തി. സർക്കാർ ജോലികളിൽ കത്തോലിക്കരുടെ പ്രാതിനിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന Project GEMS ന്റെ 4 Days Camp ചേറൂർ വിമല കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി.

എവുപ്രാസ്യ തീർഥകേന്ദ്രത്തിൽ മെയ് 24 ന് വി. കുർബാനയോടുകൂടി വി. എവുപ്രാസ്യ വ്രതം ചെയ്തതിന്റെയും മഠസ്ഥാപനത്തിന്റെയും 125-ാം വാർഷികം ആഘോഷിച്ചു. മെയ് 26 ന് ആലുവ ജനറലേറ്റിൽ വെച്ച് നടന്ന ആഘോഷമായ ദിവ്യബലി മധ്യേ തൃശൂർ പ്രോവിൻസിൽ നിന്ന് 7 സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം ചെയ്തു. മെയ് 28 ന് സ്കൂൾ സിസ്റ്റർ സ്റ്റാഫിനായി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടന്ന ഒരു ദിവസത്തെ സെമിനാറിൽ 80 സിസ്റ്റേഴ്സ് പങ്കെടുത്തു.

ആലുവ ജനറലേറ്റിൽ നിന്ന് സിസ്റ്റർ സ്റ്റാഫിനായി Fr. Agustin Kallery online Class നൽകി. Income Tax Return file ചെയ്യാൻ സിസ്റ്റേഴ്സിനെ ഒരുക്കുന്നതിനുവേണ്ടി 15 അംഗസമിതി രൂപീകരിക്കുകയും അവർക്ക് Vimala College Commerce professer Mr. Sojan Joseph ക്ലാസ്സ് നൽകുകയും ചെയ്തു. മെയ് 27 ന് കോലഴി പ്രൊവിൻഷ്യൽഹൗസിൽ വെച്ച് പ്ലിനറി മീറ്റിംഗ് നടത്തപ്പെട്ടു. വിവിധ സ്കൂളുകളിലും കോളേജിലുമായി 5 സിസ്റ്റേഴ്സ് പുതുതായി Principal & H.M സ്ഥാനം ഏറ്റെടുത്തു.

**എഫ്.സി.സി**

മേയ് 5 മുതൽ 12 വരെ ബ്രഹ്മകുളം സെന്റ് ജോസഫ്സ് ബോർഡിംഗിൽ നടന്ന ദൈവവിളി ധ്യാനത്തിലും ക്യാമ്പിലും 13 കുട്ടികൾ സംബന്ധിച്ചു. മേയ് 13-ാം തീയതി തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് 9 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയാഘോഷം നടന്നു. അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര കൃതജ്ഞതാബലിയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. മേയ് 15-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമാസിൽവെച്ച് നടന്ന സന്യാസ സമർപ്പണ ജീവിതത്തിന്റെ രജതജൂബിലി ആഘോഷങ്ങളിൽ തൃശൂർ അസ്സീസി പ്രോവിൻസിൻ നിന്നും 9 സിസ്റ്റേഴ്സ്പങ്കെടുത്തു. മേയ് 15 മുതൽ 20 വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടന്ന 18-ാമത് പ്രൊവിൻഷ്യൽ സിനാക്സിസ് - റിന്യൂവൽ സെഷനിൽ 157 സിസ്റ്റേഴ്സ് പങ്കെടുത്തു. മേയ് 20ന്

കണ്ടശാംങ്കടവ് സെന്റ് മേരീസ് നേറ്റിവിറ്റി ഫൊറോന പള്ളിയിൽ വെച്ച് നടന്ന അതിരൂപത ദിനാഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ഫോൺസി മരിയ, സി. രേഖ റോസ് എന്നിവർ സംബന്ധിച്ചു. മേയ് 23 മുതൽ 27 വരെ അസ്സീസി പ്രൊവിൻഷ്യൽവെച്ച് നടന്ന ലോക്കൽ സുപ്പീരിയേഴ്സിനുള്ള ഓറിയന്റേഷൻ പ്രോഗ്രാമിൽ 55 സിസ്റ്റേഴ്സ് സംബന്ധിച്ചു. മേയ് 25 ന് കുട്ടംകുളം ആബ്ബാ കോൺവെന്റിൽ ആരംഭിച്ച come & see ലേയ്ക്ക് 5 അർത്ഥിനികൾ പ്രവേശിച്ചു. മേയ് 26-ാം തീയതി ആലുവ പോർസ്യുങ്കുള ജനറലേറ്റിൽവെച്ച് സീറോ മലബാർ കൂരിയ ബിഷപ്പ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരക്കലിന്റെ കാർമ്മികത്വത്തിൽ നടന്ന നിത്യവ്രതവാഗ്ദാന തിരുകർമ്മങ്ങളിൽവച്ച് തൃശൂർ അസ്സീസി പ്രോവിൻസിൽ നിന്ന് 6 ജൂനിയർ സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം നടത്തി. പിറ്റേന്ന് നടന്ന കൃതജ്ഞതാബലിയ്ക്ക് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൻ കൂനംപ്ലാക്കിൽ മുഖ്യകാർമ്മികത്വം വഹിച്ചു. മേയ് 28-ാം തീയതി പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയ, പ്രൊവിൻഷ്യൽ കൗൺസിലർ ബ. സി. ഉഷസ് ആളൂർ എന്നിവർ ആന്ധ്രമിഷൻ സ്റ്റേഷൻ സന്ദർശിക്കുന്നതിനുമായി പോയി.

**സി.എച്ച്.എഫ്.**

റവ. ഫാ. ടോണി കട്ടക്കയം സിഎസ്എസ്ആർ ന്റെ നേതൃത്വത്തിൽ സി എച്ച് എഫ് നവജ്യോതി പ്രോവിൻസിലെ സൂപ്പീരിയേഴ്സിനും മറ്റു സിസ്റ്റേഴ്സിനുമുള്ള വാർഷിക ധ്യാനം ആരംഭിച്ചു. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിന്റെ അഞ്ചേരി മറിയം ത്രേസ്യ നിലയം കോൺവെന്റിൽ ജൂനിയർ സിസ്റ്റേഴ്സിനുള്ള കോഴ്സ് നടത്തുകയും 25 ജൂനിയർ സിസ്റ്റേഴ്സ് അനിത്യവ്രതം അനുഷ്ഠിക്കുകയും ചെയ്തു. സി എച്ച് എഫ് നവജ്യോതി എജുക്കേഷൻ കോപ്പറേറ്റീവ് ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലും എസ് എസ് എൽ സിയ്ക്ക് 100% വിജയം ലഭിച്ചു. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ നിത്യവ്രതവാഗ്ദാനം നടത്തുന്ന സിസ്റ്റേഴ്സിന്റെ വീടുകളിൽ പ്രൊവിൻഷ്യൽ കൗൺസിൽ പോവുകയും സൗഹൃദം പങ്കിടുകയും ചെയ്തു. കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ തീർത്ഥാടന കേന്ദ്രത്തിൽ വച്ച് ജനറൽ തലത്തിൽ നടന്ന ജൂനിയർ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനം നവജ്യോതി പ്രോവിൻസിൽ നിന്ന് 10 സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം നടത്തുകയും, നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ ഇതിൽ സംബന്ധിക്കുകയും സിസ്റ്റേഴ്സിന് ആശംസകൾ നേരുകയും സമ്മാനങ്ങൾ

നൽകുകയും ചെയ്തു. നിത്യവ്രതവാഗ്ദാനം കഴിഞ്ഞെത്തിയ 10 സിസ്റ്റേഴ്സിന് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകി അനുമോദിച്ചു. സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ മരണമടഞ്ഞ ഫാ. ലിയോ പുത്തൂരിന്റെ പെരിഞ്ചേരിയിലുള്ള ഭവനത്തിൽ വച്ച് നടന്ന മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുക്കുകയും പരേതന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

കുഴിക്കാട്ടുശ്ശേരിയിൽ വി. മറിയം ത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ചു കുഴിക്കാട്ടുശ്ശേരിയിൽ നടന്ന കൃപാഭിഷേക കൺവെൻഷനിൽ എല്ലാ ദിവസവും നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. അന്നേ ദിനം മെറിറ്റ് ഡേ ആഘോഷിച്ച അവസരത്തിൽ എസ് എസ് എൽ സി യിലും പ്ലസ് ടൂവിലും വിവിധ സ്കോളർഷിപ്പുകളിലും വിജയം നേടിയ സ്കൂളുകളെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസ് അനുമോദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. സി എച്ച് എഫിന്റെ സഹസ്ഥാ പകൻ ധന്യൻ ജോസഫ് വിതയത്തിലച്ചന്റെ ജീവിതത്തെ ആസ്പദമാക്കി രണ്ടുദിവസത്തെ ധ്യാനം ഒളരിക്കര പ്രൊവിൻഷ്യൽ ഹൗസ്, ഹോളിഫാമിലി കോൺവെൻറ് തൃശ്ശൂർ, ഹോളിഫാമിലി കോൺവെൻറ് ഒളരിക്കര എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു. നവജ്യോതി കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയിൽ പുതിയ നിയമനം നടത്തുന്നതിലേക്കായി അധ്യാപകർക്കായി പരീക്ഷ സംഘടിപ്പിച്ചു.

**സി. എസ്. എസ്.**

സി. എസ്. എസ്. റിന്യുവൽ ടീമിന്റെ നേതൃത്വത്തിൽ മണ്ണുത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മെയ് 15 മുതൽ 20 വരെയുള്ള തിയതികളിൽ നവീകരണധ്യാനം നടത്തപ്പെടുകയും അതിൽ 55 സഹോദരിമാർ പങ്കെടുക്കുകയും ചെയ്തു. 7 ആസ്പിരൻസ് മെയ് 1 ന് പോസ്റ്റുലൻസിയിൽ പ്രവേശിച്ചു. 2 പോസ്റ്റുലൻസ് മെയ് 6 ന് നൊവിഷ്യേറ്റിൽ പ്രവേശിച്ചു. സീറോമലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസ്സിൽ വെച്ച് 15.05.2025 ന് നടത്തിയ സന്യാസസമർപ്പണ ജീവിതത്തിന്റെ സിൽവർ ജൂബിലി ആഘോഷപരിപാടികളിൽ 4 സിസ്റ്റേഴ്സ് പങ്കെടുത്തു. നവീകരിച്ച സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിന്റെ ഉദ്ഘാടനവും വെഞ്ചിരിപ്പുകർമ്മം മെയ് 14ന് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

സുപ്പീരിയർ ജനറൽസിനായി റോമിൽ വച്ച് നടത്തപ്പെട്ട സമ്മേളന ത്തിൽ സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസ സി. എസ്. എസ്, ജനറൽ കൗൺസിലർ ബഹു. സി. റോസ്മേരി എന്നിവർ പങ്കെടുത്തു. ഇറ്റലി, ജർമ്മനി എന്നിവിടങ്ങളിലുള്ള ഭവനങ്ങളിൽ സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസ കാനോനിക സന്ദർശനം നടത്തി. മെയ് 24 മുതൽ 26 യുള്ള തിയതികളിൽ സ്നേ ഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ജൂണിയർ സിസ്റ്റേഴ്സി നായി സംഘടിപ്പിച്ച കോഴ്സിൽ റവ. ഫാ. സജി വട്ടക്കുളത്തിൽ ക്ലാസ്സിന് നേതൃത്വം നല്കുകയും 33 സിസ്റ്റേഴ്സ് പങ്കെടുക്കുകയും ചെയ്തു.

**എസ്.എ.ബി.എസ്**

ഏപ്രിൽ 2-ാം തിയതി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് Rev Fr Nithin Cherupushpathil MCBS -ന്റെ നേതൃത്വത്തിൽ വാർ ഷിക ധ്യാനം നടത്തി. 9-ാം തീയതി സ്ഥാപക പിതാവിന്റെ കബ റിടപള്ളിയിൽ മൂന്ന് ദിവസത്തെ പ്രാർത്ഥനയിൽ സി. റോസ് ട്രീസാ വെള്ളാട്ടുകുടി, സി. കാതറിൻ അറങ്ങാശ്ശേരി എന്നിവർ പങ്കെടുത്തു. ആസ്പിരൻസും ഡിറക്ട്രസ് സി. സ്റ്റെഫി കണ്ണമ്പുഴയും നെടു പുഴ ജോർദാനിയയിലെ ധ്യാനത്തിൽ സംബന്ധിച്ചു.16-ാം തിയ്യതി മുളയം മേരിമാതാ സെമിനാരിയിൽ നടന്ന Youth Programme ൽ സി. ഹെലൻ ഗ്രേസ് പുത്തൻ പുളിക്കൻ, സി ലിനറ്റ് ചാലയ്ക്കൽ എന്നി വർ പങ്കെടുത്തു.17-ാം തിയതി സ്ഥാപകപിതാവ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരി മെത്രാന്റെ ചരമശതാബ്ദിയോടനുബന്ധിച്ച് ചങ്ങനാശ്ശേരി AKM Public School ൽ ജനറലേറ്റ് തലത്തിൽ നടന്ന പ്രസംഗ മത്സരത്തിൽ Senior Sisters വിഭാഗം Sr. Ann Maria vadassery Ist Prize Dw-candidates -ന്റെ വിഭാഗം Rosemol Joseph 2nd ഉം ഉപ ന്യാസത്തിൽ Sr Rose Thekkekara 2 nd Prize ഉം കരസ്ഥമാക്കി. തൃശ്ശൂർ നിർമലമാതാ സ്ക്കൂളിലെ വിദ്യാർത്ഥിനികൾ വന്ദ്യപിതാവിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി നൃത്തം അവതരിപ്പിച്ചു. 20-ാം തിയ്യതി മുതൽ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ജൂണി യർ സിസ്റ്റേഴ്സിന് ഓറിയന്റേഷൻ പോഗ്രാം നടത്തി. കണ്ടശ്ശാം കടവ് ഫൊറോന സെന്റ് മേരീസ് നേറ്റിവിറ്റി പള്ളിയിൽ വെച്ച് നടന്ന 138-ാം അതിരൂപതാ ദിനത്തിന്റെ പൊതുസമ്മേളനത്തിൽ ബഹു. പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും പങ്കെടുത്തു. 23-ാം തിയ്യതി സുപ്പിരിയേഴ്സിനും ഫിനാൻസ് ഓഫീസേഴ്സിനും ഉള്ള ഓറിയന്റേഷൻ പ്രോഗ്രാം ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. സഹസ്ഥാപക ദൈവദാസി മദർ മേരി ഫ്രാൻസിസ്ക

ദഷന്താളിന്റെ 53-ാമത് ചരമവാർഷികാചരണം എല്ലാ ഭവന സമൂഹങ്ങളിലും സമുചിതമായി ആഘോഷിച്ചു. പോസ്റ്റുലൻസി കാലഘട്ടം പൂർത്തിയാക്കിയ 8 അർത്ഥിനികൾ നെൻമണിക്കര St John Adoration നോവിഷ്യറ്റ് ഹൗസിൽ ജനറൽ കൗൺസിലർ സി. ആൻസി മാപ്പിള പറമ്പിലിന്റെയും പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ മേഴ്സിറ്റ കണ്ണമ്പുഴയുടെയും ടീം അംഗങ്ങളുടെയും സാന്നി ധ്യത്തിൽ തിരുമണിക്കൂറിനുശേഷം നോവിഷ്യറ്റിൽ പ്രവേശിച്ചു. ആസ്പിരൻസി കാലഘട്ടം പൂർത്തിയാക്കി 2 പേർ ഇടുക്കി പ്രൊവിൻ സിൽ പോസ്റ്റുലൻസിയിൽ പ്രവേശിച്ചു. 29-ാം തീയതി ഇയ്യാൽ മേരി മാതാ അഡോറേഷൻ കോൺവെന്റിൽ Rev. Fr. ShantoThalakkottur അർപ്പിച്ച ദിവ്യബലിക്കുശേഷം ഭവനത്തിന്റെ രജത ജൂബിലി ഉദ്ഘാ ടനം ചെയ്തു. ബഹു. പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സുംപങ്കെ ടുത്തു. വി കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകൻ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമ വാർഷികത്തോടനുബന്ധിച്ചുള്ള നവനാൾ ദിനങ്ങളിൽ തൃശ്ശൂർ പ്രോവിൻസ് നേതൃത്വം നൽകിയ ചങ്ങനാശ്ശേരി മൊത്രാപ്പോലീത്തൻ ദേവാലയത്തിലെ മെയ് 31-ാം തിയ്യതിയിലെ വി. കുർബാനയ്ക്കും നവനാൾ പ്രാർത്ഥനക്കും തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യകാർമ്മികത്വം വഹിച്ച് വചന സന്ദേശം നൽകി.

**സി.എസ്.സി**

മരിയഭവൻ ജനറലേറ്റിൽ വച്ച് ഏപ്രിൽ 26-ാം തിയതി ജൂനിയേ ഴ്സ് മീറ്റ് നടത്തുകയും ബഹു. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ ക്ലാസ് നയിക്കുകയും ചെയ്തു. മെയ് 12 മുതൽ 16 വരെ യൂത്ത് മിനിസ്ട്രിയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനായി 5 ദിവസത്ത ട്രെയി നിംങ്ങ് പ്രോഗ്രാം നടത്തി. മെയ് 16,17,18 തീയതികളിൽ പാലാരിവട്ടം പി ഒ സിയിൽ വച്ച് Voice of Nunsന്റെയും Jagratha Commissionന്റെയും നേതൃത്വത്തിൽ സമർപ്പിത ശാക്തീകരണ ത്രിദിന പരിശീലന കളരി യിൽ ബഹു സി. അൻസ് മരിയ പങ്കെടുത്തു. ജൂൺ 2, 3 തീയ്യതിക ളിൽ പാലാരിവട്ടത്തുവച്ച് നടന്ന KCMS & SMRC ജനറൽ ബോഡി മീറ്റിംഗിൽ ബഹു. സി. ജോഫി, ബഹു മദർ വെൺമ എന്നിവർ പങ്കെടുത്തു. റിന്യൂവൽ ടീമിന്റെ നേതൃത്വത്തിൽ ജൂൺ 8 മുതൽ 12 വരെ തിരുവചനോപാസന ധ്യാനം മുല്ലക്കര ആത്മദർശൻ കോൺ വെന്റിൽ വച്ച് നടത്തി.

മൂന്നാറിലെ ആവില ഇക്കോ സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് ഒരാഴ്ച നടത്തിയ ധ്യാനത്തിൽ മരിയ പ്രൊവിൻസിലെ സീനിയേ

ഴ്സ് മീറ്റിലെ അംഗങ്ങൾ പങ്കെടുത്തു. 31-5-25 നു എല്ലാ പ്രധാന അധ്യാപകർക്കും നഴ്സറി ഇൻ ചാർജ്മാർക്കും പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾക്കും ജൂനിയർ സിസ്റ്റേഴ്സിനുമായി അഭിഷേകാരാധന യും ക്ലാസും ബഹു. ഫാ. ജീസൻ വാഴപ്പള്ളിയുടെ നേതൃത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. ജൂൺ 6ന് മരിയ പ്രവിശ്യയിലെ എല്ലാ വിദ്യാലയങ്ങളിലെയും അധ്യാ പക അനധ്യാപകർക്കുമായി Knowledge Knight എന്ന പേരിൽ ഒരു സംഗമം നടത്തി.

## ആദരാഞ്ജലികൾ



22.05.2025 മമ്മിയൂർ ലിറ്റിൽ ഫ്ളവർ മഠാംഗ മായ സി. ആൻസ്ബർട്ട് 2025 മേയ് 22-ാം തീയതി ഉച്ചയ്ക്ക് 12.45 ന് നിര്യാതയായി. 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 ന് തൃശൂർ അതിരൂപത ചാൻസലർ റവ. ഫാ. ഡൊമിനിക് തലക്കോടന്റെ പ്രാധാന കാർമ്മി കത്വത്തിൽ മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം, പാലയൂർ

**പന്തക്കുസ്ത തിരുനാളിൽ ആദ്യാക്ഷരം കുറിച്ച് പാലയൂരിൽ നിരവധി കുട്ടികൾ.**

AD 52 ൽ വിശുദ്ധ തോമശ്ലീഹായാൽ സ്ഥാപിതമായ പാലയൂർ തീർത്ഥകേന്ദ്രത്തിൽ പന്തക്കുസ്ത തിരുനാളിൽ തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ നിരവധി കുട്ടികൾക്ക് ഈശോയെന്ന ആദ്യാക്ഷരം കുറിച്ചു നൽകുകയും ദിവ്യബലിക്കും, മറ്റു തിരുക്കർമ്മങ്ങൾക്കും കാർമികത്വം വഹിക്കുകയും ചെയ്തു.ഇടവകയിലെ വിൻസെന്റ് ഡി പോൾ സംഘടന കുട്ടികൾക്കായി ഒരുക്കിയ പഠനോപകരണങ്ങളും, മധുരവും തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ. ഫാ. ഡേവിസ് കണ്ണമ്പുഴ, അസി വികാരി റവ. ഫാ. ക്ലിന്റ് പാണെങ്ങാടൻ എന്നിവർ വിതരണം ചെയ്തു. പരിശുദ്ധാത്മാവിന്റെ വരദാന ഫലങ്ങളാൽ കുട്ടികൾ നിറയപ്പെടാൻവേണ്ടി മാർ ടോണി പിതാവ് പ്രാർത്ഥിച്ചു.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച്പ്രീസ്റ്റ്

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

എല്ലാവരും സന്തോഷമായിരിക്കുന്നല്ലോ. പുതിയ ക്ലാസുകളും അധ്യാപകരും പാഠപുസ്തകങ്ങളും പരിചയപ്പെട്ടു എന്ന് കരുതുന്നു. എല്ലാവർക്കും നന്മ ആശംസിക്കുന്നു.

ജൂലൈ മാസം മൂന്നാം തീയതി ദുക്റാന തിരുനാൾ നമ്മൾ ആഘോഷിക്കുകയാണല്ലോ. എന്താണ് ദുക്റാന തിരുനാൾ എന്ന് നിങ്ങൾക്കറിയാമോ? 'ദുക്റാന' എന്ന വാക്കിന്റെ അർത്ഥം ഓർമ്മ എന്നാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ വിശുദ്ധ തോമാ ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതിന്റെ ഓർമ്മ തിരുനാളാണ് അന്ന്. 'മുത്തപ്പന്റെ ശ്രാദ്ധം' അഥവാ 'ചാത്തം' എന്നൊക്കെയാണ് പൂർവ്വികർ ഈ തിരുനാളിനെ പറഞ്ഞിരുന്നത്. നമ്മുടെ സഭയെ സംബന്ധിച്ച് കടമുള്ള ദിവസങ്ങളിൽ ഒന്നാണ് ദുക്റാന തിരുനാൾ. അന്നേ ദിവസം എല്ലാവരും ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയിലും മറ്റു തിരക്കർമ്മങ്ങളിലും പങ്കെടുക്കാൻ പ്രത്യേകം പരിശ്രമിക്കുമല്ലോ.

എന്താണ് ദുക്റാന തിരുനാൾ നമ്മളോട് ആവശ്യപ്പെടുന്നത്? 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന ഈശോയുടെ ആഹ്വാനമനുസരിച്ച് ഈശോയുടെ ഉത്ഥാനത്തിന് ശേഷം അപ്പസ്തോലന്മാർ എല്ലാവരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഈശോയുടെ സുവിശേഷവുമായി ഇറങ്ങിത്തിരിച്ചു. ആ കാലഘട്ടത്തിൽ അധികം ആരാലും അറിയപ്പെടാതിരുന്ന സ്ഥലമായിരുന്നു ഇന്ത്യ. എന്നാൽ തോമാ ശ്ലീഹാ വിശ്വാസ ധീരതയോടെ തനിക്ക് തീർത്തും പരിചയമില്ലാത്ത പുതിയ നാട്ടിലേക്കും പുതിയ ആളുകളിലേക്കും ഇറങ്ങിത്തിരിക്കാൻ തയ്യാറായി. അതിന്റെ ഫലമോ, ഈശോയുടെ സ്നേഹം ഭാരതത്തിലേക്കും പ്രത്യേകിച്ച് കേരളത്തിന്റെ മണ്ണിലേക്കും ഒഴുക്കാൻ വിശുദ്ധന് സാധിച്ചു. വിശുദ്ധ തോമാശ്ലീഹാ ദൈവാലയം പണിതുയർത്തിയത് ഭൂമിയിലെ മണ്ണിൽ ആയിരുന്നില്ല, മറിച്ച് സ്വർഗ്ഗത്തിൽ ഈശോയുടെ ഹൃദയത്തിൽ ആയിരുന്നു.

തോമാശ്ലീഹായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന യാഥാർത്ഥ്യം ഇതാണ്: വിശ്വാസത്തിന്റെ ധീര രക്തസാക്ഷി ആകുക, ഈശോയുടെ ഹൃദയം സ്വന്തമാക്കുക. അപരിചിതമായ ദേശവും ജനങ്ങളും വളരെയധികം വെല്ലുവിളികൾ നിറഞ്ഞതായിരുന്നുവെങ്കിലും ഈശോയുടെ വചനം ജീവിക്കാൻ തോമാശ്ലീഹാ ധൈര്യപൂർവ്വം തയ്യാറെടുത്തപ്പോൾ വിശ്വാസം തഴച്ചു വളരുന്നതിന് വളക്കൂറുള്ള മണ്ണാക്കി ഭാരതത്തെ ഈശോ മാറ്റി.

നമുക്ക് ചുറ്റുമുള്ള കൂട്ടുകാരോടും ഈശോയുടെ സ്നേഹത്തെക്കുറിച്ച് പറയാനും ഈശോയുടെ വചനം പങ്കുവയ്ക്കാനും സാധിച്ചാൽ തോമാശ്ലീഹായെ പോലെ നമുക്കും വലിയ മിഷനറിമാരാകാം; മാത്രവുമല്ല നമ്മൾ വചനം പങ്കുവെക്കുന്ന വ്യക്തികളുടെ ഹൃദയങ്ങളെ ദൈവസ്നേഹത്തിന്റെ വളക്കൂറുള്ള മണ്ണാക്കി ഈശോ മാറ്റുകയും ചെയ്യും. അതുവഴി നമ്മൾ ഈശോയുടെ ഹൃദയം സ്വന്തമാക്കുകയും ചെയ്യും.

ഈ ദുക്റാന തിരുനാൾ എല്ലാ കൂട്ടുകാർക്കും വലിയ അനുഭവമാകട്ടെ. തോമാശ്ലീഹായെക്കുറിച്ചും ശ്ലീഹ പകർന്നു നൽകിയ വിശ്വാസ വെളിച്ചത്തെകുറിച്ചും നിങ്ങളുടെ കൂട്ടുകാരോട് പങ്കുവെക്കാൻ സാധിക്കട്ടെ. ദുക്റാന തിരുനാളിന്റെ എല്ലാ മംഗളങ്ങളും സ്നേഹപൂർവ്വം നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

എല്ലാ യൂണിറ്റുകളിലും വിശ്വാസപരിശീലന വർഷത്തിന്റെ അനുഗ്രഹദായകമായ സമാരംഭത്തിന് നേതൃത്വം നൽകിയ ബഹു. വികാരിമാർക്കും അസി. വികാരിമാർക്കും പ്രിൻസിപ്പൽമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും പി.ടി.എ.യ്ക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും നന്ദിയും നേരുന്നു. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുകയും ആ വിശ്വാസം ജീവിക്കാൻ 'അവനോടൊപ്പം

പോയി മരിക്കാനുള്ള' സന്നദ്ധത പ്രകടിപ്പിച്ച് നമ്മുടെ നാട്ടിൽ സുവിശേഷത്തിനു സാക്ഷ്യംവഹിച്ച് രക്തസാക്ഷിയായ മാർ തോമാശ്ലീഹായുടെ ഉജ്ജ്വല മാതൃക വിശ്വാസപരിശീലനം ഫലപ്രദമായി നടത്തുന്നതിന് നമ്മെ പ്രചോദിപ്പിക്കട്ടെ. എല്ലാവർക്കും മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

**I. ഞായറാഴ്ച വിശ്വാസപരിശീലനം വാർത്തകൾ**

**1. വിശ്വാസ പരിശീലനവർഷം ഉദ്ഘാടനം**

ഈ വർഷത്തെ വിശ്വാസപരിശീലന വർഷത്തിന്റെ അതിരൂപ താതല ഉദ്ഘാടനം ഡി.ബി.സി.എൽ. സി. യിൽ വെച്ച് 2025 മെയ് 31 ന് ദിവ്യകാരുണ്യ ആരാധനയ്ക്കുശേഷം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വ ഹിച്ചു.

**2. പ്ലസ് വൺ, പ്ലസ് ടു ശില്പശാല**

മെയ് 18 ന് പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലെ വിശ്വാസപരിശീല കർക്ക് ഏകദിന ശില്പശാല ഡിബിസിഎൽസിയിൽ വെച്ച് നടത്തി. രണ്ട് ശില്പശാലയിലും കൂടി 360 പേർ പങ്കെടുത്തു. പ്ലസ് വൺ ശിൽപശാലക്ക് നേതൃത്വം നൽകിയവർ: ഡോ. ബിനോയ് സി. എഫ്., ശ്രീമതി ജാൻസി പോൾ, ശ്രീ ലിഖിൻ സൈമൺ, ശ്രീമതി ജെയ്ഷാ ഒ. ജെ., ശ്രീ ജീസൻ ജെയ്ക്കബ്, ശ്രീ ജെഫോ ജോസഫ്, ശ്രീമതി ജിനി ജോസ്, അഡ്വ. ലിൻഡൻസ് വി. ജെ, ശ്രീമതി ബീന ദേവസ്സി, ശ്രീമതി നീതി ഡേവിസ്, ഡോ. നിർമ്മല ഫിലിപ്പ്, ശ്രീ. ഷാജി പറമ്പൻ, ശ്രീമതി റീന ജെയ്മി, ശ്രീമതി ഷിജി ജോബി.

പ്ലസ് ടു ശില്പശാലക്ക് നേതൃത്വം നൽകിയവർ: ഡോ. ബാബു സി. പി., ഡോ. ഹണി ബാബു, ശ്രീ അഖിൽ പോൾ, ശ്രീ ഫിന്റോ റാഫേൽ, ശ്രീ സിജോ ജോൺസൻ, ശ്രീ പ്രബിൻ ടി. പോൾ, ശ്രീ പ്രിൻസ് മേനാച്ചേരി, ശ്രീമതി മേരീസ് ഇ. എഫ്. ഡോ. വിമല ബൈജു, ശ്രീ മാർട്ടിൻ എ. എം., ശ്രീ സിജോ പി. സി., ശ്രീ ലിജോ ജോസ്.

**3. ഫൊറോനതല അർദ്ധദിന സെമിനാർ**

തൃശ്ശൂർ അതിരൂപതയിലെ 16 ഫൊറോനകളിലും മെയ് 25ന് ഉച്ചക്ക് 01.30 മുതൽ 04.30 വരെ വിശ്വാസപരിശീലകർക്കുള്ള അർദ്ധദിനസെമിനാർ നടന്നു. ഇതിന് നേതൃത്വം നൽകിയ ഫൊറോന വികാരിമാർ, ഫൊറോന പ്രമോട്ടർമാർ, ഫൊറോന പ്രിൻസിപ്പൽമാർ എന്നിവർക്കും ക്ലാസ്സുകൾ എടുത്ത് സഹായിച്ചവർക്കും സെമിനാ റിൽ പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി അറിയിക്കുന്നു.

അർദ്ധദിന സെമിനാറിൽ ക്ലാസ്സ് എടുത്തവർ: റവ. ഡോ. ചിറമ്മൽ ചാക്കോ, അഡ്വ. ജോസ് ഡേവിസ്, റവ. ഫാ. ഒലക്കേങ്കിൽ ദിജോ, ഡോ. ലിജോ കൊള്ളന്നൂർ, റവ. ഫാ. ചിരിയങ്കണ്ടത്ത് ഷിജോ, ശ്രീമതി ആൻ ജോർജ്, റവ. ഫാ. ചിറ്റിലപ്പിള്ളി ഷിജു, ഡോ. മേരി റജീന, റവ. ഫാ. വാഴപ്പിള്ളി ബിൽജു, ഡോ. നോബി നെൽസൻ, റവ. ഫാ. പൂത്തൂർ ജോയ്, ശ്രീ. ജോർജ്ജ് വി. കെ., റവ. ഫാ. തറയിൽ ഡെമിൻ, ഡോ. ബിനോയ് കെ. എസ്. റവ. സി. ജൂലിയറ്റ് സി.എം.സി., ശ്രീമതി ഷെറിൽ സിജോ, റവ. ഫാ. തട്ടിൽ ട്രെജിൻ, ശ്രീ. ലിജോ ജോസ്, റവ. ഫാ. പെട്ടയിൽ നോബിൾ, ശ്രീ. മനോജ് തലക്കോടൻ, റവ. ഫാ.തട്ടിൽ ലിൻസൻ, ഡോ. ജസ്റ്റിൻ ജോർജ്, റവ. ഫാ. കൈതാരത്ത് ജസ്റ്റിൻ, ശ്രീ. മിഥുൻ പി. ആന്റണി, റവ.ഫാ. മരോട്ടിക്കൽ അലക്സ്, ശ്രീ.സ്റ്റെയ്ജു പി. ജെ., റവ. ഫാ. വാഴപ്പിള്ളി ടിങ്കിൾ, ശ്രീ. ശശി ഇമ്മാനുവേൽ, റവ. ഫാ. സനൽ മാളിയേക്കൽ, ഡോ. മനു ജോൺസ്, റവ. ഫാ.മുട്ടത്ത് പോൾ, ശ്രീ. ജെയ്സൻ എ. എം.

**4. ഏകദിന സെമിനാറുകൾ, ആനിമേറ്റേഴ്സ് കോഴ്സ്, യൂണിറ്റ് സന്ദർശകർ**

10,9,8,7 എന്നീ ക്ലാസ്സുകളിലെ വിശ്വാസപരിശീലകർക്ക് ജൂൺ 22, 29 തിയതികളിലായി ഏകദിന സെമിനാറും ജൂൺ 15 ന് ആനിമേറ്റേഴ്സ് കോഴ്സ്, യൂണിറ്റ് സന്ദർശകർക്കുള്ള മീറ്റിംഗ് എന്നിവയും നടന്നു. റവ. ഡോ. വിൻസന്റ് കുണ്ടുകുളം, ശ്രീ സോണി അക്കര, ശ്രീ ജോർജ്ജ് വി. കെ. ശ്രീ സ്റ്റെയ്ജു പി. ജെ. എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**II. അറിയിപ്പുകൾ**

**1. കാറ്റക്കെറ്റിക്കൽ കൗൺസിൽ രൂപീകരണം.**

ഇടവകതല കാറ്റക്കെറ്റിക്കൽ കൗൺസിൽ രൂപീകരിക്കേണ്ട സമയമായി. ജൂലൈ മാസത്തിൽ പി.ടി.എ. ചേർന്ന് 2 രക്ഷിതാക്കളേയും സ്റ്റാഫ് കൗൺസിൽ ചേർന്ന് 2 അധ്യാപകരേയും കാറ്റക്കെറ്റിക്കൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

**2. ക്രിസ്ഫോം: എ.സി.സി, പ്ലസ് ടു വിദ്യാർത്ഥികൾക്ക്**

പ്ലസ്ടു, എ.സി.സി. ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സുപ്രധാനമായ ക്രിസ്തീയ ജീവിത പരിശീലന പരിപാടിയാണ് ക്രിസ്ഫോം. മുൻവർഷങ്ങളിൽ ധാരാളം പേർ ഇതിന്റെ ഫലം അനുഭവിച്ചിട്ടുണ്ട്. ഈ പ്രോഗ്രാമിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

വെള്ളി 05.30 PM മുതൽ ഞായർ 04.30 PM; വരെ ഡി.ബി.സി.എൽ.

സി.യിൽ വെച്ചാണ് ഈ പരിശീലന പരിപാടി നടക്കുന്നത്. ഫൊറോനാടിസ്ഥാനത്തിലാണ് ഈ വർഷം ക്രിസ്ഫോം സംഘടിപ്പിച്ചിരിക്കുന്നത്. ആഗസ്റ്റ് മാസം വരെയുള്ള ഫൊറോനകളുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.

ജൂലായ് 04–06 ബാച്ച് 1 (ചേലക്കര, തൃശ്ശൂർ ബസിലിക്ക)

ജൂലായ് 18–20 ബാച്ച് 2 (എരുമപ്പെട്ടി, കണ്ടശ്ശാംകടവ്)

ജൂലായ് 25–27 ബാച്ച് 3 (ഒല്ലൂർ, കൊട്ടേകാട്)

ആഗസ്റ്റ് 01–03 ബാച്ച് 4 (പുതുക്കാട്, പറപ്പൂർ)

ആഗസ്റ്റ് 22–24 ബാച്ച് 5 (1 മുതൽ 4 വരെയുള്ള ബാച്ചുകളിലെ ഫൊറോനകൾക്കായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത വിദ്യാർത്ഥികൾക്കായി)

ഓരോ ഫൊറോനക്കും നിശ്ചയിച്ച തിയതിയിൽ പങ്കെടുക്കാനുള്ള വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**3. വിശ്വാസപരിശീലകരുടെ സംവാദ സദസ്സ് ഇടവകകളിൽ**

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയുടെ വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടർ/ അസി. ഡയറക്ടർ, ഓരോ ഇടവകയിലേയും വിശ്വാസപരിശീലകരെ സന്ദർശിച്ച് അവരുമായി സംവദിക്കുന്നു. വിശ്വാസപരിശീലകരുടെ ദൗത്യത്തിന്റെ പ്രാധാന്യം, എങ്ങനെ വിശ്വാസപരിശീലന ശുശ്രൂഷക്ക് വ്യക്തിപരമായി ഒരുങ്ങാം? ബഹു. വികാരിയച്ചൻ, ഇടവക നേതൃസമിതികൾ, മാതാപിതാക്കൾ തുടങ്ങിയവരുമായുള്ള കൂട്ടായ്മയിൽ വിശ്വാസപരിശീലകർ മുന്നോട്ടു പോകേണ്ടത് എങ്ങനെ? സമകാലീന വെല്ലുവിളികൾ, വിശ്വാസപരിശീലകർ മിഷനറിമാർ എന്നീ വിഷയങ്ങളാണ് സംവാദ വിഷയം. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നേരിട്ട് അറിയിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾക്കായി വിശ്വാസപരിശീലനകേന്ദ്രത്തിലെ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ തോമസ് മാസ്റ്ററെ ബന്ധപ്പടുക. മൊബൈൽ നമ്പർ: 9400791384

**4. നവാധ്യാപകർക്കുള്ള കോഴ്സ്**

വിശ്വാസപരിശീലകരായി പുതിയതായി ചേരുന്ന യുവജനങ്ങൾക്ക് (അവിവാഹിതർ) വേണ്ടിയുള്ള കോഴ്സാണിത്. ജൂലൈ 11–13 ആഗസ്റ്റ് 08–10 എന്നീ തിയതികളിൽ രണ്ട് ബാച്ചുകളിലായി ഡി.ബി. സി.എൽ.സി.യിൽ വെച്ച് നടക്കുന്നു. ഓരോ ബാച്ചിലും പൂർണ്ണമായി പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു. ഈ കോഴ്സിൽ

പങ്കെടുക്കുന്നവർ 10 വർഷത്തിനുള്ളിൽ ബേസിക് സിടിസി കോഴ്സിൽ പങ്കെടുത്താൽ മതിയാകും. രജിസ്ട്രേഷൻ ഫീസ് 400 രൂപ. വിശ്വാസപരിശീലനമെന്ന അതീവ പ്രാധാന്യമുള്ള ശുശ്രൂഷയിലേക്ക് ആദ്യമായി കടന്നു വരുന്ന എല്ലാ നവാധ്യാപകർക്കും ഇത് നിർബന്ധമാണ്. ജൂൺ മാസത്തിൽ തന്നെ എല്ലാ നവാധ്യാപകരുടേയും പേരുകൾ സോഫ്റ്റ് വെയറിൽ ചെയ്യേണ്ടതാണ്.

**5. ഏകദിന സെമിനാർ**

ജൂലൈ മാസത്തിൽ നടക്കുന്ന വിശ്വാസപരിശീലകർക്കുള്ള ഏകദിന സെമിനാറുകൾ: സെമിനാറിൽ പരീക്ഷകളെക്കുറിച്ച് ചർച്ചചെയ്യുകയും ചോദ്യപേപ്പർ തയ്യാറാക്കുകയും വിശ്വാസപരിശീലകരുടെ നിലവിലുള്ള പരിശീലനപരിപാടികളെ വിലയിരുത്തുകയും ചെയ്യുന്നു. എല്ലാ വിശ്വാസപരിശീലകരും പാഠപുസ്തകങ്ങളും അധ്യാപകസഹായിയും കൊണ്ടുവരണം.

ജൂലായ് 6 – ക്ലാസ്സ് V, VI, ജൂലായ് 13 – ക്ലാസ്സ് III, IV, ജൂലായ് 20 – നഴ്സറി, ക്ലാസ്സ് I, II, ജൂലായ് 27 – എ. സി. സി.

**6. ഓൺലൈൻ ക്ലാസ്സ് XI, XII വിശ്വാസപരിശീലകർക്ക്**

11, 12 ക്ലാസ്സുകളിൽ പുതിയ പാഠപുസ്തകങ്ങളാണല്ലോ. അത് പരിചയപ്പെടുത്തുന്നതിന് ഈ വർഷം ഈ ക്ലാസ്സുകളിലെ വിശ്വാസ പരിശീലകർക്ക് ഒരു ഓൺലൈൻ പഠനക്ലാസ്സ് ഒരുക്കുന്നു. പാഠഭാഗത്തിന്റെ അന്തസത്ത, അതു വിശദീകരിക്കേണ്ട വിധം, പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഓരോ പാഠം തുടങ്ങുന്നതിനു മുമ്പായി പരിചയപ്പെടുത്തികൊടുക്കുന്നു. പാഠപുസ്തകത്തിന്റെ രചനയുമായി നേരിട്ട് ബന്ധമുള്ളവരാണ് ക്ലാസ്സെടുക്കുന്നവർ. ഓൺലൈൻ പഠനക്ലാസ്സിന്റെ തിയതികൾ വാട്സാപ്പ് ഗ്രൂപ്പുകളിലുടെ മുൻകൂട്ടി അറിയിക്കുന്നതാണ്. വൈകീട്ട് 08.30 മുതൽ 09.30 വരെയാണ് ക്ലാസ്സ് നടത്തുന്നത്. എല്ലാ ഇടവകകളിലേയും XI, XII വിശ്വാസ പരിശീലകർ ഈ അമൂല്യാവസരം പ്രയോജനപ്പെടുത്തുമല്ലോ.

**7. എ സി സി കോൺവെക്കേഷൻ & മെറിറ്റ് ഡേ**

2024–25 വർഷത്തിൽ റാങ്ക് ജേതാക്കളായവർക്കും എ. സി. സി. പൂർത്തിയാക്കിയവർക്കും 15 വർഷം മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്കും ആഗസ്റ്റ് 15 ന് സമ്മാനം നൽകി മെറിറ്റ് ഡേ ആഘോഷിക്കുന്നു.

**8. മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്ക് അവാർഡ്**

ഒന്നാം ക്ലാസ്സ് മുതൽ എ സി സി അവസാനവർഷം വരെ (15 വർഷം) മുടങ്ങാതെ വന്ന വിദ്യാർത്ഥികളെ അനുമോദിക്കുന്നു. കുട്ടികളുടെ വിവരങ്ങൾ നൽകേണ്ട അവസന തിയതി: ജൂലായ് 10.

വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയിട്ടുള്ള കത്തിൽ വികാരിയച്ചന്റെ ഒപ്പും കുട്ടിയുടെ ഫോട്ടോ വേറെയായും വിശ്വാസപരിശീലന കേന്ദ്ര ത്തിൽ ജൂലായ് 10 നുള്ളിൽ ഏല്പിക്കേണ്ടതാണ്.

**9. സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ്**

സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ ഫസ്റ്റ്, സെക്കന്റ്, അവാർഡ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളെ മെറിറ്റ് ദിനത്തിൽ അനു മോദിക്കുന്നു. അതിനായി ലഭിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പിയിൽ വികാരിയച്ചന്റെ റെക്കമെന്റേഷനോടുകൂടിയ അപേക്ഷ വിശ്വാസ പരിശീലന കേന്ദ്രത്തിൽ ജൂലായ് 10 നുള്ളിൽ ഏൽപ്പിക്കേണ്ട താണ്.

**10. എ സി സി യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ**

എല്ലാ എ സി സി വിദ്യാർത്ഥികളുടേയും (ഒന്ന്, രണ്ട്, മൂന്ന് വർഷക്കാർ) യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ആഗസ്റ്റ് 16 മുതൽ 25 വരെ സ്വീകരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ വീതം. ജൂലൈ 27 മുതൽ രജിസ്ട്രേഷൻ ഫോം സോഫ്റ്റ് വെയറിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**11. മാതാപിതാക്കൾക്കുള്ള പരിശീലനം**

കുടുംബകേന്ദ്രീകൃത വിശ്വാസപരിശീലനവും സമഗ്രരൂപീ കരണവും എന്ന വിഷയത്തിൽ മാതാപിതാക്കൾക്കും കുട്ടികൾ ക്കുമായി അതിരൂപത വിശ്വാസപരിശീലന കേന്ദ്രം ഇടവകതലത്തിൽ ഒരുക്കുന്ന ശില്പശാല ക്രിസ്ദോമുസ് ജൂൺ 22 മുതൽ ആരംഭിച്ചു. ബുക്കിംഗിനായി 9188131311 എന്ന നമ്പറിൽ ഓഫീസ് സമയത്ത് (9.30 am - 5.00 pm) ബന്ധപ്പെടുക.

**III. സ്കൂൾ കാറ്റക്കിസം**

**1. സ്റ്റുഡന്റ്സ് സ്റ്റാറ്റിസ്റ്റിക്സ് ഫോം**

ജൂലായ് 31 നുള്ളിൽ സ്റ്റുഡന്റ്സ് സ്റ്റാറ്റിസ്റ്റിക്സ് ഫോം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. സ്റ്റാറ്റിസ്റ്റിക്സ് ഫോമനുസരിച്ചാണ് ഓരോ സ്കൂളിനുമുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത്.

സ്കൂൾ കാറ്റക്കിസം ആവശ്യങ്ങൾക്കായി 918813131 ഈ നമ്പറിൽ വിളിക്കുക

**ഫാ. സനൽ മാളിയേക്കൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. പോൾ മുട്ടത്ത്**
അസി. ഡയറക്ടർമാർ

**ഫാ. സൈജോ**
**തൈക്കാട്ടിൽ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**ആദ്യവർഷ ദൈവശാസ്ത്ര തത്വശാസ്ത്ര വിദ്യാർത്ഥികൾ**

ആദ്യവർഷ ദൈവശാസ്ത്ര തത്വ ശാസ്ത്ര വിദ്യാർത്ഥികൾ മെയ് 27 ന് സെമിനാരിയിൽ എത്തിച്ചേർന്നു. ഇവർക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം ബഹുമാനപ്പെട്ട ഫാ. രാജു അക്കര, ഫാ.ജോർജ് തോട്ടാൻ സി.എം.ഐ എന്നിവരുടെ നേതൃത്വത്തിൽ മെയ് 27, 28 തീയതികളിൽ നടന്നു. ആദ്യവർഷ ദൈവശാസ്ത്രം പഠിക്കുന്നതിനായി 13 വൈദിക വിദ്യാർഥികളും, തത്വശാസ്ത്രം പഠിക്കുന്നതിനായി 24 വൈദിക വിദ്യാർഥികളും ആണ് ഉള്ളത്.

**പുതിയ അധ്യയന വർഷം**

മെയ് 30ന് എല്ലാ വൈദിക വിദ്യാർഥികളും സെമിനാരിയിൽ എത്തിച്ചേർന്നു. 2025-2026 അധ്യയന വർഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ജൂൺ 2 തിങ്കളാഴ്ച ആയിരുന്നു. അന്നേ ദിവസത്തെ ദിവ്യബലി അർപ്പണവും അധ്യയനവർഷ ഉദ്ഘാടനവും മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം നിർവഹിച്ചു. ദൈവശാസ്ത്ര വിഭാഗത്തിന്റെയും തത്വശാസ്ത്ര വിഭാഗത്തിന്റെയും പറോക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വാർഷിക റിപ്പോർട്ടുകൾ ബഹു. പോൾ പുളിക്കൻ അച്ചനും ബഹു. സിബി ചെറുതോട്ടിൽ അച്ചനും ബഹു. സൈജോ തൈക്കാട്ടിൽ അച്ചനും അവതരിപ്പിച്ചു. ഈ യോഗത്തിൽ ബഹു. ജിബിൻ താഴെക്കാടൻ അച്ചൻ എഴുതിയ പുസ്തകവും ബഹു. സജി അച്ചനും ബഹു. ബിൽജു വാഴപ്പിള്ളി അച്ചനും എഡിറ്റ് ചെയ്ത പുസ്തകവും മാർ അലക്സ് താരാമംഗലം പ്രകാശനം ചെയ്തു. അധ്യയന വർഷ ഉദ്ഘാടന യോഗത്തിനുശേഷം ബഹു. ടൈസൺ മണ്ടുംപാൽ അച്ചൻ പോപ്പുലർ മിനിസ്ട്രി എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രഭാഷണം നടത്തി. നവമാധ്യമങ്ങളെക്കുറിച്ചുള്ള പ്രഭാഷണം ഒത്തിരിയേറെ അറിവ് പകരുന്നതായിരുന്നു.

**ഇടവകകളിൽ അജപാലനശുശ്രൂഷ**

സെമിനാരിയിലെ ദൈവശാസ്ത്ര വൈദികവിദ്യാർഥികളും ഡിഗ്രിപഠനം പൂർത്തിയാക്കിയ തത്വശാസ്ത്ര വൈദികവിദ്യാർത്ഥികളും ഞായറാഴ്ചകൾതോറും ഇടവകകളിൽ അജപാലനശുശ്രൂഷകളിൽ സഹായിക്കുന്നതിനായി ജൂൺ 1ന് തന്നെ നിശ്ചയിക്കപ്പെട്ട ഇടവകകളിലേക്ക് പോയിത്തുടങ്ങി.

**ദിവ്യകാരുണ്യ ആരാധനാദിനം**

ജൂൺ 6 വെള്ളിയാഴ്ച സെമിനാരിയിൽ ദിവ്യകാരുണ്യ ആരാധനാദിനമായി ആചരിച്ചു. അന്നേദിവസം രാവിലെ ബഹു. പോൾ പുളിക്കൻ അച്ചൻ അർപ്പിച്ച ദിവ്യബലിക്ക് ശേഷം എട്ടുമണിക്ക് വിശുദ്ധ കുർബാന എഴുന്നള്ളിച്ച് വെച്ചുള്ള ആരാധന ആരംഭിച്ചു. ദിവ്യകാരുണ്യ ആരാധനയുടെ ഓരോ മണിക്കൂറും ആരാധന നടത്തിയത് തത്വശാസ്ത്ര വിദ്യാർത്ഥികളും ദൈവശാസ്ത്ര വിദ്യാർഥികളും സെമിനാരിയിലെ ബഹുമാനപ്പെട്ട എല്ലാ വൈദികരും ചേർന്നാണ്. ഭക്തിസാന്ദ്രമായ ദിവ്യകാരുണ്യ ആരാധന ദിനം നാലു മണിക്ക് അവസാനിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Well Wisher Membership

1. ശ്രീ. ജോൺസ് ജോസ് കെ., കാഞ്ഞിരപ്പറമ്പിൽ ഹൗസ്, ഈസ്റ്റ് കൊട്ടേക്കാട്.
2. ശ്രീ. അബി ചെറിയാൻ, ഇലഞ്ഞികൾ ഹൗസ്, തൃശ്ശൂർ

Individual Benefactor Membership

1. ശ്രീ. റ്റി. സി. ഡേവിസ്, തരകൻ ഹൗസ്, അരിമ്പൂർ, തൃശ്ശൂർ
2. ശ്രീ. എഡ്‌വിൻ ലോറൻസ് S/o മറിയാമ്മ ലോറൻസ്, എഡ്‌വിൻ വില്ല, മല്ലുകാരൻ ഹൗസ്, തൃശ്ശൂർ
3. ശ്രീ. റിജോ എം.ജെ, മഞ്ഞപ്ര ഹൗസ്, വരടിയം, തൃശ്ശൂർ

Individual Patron Membership

1. ശ്രീ. സിജോ പി. വർഗീസ്, പുത്തൂർ ഹൗസ്, തൃശ്ശൂർ

**ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ**
റെക്ടർ

# എക്സൽ അക്കാദമി

**സിവിൽ സർവീസ് കോഴ്സ്**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ നടന്നു കൊണ്ടിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ജൂൺ 1 മുതൽ ആരംഭിച്ചു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാ

നമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്.

**K - TET ( Kerala Teachers Eligibility Test )**

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**Excel Foundation Course**

Excel Foundation Courseന്റെ (8th std. to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ജൂൺ ഒന്നാം തിയതി മുതൽ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

(Coaching Centre for Minority Youth)

2025 ജൂൺ മുതൽ കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. ക്ലാസ്സുകൾ ജൂലായ് 1-ാം തിയതി മുതൽ ആരംഭിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക: Mob :9744941585 / 9895525077

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഡോ. മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

## INSTITUTE OF THEOLOGY

**TRICHUR D B C L C**

**(Phone : 0487- 2333245, Mob : 9188131341)**

**തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ 34-ാം അദ്ധ്യയന വർഷ ഉദ്ഘാടനം**

തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ അദ്ധ്യയനവർഷം ജൂൺ എട്ടാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് തൃശൂർ

അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഡി.ബി. സി.എൽ.സി ഡയറക്ടർ ഫാ. സൈജോ തൈക്കാട്ടിൽ എല്ലാവരെയും സ്വാഗതം ചെയ്തു. തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡീനും റെജിസ്ട്രാറുമായ ഫാ. സനൽ തോമസ് മാളിയേക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെയും പുതിയ അദ്ധ്യയനവർഷത്തെ കോഴ്സുകളെയും പരിചയപ്പെടുത്തി. തുടർന്ന് ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ 'നിഖ്യാ സുനഹദോസ്: ചരിത്രം, ദൈവശാസ്ത്രം, സമകാലിക പ്രസക്തി' എന്ന വിഷയത്തെ പറ്റി ക്ലാസ്സ് നയിച്ചു. പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാ വർക്കും ശ്രീമതി ടിൽമ ഷെൽബി നന്ദി പറഞ്ഞു.

**കോഴ്സുകൾ**

1. B.A. in Theology and Religious Studies (Three Years)

പുതിയ ബാച്ച് ക്ലാസ്സുകൾ ആരംഭിച്ചു. ഫസ്റ്റ് സെമസ്റ്ററിലെ Gospel of Mathew (Rev. Dr. Johnson Achandy), Methodology (Rev. Dr. Lijo Chalissery) എന്നീ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. പുതിയതായി ചേർന്ന 10പേർ ഉൾപ്പെടെ ഈ കോഴ്സിൽ 24 പേർ പങ്കെടുക്കുന്നു.

**2. Certificate Course in Theology (One Year)**

ജൂൺ15 ന് ക്രിസ്തുവിജ്ഞാനീയം (Rev. Dr. Sebastian Chalckal), എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു. ഈ കോഴ്സിൽ 85 പേർ പങ്കെടുക്കുന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി ആറ് മാസത്തെ Regular Theology Course മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും പതിമൂന്നോളം സന്യാസിനികൾ പങ്കെടുക്കുന്നു.

**4. Basic Bible Course (BBC)**

ജൂൺ മാസം Rev. Dr. Davis Panakkal CMI ക്ലാസ്സുകൾ നയിച്ചു.

**5. Certificate Course on Sacred Liturgy**

വി. കുർബാനയെകുറിച്ച് പുതിയൊരു Certificate Course ജൂൺ മാസത്തിൽ ആരംഭിച്ചു. ജൂൺ മാസം 15 ന് Introduction to Liturgy (Rev. Dr. Lijo Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു. ഈ കോഴ്സിൽ 40 പേർ പങ്കെടുക്കുന്നു.

**പുതിയ കോഴ്സുകൾ**

1. Certificate Course On the Life in Holy Spirit

ജൂലായ് മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നു. 24 വിഷയങ്ങ

ളിലാണ് ക്ലാസ്സുകൾ. മാസത്തിൽ രണ്ട് ഞായറാഴ്ചകളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും. മലയാളത്തിൽ നടത്തപ്പെടുന്ന ഈ കോഴ്സിനുള്ള യോഗ്യത എസ്. എസ്. എൽ. സി. യോ അതിനുമുകളിലോ ആണ്. വചനപ്രഘോഷകർക്ക് വളരെ ഉപകാരപ്പെടുന്ന കോഴ്സാണ്.

**2. Catechism of the Catholic Church (CCC)**

ജൂലായ് മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നു. 12 വിഷയങ്ങളിലാണ് ക്ലാസ്സുകൾ. മാസത്തിൽ രണ്ട് ഞായറാഴ്ചകളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും. മലയാളത്തിൽ നടത്തപ്പെടുന്ന ഈ കോഴ്സിനുള്ള യോഗ്യത എസ്. എസ്. എൽ. സി. യോ അതിനുമുകളിലോ ആണ്. വിശ്വാസപരിശീലകർക്ക് വളരെ ഉപകാരപ്പെടുന്ന കോഴ്സാണ്.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലിക്ക് ഒന്നാം സ്ഥാനം**

തൃശ്ശൂർ പൂരം പ്രദർശനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രദർശന നഗരിയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ മെഡിക്കൽ പവലിയൻ ആരോഗ്യ ബോധവത്കരണത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ജില്ലാ കളക്റ്റർ അർജുൻ പാണ്ഡ്യൻ ഐ.എ.എസ്സിൽ നിന്ന് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര പുരസ്ക്കാരം ഏറ്റുവാങ്ങി.

**ജൂബിലിക്ക് പുതിയ പ്രിൻസിപ്പാൾ**

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ 9 വർഷത്തോളം പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ച ഡോ. പ്രവീൺലാൽ കുറ്റിച്ചിറ വിരമിച്ചു. ഡോ. എം. എ. ആൻഡ്രൂസ് പുതിയ പ്രിൻസിപ്പാളായി സ്ഥാനമേറ്റു.

**ജൂബിലി ആയുർവേദയിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചുവദ മിഷൻ**

ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ ലോക പരിസ്ഥതി ദിനം ആചരിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വൃക്ഷത്തൈ നട്ട് പരിസ്ഥിതി സന്ദേശം നൽകി ചടങ്ങ് ഉദ്ഘാടനം ചെയ്തു.

### സി. എം. ഇ. സംഘടിപ്പിച്ചു

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ, ഫാർമക്കോളജി വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഗവേഷണ ആവശ്യങ്ങൾക്കായുള്ള - സ്കെയിൽ - വികസനത്തെക്കുറിച്ചുള്ള വർക്ക്ഷോപ്പ് നടന്നു. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിലെ എപ്പിഡെമിയോളജി വിഭാഗം പ്രൊഫസർ ഡോ. രവി പ്രസാദ് വർമ്മ പി.-യുടെ നേതൃത്വത്തിലുള്ള ഒരു സംഘവും വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പ്രൊഫസറും കോഴിക്കോട് നിപ്പ സെന്റർ നോഡൽ ഓഫീസറുമായ ഡോ. ടി. എസ്. അനീഷുമാണ് വർക്ക്ഷോപ്പിന് നേതൃത്വം നൽകിയത്.

ന്യൂഡെൽഹിയിലെ ഐ.സി.എം.ആർ. (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ച്) ഹെഡ്ക്വാട്ടേഴ്സിൽ നിന്നുള്ള പ്രതിനിധികളും ഇന്ത്യയുടെ നാനാഭാഗത്തുനിന്നുള്ള ഡോക്ടർമാരും ഗവേഷകരും ഈ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

- മലപ്പുറത്തുവച്ച് നടന്ന MIDUTICON 2025 കേസ് സ്റ്റഡി സീരിസിൽ ഫൈനൽ ഇയർ ഡെർമ്മറ്റോളജി പി. ജി. റസിഡന്റ് ഡോ. അപർണ്ണ രണ്ടാം സ്ഥാനം കരസ്ഥമാക്കി.
- YMCA തൃശ്ശൂരിന്റെ നൈറ്റിംഗേൾ അവാർഡ് 2025 ഡയാലിസിസ് സ്റ്റാഫ് നഴ്സ് ജിൻസി പി. ജെ കരസ്ഥമാക്കി.
- കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ മെഡിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി (DM) റെഗുലർ സപ്ലിമെന്ററി പരീക്ഷയിൽ ന്യൂറോളജി DM ഡോ. ടിന്റു വി. തോമസ് മൂന്നാം റാങ്ക് കരസ്ഥമാക്കി.

**പുതിയ ഡോക്ടർമാർ**

- ഡോ. ജീസ്മോൻ ജോസ് (ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം)
- ഡോ. ഹെന്ന ജോയ് (ഗൈനക്കോളജി വിഭാഗം)

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഫാ. ജോൺ കിടങ്ങൻ, സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം, തൃശ്ശൂർ
- വൈ.എം.സി.എ., പാലസ് റോഡ്, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ

- കാറ്റിക്കിസം ഡിപ്പാർട്ടുമെന്റ്, സേക്രട്ട് ഹാർട്ട് ചർച്ച്, ചെമ്പൂക്കാവ്, തൃശ്ശൂർ
- പ്രൊഫ. കെ. പി. മാണി

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- സെന്റ് ജോസഫ്സ് ചർച്ച്, സ്നേഹപുരം, തൃശ്ശൂർ
- ഫാത്തിമ, വാൽക്കുളമ്പ്, വടക്കുഞ്ചേരി, പാലക്കാട്
- നൈന എ. ജെ., ചിറയത്ത് കോനിക്കര, തൃശ്ശൂർ
- ഡോ. ഷോജൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഫ്ളോബി, എടക്കളത്തൂർ, കുരിയിച്ചിറ, തൃശ്ശൂർ
- മിനി & ദിവ്യ, പൂലൻ ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ
- കെ.സി.വൈ.എം., സെന്റ് ജോസഫ്സ് ചർച്ച്, സ്നേഹപുരം, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**കോളേജ് ഓപ്പണിംഗ്**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024–2026 ബാച്ചിന് വേനലവധിക്കുശേഷം ജൂൺ 2–ാം തിയ്യതി ക്ലാസുകൾ പുനരാരംഭിച്ചു.

**പുതിയ അധ്യാപകർക്കു സ്വാഗതം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ അധ്യാപനത്തിനായി പുതുതായി കടന്നുവന്ന അധ്യാപകർക്ക് സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ പുതിയ അധ്യാപകരായ നിലീന രാജൻ ടി., ജയമോൾ സേവ്യർ എന്നിവരെ കോളേജിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്തു.

**പരിസ്ഥിതിദിനം ആഘോഷിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ പരിസ്ഥിതി ദിനാഘോഷം പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂൺ 5

വ്യാഴാഴ്ച രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കോളേജ് വിദ്യാർത്ഥി ഐമി റോസ് സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ പരിസ്ഥിതിദിന സന്ദേശം നൽകി. സ്റ്റാഫ് പ്രതിനിധി നിലീന രാജൻ ടി. ആശംസകൾ നേർന്നു സംസാരിച്ചു. കോളേജ് വിദ്യാർത്ഥി ഐമി റോസ് പരിസ്ഥിതിദിന പ്രതിജ്ഞ ചൊല്ലികൊടുത്തു. കോളേജ് വിദ്യാർത്ഥി ബിത ദേവ് നന്ദി പറഞ്ഞു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട വിവിധ കലാപരിപാടികൾ അരങ്ങേറി.

**യൂണിവേഴ്സിറ്റി പരീക്ഷ നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2024-2026 ബാച്ചിന്റെ യൂണിവേഴ്സിറ്റി പരീക്ഷ നടത്തി. ജൂൺ 12-ാം തിയ്യതി മുതൽ 17-ാം തിയ്യതി വരെയായിരുന്നു പരീക്ഷകൾ നടന്നത്.

**ഇന്റേൺഷിപ്പ് പ്രോഗ്രാം ആരംഭിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2024-2026 ബാച്ചിലെ വിദ്യാർത്ഥികൾക്കായുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാം ജൂൺ 18-ാം തിയ്യതി മുതൽ ആരംഭിച്ചു. വിദ്യാർത്ഥികൾ വിവിധങ്ങളായ സ്കൂളുകളിലേക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാമിനായി പോയി.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ..**

| | | |
|---|---|---|
| 3 വ്യാഴം | - | ദുക്റാന (സെന്റ് തോമസ് ഡേ) |
| 4 വെള്ളി | - | ആദ്യവെള്ളി, വി. കുർബാന |
| 6 ഞായർ | - | വി. മരിയ ഗൊരേത്തി |
| 11 വെള്ളി | - | ലോക ജനസംഖ്യാദിനം |
| 16 ബുധൻ | - | കർമ്മലമാതാവ് |
| 25 വെള്ളി | - | വി. യാക്കോബ് ശ്ലീഹ |
| 28 തിങ്കൾ | - | വി. അൽഫോൻസാമ്മ |
| 31 വ്യാഴം | - | വി. ഇഗ്നേഷ്യസ് ലെയോള |

**2. Results of S.S.L.C. Examination – March 2025**

| Sl. No. | Name of school | Students appeared | No. of pupils who got D+ and above in all subject | School percentage 2024-2025 |
|---|---|---|---|---|
| 1. | C.J.M.A.H.S.S., Varandarappilly | 335 | 335 | 100 |
| 2. | St. Thomas H.S.S., Engandiyur | 316 | 316 | 100 |
| 3. | St. Sebastian's H.S., Chittattukara | 275 | 275 | 100 |
| 4. | St. Thomas H.S.S., Thiroor | 254 | 254 | 100 |
| 5. | St. Antony's H.S.S., Ammadam | 238 | 238 | 100 |
| 6. | St. Joseph's H.S., Enamakkal | 176 | 176 | 100 |
| 7. | Matha H.S., Mannampetta | 158 | 158 | 100 |
| 8. | St. Sebastian's H.S., Mannamangalam | 157 | 157 | 100 |
| 9. | St. Joseph's H.S.S., Velupadam | 154 | 154 | 100 |
| 10. | St. Thomas C.H.S.S., Thrissur | 147 | 147 | 100 |
| 11. | St. Mary's H.S., Chengaloor | 147 | 147 | 100 |
| 12. | St. Antony's H.S.S., Pudukad | 115 | 115 | 100 |
| 13. | St. Thomas H.S.S., Thope, Thrissur | 88 | 88 | 100 |
| 14. | St. Xavier's H.S., Chevoor | 63 | 63 | 100 |
| 15. | St. Thomas H.S.S., Vallachira | 56 | 56 | 100 |
| 16. | Tharakan's H.S., Aranattukara | 46 | 46 | 100 |
| 17. | St. Antony's H.S.S., Puthenpeedika | 41 | 41 | 100 |
| 18. | St. Joseph's H.S.S., Avinissery | 22 | 22 | 100 |
| 19. | St. Thomas H.S.S., Mayannur | 241 | 240 | 99.59 |
| 20. | St. John's H.S.S., Parappur | 238 | 237 | 99.58 |
| 21. | St. Antony's H.S.S., Pazhuvil | 163 | 161 | 98.77 |

**3. Results of Higher Secondary Examination – March 2025**

| Sl. No. | Name of school | Students appeared | Passed | Percentage 2024-2025 |
|---|---|---|---|---|
| 1. | St. Antony's H.S.S., Puthenpeedika | 101 | 100 | 99.01 |

| | | | | |
|---|---|---|---|---|
| 2. | C.J.M.A.H.S.S., Varandarappilly | 217 | 210 | 96.77 |
| 3. | St. John's H.S.S., Parappur | 174 | 168 | 96.55 |
| 4. | St. Thomas H.S.S., Thiroor | 117 | 110 | 94.02 |
| 5. | St. Thomas C.H.S.S., Thrissur | 290 | 271 | 93.45 |
| 6. | St. Antony's H.S.S., Ammadam | 274 | 244 | 89.05 |
| 7. | St. Thomas H.S.S., Thope, Thrissur | 165 | 143 | 86.67 |
| 8. | St. Joseph's H.S.S., Avinissery | 118 | 100 | 84.75 |
| 9. | St. Joseph's H.S.S., Velupadam | 112 | 94 | 83.93 |
| 10. | St. Antony's H.S.S., Pudukad | 525 | 435 | 82.86 |
| 11. | St. Antony's H.S.S., Pazhuvil | | 114 | 94 |
| 12. | St. Thomas H.S.S., Vallachira | 138 | 110 | 79.71 |
| 13. | St. Thomas H.S.S., Mayannur | 175 | 129 | 73.71 |
| 14. | St. Thomas H.S.S., Engandiyur | 169 | 109 | 64.50 |

Plus Two, S.S.L.C. പരീക്ഷയിൽ മികച്ച വിജയം കൈവരിച്ച വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മാനേജ്മെന്റ്, പി.ടി.എ. എന്നിവർക്കും അനുമോദനങ്ങൾ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ജൂലായ് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ജൂലായ് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 2–4; 16–18; 23–25.ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സെറ്റാണിത്

trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്നവർക്കായുള്ള കോഴ്സുകൾ**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കുള്ള പ്രീകാന കോഴ്സും ബധിരരും മൂകരുമായ വിവാഹിതരായ ദമ്പതികൾക്കുവേണ്ടിയുള്ള പോസ്റ്റ് കാന കോഴ്സും ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജൂലായ് 13-ാം തിയ്യതി ഞായറാഴ്ച്ച നടക്കുന്നു. 'കുടുംബം ഭൂമിയിലെ സ്വർഗ്ഗം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സും തുടർന്ന് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. വിവാഹത്തിന് ഒരുങ്ങുന്നവരും വിവാഹിതരുമായ എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്നവരെയും വിവാഹം കഴിഞ്ഞ ബധിരരും മൂകരുമായ ദമ്പതികളെയും പറഞ്ഞുവിടുമല്ലോ.

**ഏകസ്ഥരുടെ കൂട്ടായ്മ**

തൃശ്ശൂർ അതിരൂപതയിൽ ഏകസ്ഥരായി കഴിയുന്നവർക്കായുള്ള കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജൂലായ് 26-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.00 മണി ഉണ്ടായിരിക്കുന്നതാണ്. ഈ കൂട്ടായ്മയിലേക്ക് ഏക്സഥരായി കഴിയുന്ന ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

## കുടുംബകൂട്ടായ്മ

**കുടുംബകൂട്ടായ്മ ഇലക്ഷൻ 2025-2028**

2025 - 2028 കാലയളവിലേക്കുള്ള കുടുംബകൂട്ടായ്മ തിരഞ്ഞെടുപ്പ് ജൂൺ മാസത്തോടുകൂടി ആരംഭിച്ചല്ലോ. ജൂൺ, ജൂലൈ മാസങ്ങളിൽ യൂണിറ്റുകളിലേക്കും ആഗസ്റ്റ് മാസത്തിൽ ഇടവക

കേന്ദ്രസമിതിയിലേയും ഇലക്ഷനുകൾ പൂർത്തിയാക്കേണ്ടതാണ്. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിൽ സൗകര്യപ്രദമായ ഒരു തിയ്യതി കണ്ടെത്തി സമയബന്ധിതമായി ഇലക്ഷൻ പൂർത്തിയാക്കുമല്ലോ. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ജൂൺ മാസത്തിലെ അതിരൂപത ബുള്ളറ്റിനിൽ പ്രസിദ്ധം ചെയ്തിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കുടുംബകൂട്ടായ്മകളിലേയും ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തി അതിരൂപത ഓഫീസിൽ 2025 ആഗസ്റ്റ് 31 ന് മുൻപായി എത്തിക്കേണ്ടതാണ്. 2025 സെപ്റ്റംബർ/ ഒക്ടോബർ മാസങ്ങളിലാണ് ഫൊറോന കേന്ദ്രസമിതി തിരഞ്ഞെടുപ്പ് നടക്കുന്നത്. 2025 ഡിസംബർ മാസത്തിൽ അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

**പരിസ്ഥിതിദിനം ആചരിച്ചു**

ജൂൺ 5-ാം തിയ്യതി അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാവിൻതൈ നട്ടുകൊണ്ട് പരിസ്ഥിതി ദിനം ആചരിച്ചു.

**പതാക ദിനം**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ തിരുന്നാൾ ദിനമായ ജൂൺ 15-ാം തിയ്യതി ഇടവകകളിൽ കുടുംബകൂട്ടായ്മ ദിനാചരണവും പതാകദിനാചരണവും ഭംഗിയായി നടന്നു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും ഒത്തിരി നന്ദി. അന്നേ ദിവസം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ചേറൂർ ഇടവകയിൽ വച്ച് കുടുംബകൂട്ടായ്മയുടെ പതാക ഉയർത്തികൊണ്ട് അതിരൂപത തല കുടുംബകൂട്ടായ്മ ദിനാചരണം നിർവ്വഹിച്ചു.

**മെറിറ്റ് ഡേ**

2025 ജൂലൈ 5-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മെറിറ്റ് ഡേ 2025 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവ്വഹിക്കുന്നു. പ്രസ്തുത യോഗത്തിൽ 2024 - 2025 അദ്ധ്യയന വർഷത്തിലെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എ പ്ലസ്, ഫുൾ എ വൺ നേടിയ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കളെ ആദരിക്കുകയും ചെയ്യുന്നു. ആദരവിന് അർഹരായവർ മെറിറ്റ്

ഡേയിൽ പങ്കെടുത്ത് ആദരവ് ഏറ്റുവാങ്ങുവാൻ ഏറ്റവും സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**പ്രാർത്ഥനാദിനം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിനമാണ് ജൂലായ് 15-ാം തിയ്യതി ചൊവ്വാഴ്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുകൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ബിസിനസ് സംരംഭകർക്കുള്ള മോട്ടിവേഷൻ ക്ലാസ്സ്**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാരുടെ കഴിവുകൾ ഉപയോഗപ്പെടുത്തി സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആരംഭിച്ച സംരംഭങ്ങൾ കൂടുതൽ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുവാൻ ഉതകുന്ന മോട്ടിവേഷൻ ക്ലാസ്സ് ജൂലായ് 15 -ാം തിയ്യതി ചൊവ്വാഴ്ച്ച 11.00 മുതൽ 12.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാതൃവേദി ഭാരവാഹികളുമായി ബന്ധപ്പെടുക.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് കൊട്ടേക്കാട്, വേലൂർ ഫൊറോനകളിലെ

ഇടവകകളാണ്. താൽപര്യമുള്ളവർ ജൂലായ് 15-ാം തിയ്യതി ചൊവ്വാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**'തച്ചൻ' നാടകം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ ജൂലൈ 3 വ്യാഴാഴ്ച്ച വൈകീട്ട് 6.00 മണിക്ക് വ്യാകുലമാതാവിന് ബസിലിക്ക ഹാളിൽ വച്ച് പ്രോലൈഫ് പ്രവർത്തനങ്ങൾക്കായും ജീവൻ നിധിക്കായുമുള്ള ധനശേഖരണാർത്ഥം കാഞ്ഞിരപ്പിള്ളി അമല കമ്മ്യൂണിക്കേഷൻസിന്റെ തച്ചൻ എന്ന നാടകം അവതരിപ്പിക്കുന്നു. പ്രവേശന പാസുകൾക്കായി ബന്ധപ്പെടുക : 9846142576.

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ജൂലായ് 7 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ജൂലായ് മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ജൂലായ് 13-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.30 മുതൽ 6.30 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കു

ന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**ഏകദിന ഉപവാസ ആരാധന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഏകദിന ഉപവാസ ആരാധന ജൂലൈ 19-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മുതൽ 1.00 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്. ഈ ഏകദിന ഉപവാസ ആരാധനയിലേക്ക് എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി** — ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ** — പ്രസിഡന്റ്

## കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ

**ഇടയനോടൊപ്പം 2025**

കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ (CCWI) യുടെ 'ഇടയനോടൊപ്പം' എന്ന പരിപാടിയുടെ ഭാഗമായി അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവുമായി കൗൺസിൽ അംഗങ്ങൾ അതിരൂപ മന്ദിരത്തിൽ വച്ച് കൂടിക്കാഴ്ച നടത്തി. രക്ഷാകര ചരിത്രത്തിൽ സ്ത്രീകൾ വഹിച്ച പങ്ക് വിവരിച്ചുകൊണ്ട് കുടുംബത്തിലും, സഭയിലും, സമൂഹത്തിലും സ്ത്രീകൾ പ്രവർത്തനനിരതമാകേണ്ടതിനെക്കുറിച്ച് അഭിവന്ദ്യ പിതാവ് കൗൺസിൽ അംഗങ്ങളെ ഓർമ്മപ്പെടുത്തി. കൗൺസിൽ അംഗങ്ങൾ അഭിവന്ദ്യ പിതാവിന് നാമഹേതുകതിരുന്നാൾ ആശംസകൾ നേർന്നു. യോഗത്തിന് പ്രസിഡണ്ട് ശ്രീമതി സിങ്കമ്മ കള്ളിയത്ത് സ്വാഗതവും സെക്രട്ടറി ശ്രീമതി റോഷൻ നന്ദിയും രേഖപ്പെടുത്തി.

**ഫാ. ഡെന്നി താണിക്കൽ** — ഡയറക്ടർ

**ശ്രീമതി സിങ്കമ്മ കള്ളിയത്ത്** — പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**ദമ്പതി സായാഹ്നം**

കുടുംബങ്ങളുടെ സമർപ്പിത സമൂഹമായ ലോഫിന്റെ ഔട്ട് റീച്ച് പ്രോഗ്രമായ Family Enrichment Program (FEP) ജൂൺ ഒന്നാം തീയതി ഞായറാഴ്ച വൈകിട്ട് 6 മണി മുതൽ 8 മണി വരെ പുതുശ്ശേരി ഇടവകയിൽ വെച്ച് നടന്നു. ലോഫിന്റെ Spiritual Father ബഹു. അനീഷ് കൂത്തൂർ അച്ചന്റെ നേതൃത്വത്തിലാണ് ലോഫ് അംഗങ്ങൾ ദമ്പതി സായാഹ്നത്തിന് നേതൃത്വം നൽകിയത്.

നമ്മുടെ ഇടവകകളിൽ സായാഹ്നങ്ങളിൽ രണ്ടോ മൂന്നോ മണിക്കൂർ നീളുന്ന ദമ്പതി സായാഹ്നങ്ങൾ സംഘടിപ്പിക്കുകയാണെങ്കിൽ അവിടുത്തെ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കാൻ ലോഫ് അംഗങ്ങൾ വളരെ സന്തോഷപൂർവ്വം കടന്നു വരുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അതിരൂപത കുടുംബപ്രേഷിത കേന്ദ്രവുമായി ബന്ധപ്പെടുക.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ജൂലായ് 12-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF ACADEMIC SESSION**

ലോഫ് അക്കാഡമിക് സെഷൻ ജൂലായ് 27-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഡോ. ജോണി തോമസ്**
**& ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**കേരളത്തിലെ ക്ഷേമ പദ്ധതികൾ ; ആർക്കെല്ലാം അപേക്ഷിക്കാം?**

കേരളത്തിലെ ക്ഷേമ പദ്ധതികൾ അനവധിയാണ്. ജനങ്ങളുടെ സുരക്ഷയും ജീവിതവും മെച്ചപ്പെടുത്തുന്നതിലേക്കായി സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പലപ്പോഴും അവയെപ്പറ്റി വ്യക്തമായ ധാരണ പലർക്കുമുണ്ടാകാറില്ല. അതുകൊണ്ടുതന്നെ അവ ഉപയോഗപ്പെടുത്താൻ ഒരുപാട് പേർക്ക് കഴിഞ്ഞിട്ടുമില്ല. ഭിന്നശേഷിക്കാർ, സ്ത്രീകൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്കായുള്ള ക്ഷേമപദ്ധതികളെപ്പറ്റി വായിക്കാം.

**സ്ത്രീകൾക്കുള്ള പദ്ധതികൾ**

അഭയകിരണം- സ്വന്തമായി വീടോ, സ്ഥിര വരുമാനമോ ഇല്ലാത്ത, അഭയ സ്ഥാനമില്ലാതെ കഴിയുന്ന വിധവകളായ സ്ത്രീകളുടെ ജീവിതം മെച്ചപ്പെടുത്താനും അവരെ സംരക്ഷിക്കുന്നതിനുമായി ആരംഭിച്ച പദ്ധതി.

മംഗല്യ - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിധവകൾ, നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവർ എന്നിവരുടെ പുനർവിവാഹത്തിന് 25,000 രൂപ ധനസഹായം നൽകുന്ന പദ്ധതി.

സഹായഹസ്തം - സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്കു സ്വയം തൊഴിൽ കണ്ടെത്താൽ ധനസഹായം നൽകുന്ന പദ്ധതി.

**ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ**

വിദ്യാജ്യോതി - ഭിന്നശേഷി വിദ്യാർഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി.

വിദ്യാകിരണം - ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ മക്കൾക്കു വിദ്യാഭ്യാസ സഹായം നൽകുന്ന പദ്ധതി. വിദ്യാകിരണം പദ്ധതി പ്രകാരം കുട്ടികൾക്കു ക്ലാസുകളുടെ അടിസ്ഥാനത്തിൽ 10 മാസത്തേക്കു സ്കോളർഷിപ് ലഭിക്കും.

വിജയാമൃതം - ന്യൂനതകളോട് പൊരുതി ബിരുദ/ ബിരുദാനന്തര/ പ്രഫഷനൽ കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാർക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ്

അവാർഡ് നൽകുന്ന പദ്ധതി.

മാതൃജ്യോതി – ഭിന്നശേഷിക്കാരായ അമ്മമാർക്കു പ്രസവാനന്തരം കുഞ്ഞിനെ (കുഞ്ഞിന് 2 വയസ്സ് ആകുന്നതു വരെ) പരിപാലിക്കാനുള്ള ധനസഹായ പദ്ധതി. ഗുണഭോക്താക്കൾക്ക് 40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷി ഉണ്ടായിരിക്കണം.

നിരാമയ – ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണു നിരാമയ.

**കുട്ടികൾക്കുള്ള പദ്ധതികൾ**

കാൻസർ സുരക്ഷ – 18 വയസ്സിനു താഴെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്കു സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി.

താലോലം – ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥി വൈകല്യങ്ങൾ തുടങ്ങിയ വിട്ടുമാറാത്ത രോഗങ്ങൾ ബാധിച്ച 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കു സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി.

സ്നേഹപൂർവം – മാതാപിതാക്കൾ ഇരുവരും അഥവാ ഒരാൾ മരിച്ചു പോവുകയും ജീവിച്ചിരിക്കുന്നയാൾക്കു സാമ്പത്തിക പരാധീനത മൂലം സംരക്ഷണം സാധ്യമാകാതെ വരികയും ചെയ്യുന്ന കുട്ടികൾക്കായുള്ള പദ്ധതി.

**വയോജനങ്ങൾക്കുള്ള പദ്ധതികൾ**

മന്ദഹാസം – വാർധക്യത്തിൽ കൃത്രിമ പല്ലുകൾ വയ്ക്കാനുള്ള സാഹചര്യം ഇല്ലാതെ പോകുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 60 വയസ്സ് പൂർത്തിയായവർക്ക് സൗജന്യമായി കൃത്രിമ ദന്തനിര വച്ചു കൊടുക്കുന്ന പദ്ധതി.

സായംപ്രഭ ഹോം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ മുതിർന്ന പൗരന്മാർക്കു വിവിധ സേവനങ്ങൾ ലഭ്യമാക്കാനായി സാമൂഹികനീതി വകുപ്പ് ആരംഭിച്ച പദ്ധതി.

വയോമിത്രം – സംസ്ഥാനത്തു വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് ഊന്നൽ നൽകിയാരംഭിച്ച പദ്ധതി.

പദ്ധതികളെ സംബന്ധിച്ചുള്ള വിശദമായ വിവരണം 2025 ജൂലൈ മാസത്തിലെ കത്തോലിക്ക സഭ പത്രത്തിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. അന്വേഷണങ്ങൾക്ക് തൃശൂർ അതിരൂപത ഫാമിലി അപ്പോസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഓഫീസുമായി ഫോണിൽ ബന്ധപ്പെടാവുന്നതാണ്. വിശദാംശങ്ങളും

അപേക്ഷ ഫോമും www.afctcr.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. സംശയ ദൂരീകരണത്തിനു (+91) 7909293325, 7902713325 എന്ന നമ്പറുകളിൽ വിളിക്കുക.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ചിൽഡ്രൻസ് മിനിസ്ട്രി

**ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പും തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ പ്രവർത്തന കാലഘട്ട ഉദ്ഘാടനവും**

തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം എന്നീ സംഘടനകളുടെ ആനിമേറ്റർമാർക്കുള്ള അർദ്ധദിന പരിശീലന പരിപാടി ഡി ബി സി എൽ സി യിൽവെച്ച് 2025 ജൂൺ 14ന് ശനിയാഴ്ച നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. പോൾ മുട്ടത്ത് ക്ലാസുകൾക്കും തുടർന്നുള്ള പ്രോഗ്രാമുകൾക്കും നേതൃത്വം നൽകി. അന്ന് ഉച്ചതിരിഞ്ഞ് മൂന്നുമണിയോടുകൂടി തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2025-26 പ്രവർത്തനകാലഘട്ടം ഉദ്ഘാടനവും നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ യോഗം ഉദ്ഘാടനം ചെയുകയും ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2025-26 പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി പ്രകാശനം ചെയ്യുകയും ചെയ്തു. തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താര സംഘം എന്നീ സംഘടനകളിലെ പുതിയ അതിരൂപത ഭാരവാഹികൾക്കും ആനിമേറ്റർമാർക്കും ചുമതലകൾ കൈമാറുകയും കഴിഞ്ഞ വർഷത്തെ അതിരൂപത ആനിമേറ്റർമാരെയും ഭാരവാഹികളെയും മെമന്റോ നൽകി ആദരിക്കുകയും ചെയ്തു. നമ്മുടെ കുഞ്ഞുങ്ങളെ ഈശോയിലേക്ക് നയിക്കുന്നതിന്, ഭാരവാഹികൾക്കുള്ള ഉത്തരവാദിത്വത്തെ സംബന്ധിച്ച് ഫാ. ജെയ്സൺ ഓർമ്മപ്പെടുത്തി. അതിരൂപത ഭാരവാഹികളുടെ പ്രതിനിധിയായി തിരുബാലസഖ്യം ആനിമേറ്റർ പ്രസിഡന്റ് ശ്രീമതി. പ്രഭ ആന്റണി, അതിരൂപത ജൂനിയർ സി എൽ സി ആനിമേറ്റർ ശ്രീ. ഡൊമിനിക് സാവിയോ എന്നിവർ

ആശംസകൾ അറിയിക്കുകയും ചെയ്തു. ഫാ. പോൾ മുട്ടത്ത്, സി. ജീജ എസ് എസ് പി സി, അതിരൂപത ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ആനിമേറ്റേഴ്സിൽ നിന്നും,കുട്ടികളിൽ നിന്നും തെരഞ്ഞെടുത്ത അതിരൂപത ഭാരവാഹി കളുടെ പേര് വിവരങ്ങൾ താഴെ നൽകുന്നു

**ആനിമേറ്റേഴ്സിൽ നിന്നുള്ള അതിരൂപത ഭാരവാഹികൾ:**

<u>തിരുബാലസഖ്യം</u>

പ്രസിഡന്റ് : റോസ് ടെറി, ഒല്ലൂക്കര

വൈസ് പ്രസിഡന്റ്: ഷീല റാഫേൽ, കുണ്ടന്നൂർ

സെക്രട്ടറി: ലിഷ ജോഫി, ബസിലിക്ക

ജോയിന്റ് സെക്രട്ടറി: മേരീസ് ജോൺസൺ, തോളൂർ

ട്രഷറർ : സീന ഷാജി, ലൂർദ്

<u>അൾത്താരസംഘം</u>

പ്രസിഡന്റ് : സി.വിനയ, മുണ്ടൂർ

വൈസ് പ്രസിഡന്റ് : ഷിനിൽ റാഫി, വെട്ടുകാട്

സെക്രട്ടറി : ഷൈനി ജോഷി, കോനിക്കര

ജോയിന്റ് സെക്രട്ടറി: അജിൽ ആന്റോ, പഴുവിൽ

ട്രഷറർ : സി. റീത്ത, ചിറ്റിശ്ശേരി

<u>ജൂനിയർ സി എൽ സി</u>

പ്രസിഡന്റ് : നിതീഷാ എം. സി, മണ്ണുത്തി

വൈസ് പ്രസിഡന്റ്: സി. അലീന, നിർമലപുരം

സെക്രട്ടറി: സി. ലിറ്റി ജോസഫ്, ആറ്റത്തറ

ജോയിന്റ് സെക്രട്ടറി: വിജി ഷാജു, പെരിഞ്ചേരി

ട്രഷറർ : അന്നാ രാജു, ചെമ്പൂക്കാവ്

**ആമി ജെസു 2025 പരീക്ഷ**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ 50 നോമ്പിൽ ചിൽഡ്രൻസ് മിനിസ്ട്രി വാട്ട്സ് അപ്പ് ചാന ലിലൂടെ ലഭിച്ച 50 വചനങ്ങളും മന:പാഠമാക്കിയവർക്ക് 2025 ജൂൺ 22 ന് കുരിയച്ചിറ, സെന്റ് ജോസഫ്സ് സ്കൂളിൽ ഉച്ചത്തിരിഞ്ഞ് 3.00 മണി മുതൽ 5.00 മണി വരെ പരീക്ഷ സംഘടിപ്പിക്കുന്നു. നേ ഴ്സറി ക്ലാസ് മുതൽ മൂന്നാം ക്ലാസ് ഉൾപ്പെടെയുള്ള കുട്ടികൾക്ക് മൾട്ടിപ്പിൾ ചോയ്സ് ചോദ്യരൂപത്തിലും, നാലാം ക്ലാസ് മുതൽ 10ാം ക്ലാസ് ഉൾപ്പെടെയുള്ള കുട്ടികൾക്ക് എഴുത്തുരൂപത്തിലും പരീക്ഷ

നടത്തുന്നതാണ്. പരീക്ഷയ്ക്ക് ഒരുങ്ങുന്നവർ 50 വചനങ്ങളും അദ്ധ്യായവും വാകൃവും വീഡിയോയിൽ കണ്ടതുപോലെ പഠിക്കേണ്ടതാണ്. ചില വചനങ്ങൾ പൂർണ്ണമായി വീഡിയോയിൽ ഉണ്ടാകില്ല. വീഡിയോയിലുള്ളത്ര ഭാഗങ്ങളാണ് പഠിക്കേണ്ടത്. ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് കാറ്റഗറി തിരിച്ച് ചിൽഡ്രൻസ് മിനിസ്ട്രി സമ്മാനം നല്കുന്നതാണ്.

**സാഹിത്യമത്സരങ്ങൾ**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്റ്റർ ആഭിമുഖ്യത്തിൽ 2025 ജൂലൈ 12 ന് ഉച്ചത്തിരിഞ്ഞ് 1. 30 മുതൽ 4.00 വരെ, കുരിയച്ചിറ, സെന്റ് ജോസഫ് സ്കൂളിൽ വെച്ച് തിരുബാലസഖ്യം, അൾത്താരാ സംഘം, ജൂനിയർ സി എൽ സി എന്നീ സംഘടനകളുടെ കുട്ടികൾക്കായി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2025 ജൂലൈ 2 ന് മുമ്പ് എൻട്രിഫോം പൂരിപ്പിച്ച് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏൽപ്പിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

<u>തിരുവചനം:</u> എന്റെ കർത്താവേ, എന്റെ ദൈവമേ (യോഹ: 20:28)

<u>സുകൃതജപം:</u> പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനെ, പരിശുദ്ധനായ അമർത്യനെ, കുഞ്ഞുങ്ങളെ ഈശോയിൽ നിന്ന് അകറ്റുന്ന എല്ലാ തടസങ്ങളെയും ഇല്ലാതാക്കണമേ.

<u>പ്രാർത്ഥനാ നിയോഗം:</u> മിഷൻ മേഖലകളിലേക്ക് ദൈവവിളികൾ വർദ്ധിക്കാൻ പ്രാർത്ഥിക്കുക

<u>പ്രവർത്തനം:</u> മാസത്തിലൊരിക്കലെങ്കിലും വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്ന മിഷൻ പ്രദേശത്തെ വിശ്വാസികൾക്കായി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധ**

'ദൈവീകമായ കാര്യങ്ങളിൽ ഏറ്റവും ദിവ്യമായത് ആത്മാക്കളുടെ രക്ഷയ്ക്കായി സഹകരിക്കുക' എന്ന മുദ്രാവാകൃവുമായി സ്വന്തം ജീവിതം മിഷൻ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച വാഴ്ത്തപ്പെട്ട മരിയ തെരേസ ലെഡോസ്കയാണ് നാം ഈ മാസം പരിചയപ്പെടാൻ പോകുന്ന വിശുദ്ധ. 1863 ഓസ്ട്രീയയിൽ ഒരു പോളിഷ് പ്രഭു കുടുംബത്തിൽ ജനിച്ച മരിയ തെരേസ ചെറുപ്പം മുതലെ എഴുത്തും സംഗീതവും ഉൾപ്പെടെയുള്ള കലാപരമായ കഴിവുകൾ പ്രകടിപ്പിച്ചിരുന്നു. ആഫ്രിക്കയിൽ പ്രത്യേകിച്ച് സ്ത്രീകൾക്കെതിരായി നടന്നുകൊണ്ടിരുന്ന അടിമത്തത്തിനെതിരെ പോരാടുന്നതിന് മരിയ തെരേസ വളരെയധികം തന്റെ കഴിവുകൾ ഉപയോഗിച്ചിരുന്നു.

മരിയ തെരെസയുടെ അങ്കിൾ ആയിരുന്ന കർദിനാൾ അടിമത്തത്തിനെതിരെ പോരാടുവാനും ആഫ്രിക്കയിൽ സുവിശേഷവത്കരണം നടത്തുവാനുമുള്ള പ്രവർത്തനങ്ങളിൽ മുൻപിലായിരുന്നു. അതിനാൽ സ്വന്തം അങ്കിളിൽ നിന്നുമാണ് മരിയ തെരേസയ്ക്ക് പ്രചോദനം ലഭിച്ചത്. 1894ൽ, മരിയ മിഷണറി സിസ്റ്റേഴ്സ് ഓഫ് സെന്റ് പീറ്റർ ക്ലാവർ എന്ന സഭ സ്ഥാപിച്ചു. സാമ്പത്തിക സഹായം, വിദ്യാഭ്യാസ സഹായം, മതപരമായ സാമഗ്രഹികളുടെ വിതരണം, എന്നിവ ഉൾപ്പെടെ വിവിധ മാർഗങ്ങളിലൂടെ ആഫ്രിക്കയിലെ ജനങ്ങളെ പിന്തുണക്കുക, അതിലുപരി യേശുവിനെ രക്ഷകനും നാഥനുമായി സ്വീകരിക്കുവാൻ പഠിപ്പിക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. അടിമത്തത്തിനെതിരെ പോരാടുന്നതിനും ആഫ്രിക്കയുടെ സുവിശേഷം വൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള മരിയ തെരെസയുടെ അക്ഷീണപരിശ്രമങ്ങൾ 'ആഫ്രിക്കയുടെ അമ്മ' എന്ന പേര് അവൾക്ക് നൽകി.ക്ഷയ രോഗം ബാധിച്ചിട്ടും മരണംവരെ മിഷൻ പ്രവർത്തനങ്ങൾക്കായും, മിഷനറിമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായും തുടർന്നും പ്രവർത്തിച്ചു. അങ്ങനെ മരിയ തെരേസ 1922 ജൂലൈ 6 ന് റോമിൽ വച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 1975 ഒക്ടോബർ 19ന് പോൾ ആറാമൻ മാർപാപ്പ മരിയ തെരെസയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. ഈ വിശുദ്ധയെ അനുകരിച്ച് നമ്മുടെ കഴിവുകളെ ദൈവസേവനത്തിനായി ഉപയോഗിക്കാം.

**ഫാ. പോൾ മുട്ടത്ത്**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധസമിതി

**1. ലഹരി വിരുദ്ധ ക്വിസ് മത്സരം : 25.05.2025**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത ലഹരി വിരുദ്ധ ക്വിസ് മത്സരം സംഘടിപ്പിച്ചു. തൃശൂർ പാസ്റ്ററൽ സെന്ററിൽ അരങ്ങേറിയ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് റവ. ഫാ. ജോസ് വട്ടക്കുഴിയാണ്. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ യോഗത്തിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷകനായി.

**ക്വിസ് മത്സര വിജയികൾ :**

<u>ജൂനിയർ വിഭാഗം</u>

<u>ഫസ്റ്റ്:</u> തെരേസ പി. ബിജോയ്, സെന്റ് ആന്റണീസ് ഫൊറോന ചർച്ച്, ഒല്ലൂർ

<u>സെക്കന്റ്:</u> അലീന ആന്റണി, സെന്റ് ഫ്രാൻസീസ് സേവ്യർ ഫൊറോന ചർച്ച്, വടക്കാഞ്ചേരി

<u>തേർഡ്:</u> ഇഷാര വി.എസ്., സെന്റ് ആന്റണീസ് ചർച്ച്, ഒല്ലൂർ

<u>സീനിയർ വിഭാഗം</u>

<u>ഫസ്റ്റ്:</u> ലിൻസി ജോസഫ്, സെന്റ് ആന്റണീസ് ചർച്ച്, കോടന്നൂർ

<u>സെക്കന്റ്:</u> സെമി ഏ.എക്സ്., സെന്റ് ഫ്രാൻസീസ് സേവ്യർ ചർച്ച്, ചേറൂർ

<u>തേർഡ്:</u> അബീഷ് ആന്റു, വിജയമാത ചർച്ച്, ചിയ്യാരം

**2. ആഗോള പുകയില വിരുദ്ധ ദിനാചരണം: 31.05.2025**

മദ്യ-പുകയില-രാസ ലഹരികളുടെ അന്ധകാരത്തിൽ തലമുറകൾ വഴിതെറ്റിപ്പോകുന്നു എന്ന് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത പാലയ്ക്കൽ സെന്റ് മാത്യൂസ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച ആഗോള പുകയില വിരുദ്ധ ദിനാചരണം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ യോഗത്തിന് ആമുഖപ്രഭാഷകനായത് അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. റിട്ടയേർഡ് സബ് ഇൻസ്പെക്ടറും മോട്ടിവേഷൻ സ്പീക്കറുമായ ശ്രീ. സേവ്യർ പള്ളിപ്പാടനാണ് പുകയില വിരുദ്ധ ബോധവൽക്കരണ സെമിനാർ നയിച്ചത്. ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തത് മദ്യവിരുദ്ധ സമിതി അതിരൂപത ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്.സി.യാണ്. തൃശൂർ അതിരൂപത മദ്യവിരുദ്ധ സമിതി സംഘടിപ്പിച്ച ലഹരി വിരുദ്ധ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഒല്ലൂർ ഇടവകാംഗം കുമാരി തെരേസ പി. ബിജോയിയെ വേദിയിൽ ആദരിച്ചു. ശ്രീ. ജോസ് വടക്കേത്തല കൃതജ്ഞത പ്രകാശിപ്പിച്ചു.

**3. സംസ്ഥാന കമ്മിറ്റി: 06.06.2025**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന യോഗം എറണാകുളം പി.ഒ.സി.യിൽ അരങ്ങേറി. തൃശൂർ അതിരൂപതയിൽ നിന്നും ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ടി.എസ്. അബ്രാഹം എന്നിവർ

പങ്കെടുത്തു. കഴിഞ്ഞ അർദ്ധ വാർഷിക സമ്മേളനത്തിലെ പരിപാടികളുടെ അവലോകനം നടത്തി. സംസ്ഥാന വാർഷിക സമ്മേളനം ജൂലായ് മാസത്തിൽ എറണാകുളം പി.ഒ.സി.യിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആഗോള ലഹരി വിരുദ്ധ ദിനമായ ജൂൺ 26 ന് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃശൂരിൽ ഏതെങ്കിലും തെരഞ്ഞെടുക്കുന്ന സ്കൂളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം സംഘടിപ്പിക്കുവാനും ഏകകണ്ഠമായി നിശ്ചയിച്ചു.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

## കലാസദൻ

**അഖില കേരള നാടക രചനാ മത്സരം**

പ്രമുഖ കലാസാംസ്കാരിക സംഘടനയായ തൃശൂർ കലാസദനും തൃശൂർ അതിരൂപതയിലെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തൈക്കാട്ടുശ്ശേരി സെ. പോൾസ് പള്ളിയും സഹകരിച്ച് നടത്തുന്ന അഖില കേരള നാടകരചനമത്സരത്തിന് കൃതികൾ ക്ഷണിച്ചു. ബൈബിളിലും പാരമ്പര്യത്തിലും ഉള്ള സെ.പോളിന്റെ യാഥാർത്ഥ ജീവിതം പ്രതിഫലിപ്പിക്കുന്നതാകണം നാടക വിഷയം. 45/50 മിനിറ്റിൽ അവതരിപ്പിക്കാവുന്ന വിധമായിരിക്കണം രചനകൾ.

രചനകൾ- ബേബി മൂക്കൻ, കൺവിനർ - സാഹിത്യ വിഭാഗം, കലാസദൻ, തൃശൂർ- 5 എന്ന വിലാസത്തിൽ, 2025 ജൂലായ് 15നു മുമ്പ് ലഭിക്കത്തക്കവിധം, അയയ്ക്കേണ്ടതാണ്. പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാവുന്നതാണ്. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 11,111 രൂപയും 7,777 രൂപയും കാഷ് അവാർഡും, മെമെന്റോയും സർട്ടിഫിക്കറ്റും നല്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന നാടകങ്ങൾ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9526 91 4455

**ഫാ. ജിയോ തെക്കിനിയത്ത്**
കലാസദൻ സെക്രട്ടറി

## ലീജിയൻ ഓഫ് മേരി

തൃശ്ശൂർ അതിരൂപത ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയം, പാസ്റ്ററൽ സെന്ററിലെ ലീജിയൻ ഹാളിൽ കൂടിയ മീറ്റിംഗിൽ ആച്ചിയസിൽ (സൈനിക പ്രകടനം) പങ്കെടുത്ത എല്ലാ മരിയൻ സൈനികരേയും പ്രസിഡന്റ് ബ്ര: സണ്ണി കാട്ടൂക്കാരൻ അഭിനന്ദിച്ചു. സെന്റ് മേരിസ് കോളേജിൽ നിന്നും പുത്തൻ പള്ളിയിലേക്കുള്ള മരിയൻ സൈനികരുടെ ജപമാല റാലിക്ക് പ്രസിഡന്റ് ബ്ര:സണ്ണി കാട്ടൂക്കാരുടെ, സെക്രട്ടറി ബ്ര: ലാസർ കള്ളിക്കാടാൻ, ട്രഷറർ ബ്ര:തോമസ് മണ്ണുത്തി എന്നിവർ നേതൃത്വം നല്കി. എല്ലാ മരിയ സൈനികരും യൂണിഫോം ധരിച്ച് റാലിക്ക് പങ്കെടുത്തത് വളരെ മനോഹരമായിരുന്നു. സംഘടനയുടെ തെരട്ട് കൊടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിന് ട്രഷറർ തോമസ് മണ്ണുത്തിയെ ചുമതലപ്പെടുത്തി. ലീജിയൻ ഒഫ് മേരി സംഘടനയുടെ തെരഞ്ഞെ ടുപ്പ് തിയ്യതികൾ യോഗത്തിൽ തിരുമാനിച്ചു.ഇടവക തലത്തിലുള്ള പ്രസീദിയങ്ങളിൽ 2026-ഫെബ്രു-മാർച്ച് മാസങ്ങളിലും കൂരിയ തല ത്തിലുള്ള തെരഞ്ഞെടുപ്പ് 2026-ജൂൺ മാസത്തിലും കമ്മീസിയം തിരഞ്ഞെടുപ്പ് ഓഗസ്റ്റ് മാസത്തിലും നടത്താൻ യോഗം തിരുമാ നിച്ചു. പരി മാതാവിന്റെ സംഘടനയായ ലീജിയൻ ഓഫ് മേരി ഇല്ലാത്ത ഇടവക പള്ളികളിൽ എത്രയും പെട്ടെന്ന തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ആദ്ധ്യത്മികനിയന്താവ് റവ.ഫാ. ജോൺ മൂലൻ കമ്മീസിയം ഭാരവാഹി കളോട് നിർദ്ദേശിച്ചു.

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മിക നിയന്താവ്

## ജീസസ്സ് യൂത്ത്

**Sem Break Missions**

തൃശ്ശൂർ ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃതത്തിൽ സെം ബ്രേക്ക് മിഷനുകൾ നടത്തപ്പെട്ടു.. തൃശ്ശൂർ വിമല,സെന്റ് തോമസ്, ക്രൈസ്റ്റ് കോളേജുകളിൽ നിന്ന് 7 ഓളം പെൺകുട്ടികളും ഒരു സിസ്റ്ററുമാണ്

മിഷൻ യാത്രയുടെ ഭാഗമായത്. മെയ് 24 ന് തുടങ്ങി 30 നാണ് തിരിച്ചെത്തിയത. തമിഴ്നാട്ടിലെ വില്ലു പുരത്തേക്കാണ് മിഷനായി പോയത്. അവിടുത്തെ കുടുംബങ്ങളെ കാണാനും കേൾക്കാനും അവർക്കായി പ്രാർത്ഥിക്കാനും ഇത് വലിയ അവസരമായിരുന്നു എന്ന് അവർ പറഞ്ഞു... കൂടാതെ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്നും മിഷൻ യാത്രയ്ക്കായി പോകുകയുണ്ടായി. കർണാടകയിലെ യദ്ധോഗയിലേക്കാണ് മിഷനായി പോയത്. ഏപ്രിൽ 4 ന് തുടങ്ങി 12 നാണ് തിരിച്ചെത്തിയത്. കേരള TASC ടീമിന്റെ ആനിമേറ്റർ സി. ഷാരോണും 7 വിദ്യാർത്ഥികളുമാണ് മിഷൻ യാത്രയ്ക്കായി പോയത്...

**ANANDAM**

മെയ് 22 വ്യാഴാഴ്ച, പുല്ലഴി സെന്റ് ജോസഫ്സ് പള്ളിയിൽ, വികാരി ഫാ. ആന്റണി ചിറ്റിലപിള്ളിയുടെ അധ്യക്ഷതയിൽ, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി 'ആനന്ദം' വൺ ഡേ പ്രോഗ്രാം നടത്തി. പങ്കെടുത്തവരും വളണ്ടിയേഴ്സും ഉൾപ്പെടെ ഏഴുവത്തോളം പേര് പ്രോഗ്രാമിന്റെ ഭാഗമായി.

സങ്കീർത്തനങ്ങൾ 118-24ൽ നിന്ന് പ്രചോദനം ഉൾകൊണ്ട് 'റിജോയ്സ്' എന്ന തീമിലാണ് പരിപാടി നടത്തിയത്. ഗെയിംസ്, ട്രഷർ ഹണ്ട്, ആക്ഷൻ സോങ്ങ് എന്നീവ പ്രോഗ്രാമിൽ ഉൾപ്പെടുത്തിരുന്നു. അന്നാ തെരേസാ, ഷാന്റോ തോമസ് എന്നിവർ ക്ലാസുകൾ എടുത്തു.

**Family Stream**

ഫാമിലി ടീമിന്റെ നേതൃത്വത്തിൽ എല്ലാ മാസവും നടക്കുന്ന ഫ്രൈഡേ സ്പിരിചൽ ഗാതറിങ് (FSG) മെയ് ഒമ്പതാം തീയതി നടന്നു. മുപ്പതോളം കുടുംബങ്ങൾ ഗ്യാതറിങ്ങിൽ പങ്കെടുത്തു. പുതുക്കാട് ഫാമിലി സ്ട്രീം സബ്സോൺ reconstitution പുതുക്കാട് സി.എം.സി സ്കൂളിൽ വെച്ചും ലൂർദ്, ബസിലിക്കാ, പട്ടി ക്കാട് സബ്സോണുകളുടെ reconstitution തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റിൽ വെച്ചും നടത്തപ്പെട്ടു. വടക്കാഞ്ചേരി, എരുമപ്പെട്ടി സബ്സോണുകളുടെ reconstitution ഗാഗുൽത്താ ധ്യാനകേന്ദ്രം കുറുമാലിൽ വച്ചും മറ്റം സബ്സോൺ reconstitution മറ്റം സെന്റ് തോമസ് ഫോറോനാ ചർച്ചിൽ വെച്ചും മെയ് 25 ന് ഞായറാഴ്ച നടത്തപ്പെട്ടു.

**Zonal Night Vigil**

ഈ മാസത്തെ ജീസസ് യൂത്ത് സോണൽ നൈറ്റ് വിജിൽ ജൂൺ 7ന് തൃശ്ശൂർ ഡോളേഴ്സ് ബസിലിക്കയിൽ വച്ച് വൈകീട്ട് 9 മണിക്ക് ജപമാലയോടെ ആരംഭിച്ചു. സ്തുതിപ്പും ആരാധനയും മധ്യസ്ഥ

പ്രാർത്ഥനയും ഉണ്ടായിരുന്നു. ജീസസ് യൂത്ത് അസി. ഡയറക്ടർ ഫാ. ബിജോയ് പൊൻപറമ്പിൽ- ന്റെ കാർമ്മികത്വത്തിൽ വി. കുർബാനയോടു കൂടി സമാപിച്ചു.

**ROGA 2025**

എരുമപ്പെട്ടി സബ്സോണിന്റെ നേതൃത്വത്തിൽ നടന്ന ROGA 2025 യുവജനധ്യാനം, മെയ് 21 മുതൽ- 24 വരെയുള്ള ദിവസങ്ങളിൽ, ചൊവ്വന്നൂർ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ വച്ച്, നന്നു. ജീസസ് യൂത്ത് ആനിമേറ്റർ ഫാ. തോമസ് ചൂണ്ടൽ ധ്യാനം ഉൽഘാടനം ചെയ്തു, ഡീക്കൻ ആക്റ്റൺ പല്ലിശ്ശേരി, സി. കൃപ, സി. സുമിത എന്നിവരുടെ പൂർണ സഹായ സഹകരണങ്ങളോട് കൂടി ധ്യാനം നടന്നു. 43 യുവ ജനങ്ങൾ ഇതിൽ പങ്കെടുത്തു. ജോബി പടവരാട്, ഷാജു പടവരാട്, ബിജു പെരിഞ്ചേരി, ആന്റണി എന്നിവരാണ് ധ്യാനം നയിച്ചത്.ധ്യാനത്തിന്റെ അവസാന ദിവസം പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കളെ വിളിച്ചുകൂട്ടുകയും, 32 മാതാപിതാക്കൾ പങ്കെടുക്കുകയും ചെയ്തു. ധ്യാനത്തിന് മുന്നോടിയായി 4 ആഴ്ചകളിൽ, 4 ഇടവകകളിലായി ആരാധന നടത്തപ്പെടുകയും, പ്രാർത്ഥിക്കുകയും, ധ്യാനത്തിന്റെ ആദ്യ ദിന ത്തിൽ 24 മണിക്കൂർ മധ്യസ്ഥ പ്രാർത്ഥനനടത്തുകയും ചെയ് തിരുന്നു. 24 തിയ്യതി വൈകീട്ട് 5:00 മണിയോടെ ധ്യാനം അവസാ നിച്ചു.

**S@teens**

തൃശ്ശൂർ ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ മാസവും രണ്ടാമത്തെ ശനിയാഴ്ച നടത്തിവരുന്ന S@teens എന്ന പ്രോഗ്രാം മെയ് മാസം 24-ാം തീയതി ശനിയാഴ്ച തൃശ്ശൂർ സെന്റ് ക്ലെയർസ് സ്കൂളിൽ വെച്ച് രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ നടന്നു. ദൈവകൃപയാൽ 55 ൽ പരം വിദ്യാർത്ഥികളും മിനിസ്ട്രി ടീം അംഗങ്ങളും പങ്കെടുത്തിരുന്നു. Hope In Action എന്ന ആശയത്തിൽ ലൂർദ് സബ്സോൺ കോഡിനേറ്റർ ക്രിസ്‌വിൻ കുട്ടികളോട് സംസാരിക്കുകയുണ്ടായി. അതോടൊപ്പം ഒരു ടീനേജർ ആയിരിക്കു മ്പോൾ നമുക്ക് എങ്ങനെ കർത്താവിനെ മറ്റു ടീനേജർസ് കൊടുക്കാം എന്ന് കേരള ടീൻസ് ടീം ചാപ്ലിൻ ഫാ. റേയ്സൺ പങ്കുവെച്ചു. ആരാധനയും പാട്ടും വിവിധ കളികളുമായി കുട്ടികൾക്ക് ഒരു നവ ഉന്മേഷമായി S@teens എന്ന പ്രോഗ്രാം.

**ഹൗസ്ഹോൾഡ്**

ജൂൺ മാസം 1-ാം തിയ്യതി ഞായറാഴ്ച്ച തൃശൂരിൽ 9 ഹൗസ്ഹോൾ ഡുകൾ നടന്നു. അന്ന് തന്നെ മണ്ണുത്തി, എരുമപ്പെട്ടി, മറ്റം, പാലയൂർ ഹൗസ് ഹോൾഡ് എന്നിവിടങ്ങളിൽ പുതിയ (2025-2027) ഹൗസ്

ഹോൾഡ് കോർ ടീം നിലവിൽ വന്നു. 'ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും' (യോഹന്നാൻ 14: 16) എന്ന വചനഭാഗത്തെക്കുറിച്ച് വിചിന്തനം ചെയ്യുകയും ഈ ഒരു മാസം ഈ വചനഭാഗം ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള തീരുമാനങ്ങൾ ഗ്രൂപ്പുകളിൽ എടുക്കുകയും ചെയ്തു.

**റീ കമ്മിറ്റ്മെന്റ് ഡേ 2025**

പന്തക്കുസ്ത തിരുന്നാളും, ജീസസ് യൂത്ത് റീ കമ്മിറ്റ്മെന്റ് ഡേയും സംയുക്തമായി ജൂൺ 8ന്, ഞായറാഴ്ച ഉച്ചയ്ക്ക് 12 മണി മുതൽ വൈകിട്ട് 5 മണി വരെ ചേറൂർ വിമല കോളേജിൽ വെച്ച് നടന്നു. റീ കമ്മിറ്റ്മെന്റ് ഡേയ്ക്ക് ഒരുക്കമായി ജൂൺ 6ന് അഖണ്ഡ ജപമാല നടത്തി. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ, ജീസസ് യൂത്ത് ഡയറക്ടർ ഫാ.ബാസ്റ്റിൻ പുന്നോലിപ്പറമ്പ്,അസി. ഡയറക്ടർ ഫാ. ബിജോയ് പൊൻപറമ്പിൽ, ഫാ. ഷോജി വർഗീസ്, ഫാ. നിതിൻ പൊന്നാനി, ആനിമേറ്റർ സി. ജിഷ സി.എം.സി, കെ. ജെ. വൈ.സി. മെമ്പർ മാത്യു ജോസഫ്, ജീസസ് യൂത്ത് തൃശ്ശൂർ കോഡിനേറ്റർ ആൽവിൻ ഡേവിസ്, ജനറൽ കോർഡിനേറ്റർ അലക്സ് ബാബു എന്നിവർ ചേർന്നാണ് വിവിധ പരിപാടികൾക്ക് നേതൃത്വം നൽകിയത്. ആയിരത്തിലധികം ജീസസ് യൂത്ത് അംഗങ്ങൾ റീ കമ്മിറ്റ്മെന്റ് ഡേയുടെ ഭാഗമായി.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. ബിജോയ് പൊൻപറമ്പിൽ**
അസോ. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**ആബാ ധ്യാനകേന്ദ്രത്തിൽ പന്തക്കുസ്ത കൺവെൻഷൻ**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് പന്തക്കുസ്ത തിരുനാളിന് ഒരുക്കമായി 10 ദിവസത്തെ പരിശുദ്ധാത്മാവിനോടുള്ള നൊവേനയും പന്തക്കുസ്താ കൺവെൻഷനും മെയ് 30 മുതൽ ജൂൺ 7 വരെയുള്ള തീയതികളിൽ

ആബാ ധ്യാനകേന്ദ്രത്തിൽ വെച്ച് നടന്നു. പന്തക്കുസ്താ കൺവെൻഷന് റവ. ഫാ. ജീൻസ് ചീങ്കല്ലേൽ, റവ.ഫാ. റാഫേൽ കോക്കാടൻ, റവ.ഫാ. ഫ്രാൻസിസ് കർത്താനം എന്നിവർ വിവിധ ദിവസങ്ങളിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, വികാരി ജനറൽ മോൺ. ജോസ് കോനിക്കര എന്നിവർ വിവിധ ദിവസങ്ങളിൽ വിശുദ്ധബലിക്ക് മുഖ്യ കാർമികരായി. ഓരോ ദിവസവും ജപമാല, വചനപ്രഘോഷണം, വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, നൊവേന, നേർച്ച ഭക്ഷണം എന്നിവ ഉണ്ടായിരുന്നു. അതിരൂപതയുടെ 16 സബ് സോൺകളിൽ നിന്ന് അനേകംപേർ ഈ ശുശ്രൂഷയിൽ പങ്കുകാരായി.

**കുടുംബോത്സവം**

മറ്റം സബ് സോൺ കരിസ്മാറ്റിക് കുടുംബോത്സവം മറ്റം സെന്റ് തോമസ് ഫൊറോനാ ദേവാലയത്തിൽ മെയ് 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 6 വരെ നടന്നു. ഫൊറോന വികാരി ഡോക്ടർ ഫ്രാൻസിസ് ആളൂർ കുടുംബോത്സവം തിരിതെളിയിച്ച് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. KCSC അംഗം സാബു എം വർഗീസ് വചന സന്ദേശം നൽകി.

അതിരൂപതയിലെ വചനപ്രഘോഷകർക്കും സ്പിരിച്ചൽ ഷെയറിങ്ങ് നടത്തുന്നവർക്കും ഉള്ള കോഴ്സ് മെയ് 12 13 14 തീയതികളിൽ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു. റവ. ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ, റവ. ഫാ. സിജോ തെയ്യാലക്കൽ എന്നിവർ വിവിധ ദിവസങ്ങളിൽ ശുശ്രൂഷകൾ നയിച്ചു.

LSS ഫോർമേഷൻ പ്രോഗ്രാം എല്ലാ ബുധനാഴ്ചകളിലും ആബാ ധ്യാനകേന്ദ്രത്തിൽ നടന്നുവരുന്നു.

**K.A.C. മീറ്റിംഗ്**

മെയ് 27, 28 തീയതികളിൽ ആയി KAC മീറ്റിംഗ്, K.C.S.C. പുനസംഘടനയും കളമശ്ശേരി എമ്മാവൂസിൽ വച്ച് നടന്നു. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ വർഗീസ് ചക്കാലക്കൽ പിതാവ് മുഖ്യപ്രഭാഷണം നടത്തി. നാഷണൽ സർവീസ് അംഗങ്ങൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. റവ. ഫാ. ജോ പാച്ചേരി, സാബു എം. വർഗീസ്, കോ-ഓഡിനേറ്റർ ഷാജു കെ കെ, സെക്രട്ടറി റോയ് തൈക്കാട്ടിൽ, ട്രഷറർ വിൻസന്റ് ചിറയത്ത്, KAC അംഗങ്ങളായ ബൈജു, ലോളി റാഫി, ആന്റണി, സെബാസ്റ്റ്യൻ എന്നിവർ ഈ മീറ്റിങ്ങിൽ തൃശ്ശൂർ സോണിനെ പ്രതിനിധീകരിച്ച് പങ്കെടുത്തു. കേരള സർവീസ് ടീമിലേക്ക് റവ. ഫാ. ജോ പാച്ചേരി, സാബു എം. വർഗീസ് എന്നിവർ തിരഞ്ഞെടു

ക്കപ്പെട്ടു. കേരള സർവീസ് ടീം സെക്രട്ടറിയായി തൃശ്ശൂർ അതിരൂപത കോട്ടപ്പടി ഇടവകാംഗമായ സാബു എം. വർഗീസിനെ തെരഞ്ഞെടുത്തു.

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ

**ഫാ. സിന്റോ പൊന്തേക്കൻ**
അസി. ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്

**യൂത്ത് കൗൺസിൽ അതിരൂപത പ്രവർത്തനോദ്ഘാടനം**

കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ ഉത്ഘാടനവും, കത്തോലിക്കാ കോൺഗ്രസ് എരുമപ്പെട്ടി ഫൊറോന സമ്മേളനവും നടന്നു. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കത്തോലിക്കാ കോൺഗ്രസ് അതിരൂപത യൂത്ത് കൗൺസിലിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു.

**കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ റീജനണൽ സമ്മേളനം (തൃശൂർ, പാലക്കാട്, ഇരിഞ്ഞാലക്കുട, രാമനാഥ പുരം)**

കേരളത്തിൽ യുവജനങ്ങളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിലും നിലനിർത്തുന്നതിലും സർക്കാർ പരാജയപ്പെടുന്നുവെന്നും യുവജനക്രിയാശേഷി ഫലപ്രദമായി ഉപയോഗിക്കുവാൻ സർക്കാർ പദ്ധതികൾ രൂപീകരിക്കണമെന്നും തൃശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്. തൃശ്ശൂരിൽ നടന്ന കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യൂത്ത് കൗൺസിൽ ഗ്ലോബൽ ജനറൽ കോഡിനേറ്റർ സിജോ ഇലന്തൂർ അധ്യക്ഷത വഹിച്ച സംഗമത്തിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡൻറ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണവും ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ അനുഗ്രഹപ്രഭാഷണവും നടത്തി

**കളക്ട്രേറ്റിന് മുന്നിൽ ഉപവാസ സമരം**

കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ വർദ്ധിച്ച് വരുന്ന രാസലഹരി മയക്കുമരുന്ന് ഉപയോഗത്തിനെതിരെ അധികാരികൾ ശക്തമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് തൃശൂർ കളക്ട്രേറ്റിന് മുന്നിൽ ഉപവാസ സമരം നടത്തി.

**അന്തർദേശീയ സമ്മേളനം**

മെയ് 17, 18 തിയ്യതികളിലായി പാലക്കാട് 107 മത് അന്തർ ദേശീയ സമ്മേളനം നടന്നു. മെയ് 17ന് പാലയൂരിൽ നിന്ന് മാർ തോമ ശ്ലീഹായുടെ ഛായചിത്ര പ്രയാണം വിവിധ സെന്ററുകളിൽ സ്വീകരണത്തോടു കൂടി പാലക്കാട് സമ്മേളന നഗരിയിൽ എത്തി പ്രതിഷ്ഠിച്ചു. 18 ന് നടന്ന പൊതുസമ്മേളനത്തിലും, പ്രകടനത്തിലും അതിരൂപതാംഗങ്ങൾ പങ്കെടുത്തു.

**പരിസ്ഥിതി ദിനം**

ജൂൺ 5 ന് അതിരൂപത ആസ്ഥാനത്ത് വെച്ച് പരിസ്ഥിതി ദിനം ആചരിച്ചു. മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും ചേർന്ന് മാവിൻ തൈ നട്ടു.

**ഫാ. ജീജോ വള്ളൂപ്പാറ**
ഡയറക്ടർ

**ഡോ. ജോബി തോമസ് കാക്കശ്ശേരി**
പ്രസിഡണ്ട്

**കെ.സി. ഡേവീസ്**
ജന. സെക്രട്ടറി)

## അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**സുവർണ്ണ ജൂബിലി ഉദ്ഘാടനം**

ഇന്ത്യയിലെ ആദ്യത്തെ രൂപത തല പബ്ലിക് റിലേഷൻസ് വകുപ്പ് രൂപം കൊണ്ടത് സീറോ മലബാർ സഭയിലെ ആദ്യ വികാരിയത്തായ തൃശ്ശൂർ രൂപതയിലാണ്. 50 വർഷം മുമ്പ് 1975 ലാണ് അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് പബ്ലിക് റിലേഷൻസ് വകുപ്പ് ആരംഭിച്ചത്. തന്റെ ആദ്യ ആദ്ലിമീന സന്ദർശനത്തിനുശേഷം കുണ്ടുകുളം പിതാവ് ദീർഘവീക്ഷണത്തോടെ നടത്തിയ ചുവടുവെപ്പ്.

തൃശ്ശൂർ അതിരൂപതയുടെ മാധ്യമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രസ്ഥാനമാണിത്. അതിരൂപതയെയോ സഭയെയോ ബാധിക്കുന്ന കാര്യങ്ങൾ മാധ്യമങ്ങൾക്ക് ശരിയായ വിവരം നൽകുക, സഭയുടെ നിലപാടുകൾ സഭാംഗങ്ങളിലും മറ്റുള്ളവരിലും എത്തിക്കുക, എല്ലാ ഇടവകയിലും പബ്ലിക് റിലേഷൻ ഓഫീസറുമാരുടെ സേവനം സജ്ജമാക്കുക, പാരിഷ് ബുള്ളറ്റിനുകൾ കൂടുതൽ മനോഹരമാക്കാൻ പരിശീലനം നൽകുക എന്നിവയാണ് ദൗത്യം.

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻ വകുപ്പിന്റെ ഒരു വർഷ നീണ്ടുനില്ക്കുന്നസുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം സിബിസിഐ പ്രസിഡണ്ടും തൃശൂർ അതിരൂപത മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിച്ചു.

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

## കരുണട്രസ്റ്റ് വിദ്യാഭ്യാസ സഹായത്തിന് അപേക്ഷ ക്ഷണിച്ചു.

അതിരൂപത കരുണട്രസ്റ്റ് വിവിധ തൊഴിലധഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും നല്കി വരുന്ന സഹായത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചു. ജനറൽ നഴ്സിങ്ങ്, എം.ടി.ഐ., പോളി ടെക്നിക്ക്, ഐ.ടി.സി., പാരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻ, ടി.ടി.ഐ., ബി.എഡ് തുടങ്ങിയ കോഴ്സുകളാണ് ഉദ്ദേശിക്കുന്നത്. ജാതി മത ഭേദമന്യേ നല്കുന്ന സഹായത്തിന് തൃശ്ശൂർ അതിരൂപതയിലെ ഇടവക പള്ളി വികാരിയുടെ ശുപാർശയോടെ അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ 2025 ആഗസ്റ്റ് 15ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോം 2025 ജൂലായ് 1 മുതൽ അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ നിന്നും, online ആയി അതിരൂപത വൈബ് സൈറ്റിൽ (www.trichurarchiocese.org/download) നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാ. ഷിജോ ചിരിയങ്ക ണ്ടത്ത്, സെക്രട്ടറി, കരുണാ ട്രസ്റ്റ്, ആർച്ച് ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ 680 005, (ഫോൺ: 0487 2333325) എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

**ഫാ. ഷിജോ ചിരിയങ്കണ്ടത്ത്**
സെക്രട്ടറി

## വൈദികരുടെ തുടർപരിശീലനം ജൂലൈ 2025

| BATCH 1 (July 7-8, Monday-Tuesday) | |
|---|---|
| 1. Rev. Fr. Akkarapattiakal Joffin | 23. Rev. Fr. Malokkaran Jikson |
| 2. Rev. Fr. Alukka Antony | 24. Rev. Fr. Mangattilayan Majo |
| 3. Rev. Fr. Anthikkat Joseph | 25. Rev. Fr. Marokey Shinto |
| 4. Rev. Fr. Arangassery Jose | 26. Rev. Fr. Mookken Roy |
| 5. Rev. Fr. Arimboor Johnson | 27. Rev. Fr. Mukkadayil Jinson |
| 6. Rev. Fr. Chalissery Lijo | 28. Rev. Fr. Muringathery Jijo |
| 7. Rev. Fr. Chiramel Christeen | 29. Rev. Fr. Muringathery Joy |
| 8. Rev. Fr. Chiramel Davis, Jr. | 30. Rev. Fr. Anthikkat Santhosh |
| 9. Rev. Fr. Chiriankandath Geo | 31. Rev. Fr. Padayattil Job |
| 10. Rev. Fr. Chiriyankandath Ginsen | 32. Rev. Fr. Panamkulam Davis |
| 11. Rev. Fr. Chittilappilly Joffy | 33. Rev. Fr. Parrokkaran Binu |
| 12. Rev. Fr. Chittilappilly Seby | 34. Rev. Fr. Ponparambil Bijoy |
| 13. Rev. Fr. Choondal Livin | 35. Rev. Fr. Puthur Joby |
| 14. Rev. Fr. Edakkalathur Jose | 36. Rev. Fr. Puthur Sebi |
| 15. Rev. Fr. Kanjirathingal Baiju | 37. Rev. Fr. Thanikkal Jomon |
| 16. Rev. Fr. Kavalakkatt Seby | 38. Rev. Fr. Tharakan Roger |
| 17. Rev. Fr. Keetticka Finosh | 39. Rev. Fr. Tharayil Demin |
| 18. Rev. Fr. Kizhakkuden Sony | 40. Rev. Fr. Vadakkan Sajan |
| 19. Rev. Fr. KonikkaraJose, Jr. | 41. Rev. Fr. Vazhappilly Bilju |
| 20. Rev. Fr. Koola Ditto | 42. Rev. Fr. Vazhappilly Francis Sr. |
| 21. Rev. Fr. Kundukulam Stishin | 43. Rev. Fr. Velookaran Thomas |
| 22. Rev. Fr. Kuthur Varghese | 44. Rev. Fr. Vettath Mathew |

| BATCH 2 (July 8-9, Tuesday-Wednesday) | |
|---|---|
| 1. Rev. Fr. Ainikkal Addwin | 14. Rev. Fr. Kattiparamban Clinson |
| 2. Rev. Fr. Akkara Raju | 15. Rev. Fr. Kidangan Benny |
| 3. Rev. Fr. Akkaraparambil Linson | 16. Rev. Fr. Kizhakkoodan Godwin |
| 4. Rev. Fr. Akkarapattiekkal Jeas | 17. Rev. Fr. Kolambrath Dixon |
| 5. Rev. Fr. Alappat Bastin | 18. Rev. Fr. Kollannoor Joy |
| 6. Rev. Fr. Chakkalakka lDavis | 19. Rev. Fr. Kollannur Antony |
| 7. Rev. Fr. Chalissery Cyriac | 20. Rev. Fr. Kuruthukulangara Antony |
| 8. Rev. Fr. Chalissery Paul | 21. Rev. Fr. Kuttikottayil Mathew |
| 9. Rev. Fr. Chittilappilly John | 22. Rev. Fr. Moolan John |
| 10. Rev. Fr. Chittilappilly Johnson | 23. Rev. Fr. Mullakkara Tijo |
| 11. Rev. Fr. Chullikadan Joby | 24. Rev. Fr. Muthipeedika Mejo |
| 12. Rev. Fr. Eluvathingal Antos | 25. Rev. Fr. Neelamkavil Anson |
| 13. Rev. Fr. Kannanaickal Salvin | 26. Rev. Fr. Neelankavil Francis |

| | |
|---|---|
| 27. Rev. Fr. Palathingal Varghese | 38. Rev. Fr. Thanikkal Denny |
| 28. Rev. Fr. Perumattil Christon | 39. Rev. Fr. Tharakan Francis |
| 29. Rev. Fr. Pindiyan Paul | 40. Rev. Fr. Tharakan Varghese |
| 30. Rev. Fr. Pindiyan Sajan | 41. Rev. Fr. Thattil Soly |
| 31. Rev. Fr. Ponthekken Sinto | 42. Rev. Fr. Ukken Johnson |
| 32. Rev. Fr. Poovathingal Prince | 43. Rev. Fr. Vadakkethala Saju |
| 33. Rev. Fr. Pulikkan Paul | 44. Rev. Fr. Vadakkoott James |
| 34. Rev. Fr. Punnoliparambil Bastian | 45. Rev. Fr. Vattakuzhy Jose |
| 35. Rev. Fr. PuthiriFrango (Francis) | 46. Rev. Fr. Vazhappilly Frajo |
| 36. Rev. Fr. Puthur Sijo | 47. Rev. Fr. Vazhappilly Tony |
| 37. Rev. Fr. Thachoth Ajith | 48. Rev. Fr. Vettath Sebastian |

| **BATCH 3 (July 9-10, Wednesday-Thursday)** | |
|---|---|
| 1. Rev. Fr. Akkarapattiakkal Nirmal | 25. Rev. Fr. Marottickal Alex |
| 2. Rev. Fr. Anthikadan Johnson | 26. Rev. Fr. Mundenkurian Renny |
| 3. Rev. Fr. Arackal Francis | 27. Rev. Fr. Muttath Paul |
| 4. Rev. Fr. Arangassery Saleesh | 28. Rev. Fr. Nettikadan David |
| 5. Rev. Fr. Ayyankanayil John | 29. Rev. Fr. Pallikunnath Francis |
| 6. Rev. Fr. Chalakkal Sebastian | 30. Rev. Fr. Pidiyath Wilson |
| 7. Rev. Fr. Cheruthanickal Prince | 31. Rev. Fr. Pindiyan Prince |
| 8. Rev. Fr. Chirayath Anto | 32. Rev. Fr. Poopadi Thomas |
| 9. Rev. Fr. Chiriyamkandath Prince | 33. Rev. Fr. Poozhikkunnel Justin |
| 10. Rev. Fr. Chittilappilly Shiju | 34. Rev. Fr. Puthur John |
| 11. Rev. Fr. Chittilappilly Ajith | 35. Rev. Fr. Thacharattil Jacob |
| 12. Rev. Fr. Chittilappilly Anish | 36. Rev. Fr. Thaliyath Nibin |
| 13. Rev. Fr. Chittilappilly Joy, Sr. | 37. Rev. Fr. Thattil Linson |
| 14. Rev. Fr. Chittilappilly Lijo | 38. Rev. Fr. Thayyalakkal Flergin |
| 15. Rev. Fr. Choondal Thomas | 39. Rev. Fr. Thazhath Jickson |
| 16. Rev. Fr. Chungath Midhun | 40. Rev. Fr. Thekkiniyath Geo |
| 17. Rev. Fr. Eluvathingal Justin | 41. Rev. Fr. ThorayanSinto (Chacko) |
| 18. Rev. Fr. Emmatty Jomon | 42. Rev. Fr. Ukken Varghese |
| 19. Rev. Fr. Kanjirathingal Anto | 43. Rev. Fr. Vadakoot Thomas |
| 20. Rev. Fr. Kanjirathingal Varghese | 44. Rev. Fr. Vallachirakkaran Dinto |
| 21. Rev. Fr. Kattookaran Sijo | 45. Rev. Fr. Valluppara Jeejo |
| 22. Rev. Fr. Kundukulam Vincent | 46. Rev. Fr. Vennattuparambil Joshy |
| 23. Rev. Fr. Kuttikkatt Jinto | 47. Rev. Fr. Vithayathil Rijo |
| 24. Rev. Fr. Maliyeckal Sanal | |

| BATCH 4(July 10-11, Thursday-Friday) | |
|---|---|
| 1. Rev. Fr. Adambukulam Joy<br>2. Rev. Fr. Ainickal Johnson<br>3. Rev. Fr. Aloor Francis<br>4. Rev. Fr. AloorJoju (George)<br>5. Rev. Fr. Anthikkatt Johnson<br>6. Rev. Fr. Chembakassery Antony<br>7. Rev. Fr. Chemmannoor Jeesmon<br>8. Rev. Fr. Chemmannoor John Paul<br>9. Rev. Fr. CherayathDavis, Jr.<br>10. Rev. Fr. ChiramelJolly<br>11. Rev. Fr. Chiramel Simson<br>12. Rev. Fr. Chirammel Able<br>13. Rev. Fr. Chirayath Febin<br>14. Rev. Fr. Chiriyankandath Shijo<br>15. Rev. Fr. Choondal Albin<br>16. Rev. Fr. Eluvathingal Frederick<br>17. Rev. Fr. Eluvathingal Rojo<br>18. Rev. Fr. Kakkassery Tony<br>19. Rev. Fr. Kallarakkal Pratheesh<br>20. Rev. Fr. Karippery Varghese<br>21.Rev. Fr. Keezhoorumuttikkal Manoj<br>22. Rev. Fr. Koothur Joy<br>23. Rev. Fr. Koreth Joyson<br>24. Rev. Fr. Kunnappillil Thejas<br>25. Rev. Fr. Kuzhikkattumyalil Sijohn | 26. Rev. Fr. Mangan Ajil<br>27. Rev. Fr. Mapranathukaran Pradheep<br>28. Rev. Fr. Mapranathukaran Shijo<br>29. Rev. Fr. Maroky Jaison<br>30. Rev. Fr. Menachery Antony<br>31. Rev. Fr. Muringathery Grijo<br>32. Rev. Fr. Neelankavil Sinoj<br>33. Rev. Fr. Ollukkaran Anto<br>34. Rev. Fr. Panthallookkaran Devassy<br>35. Rev. Fr. Pavartikaran John<br>36. Rev. Fr. Peramangalam John (Jackson)<br>37. Rev. Fr. Porathur Sinto<br>38. Rev. Fr. Puthookkara Francis<br>39. Rev. Fr. Thaikkattil Saijo<br>40. Rev. Fr. Thalakkoden Dominic<br>41. Rev. Fr. Thalakkottoor Shanto<br>42. Rev. Fr. Thattil Jense<br>43. Rev. Fr. Thattil Paulson<br>44. Rev. Fr. Thattil Raphy<br>45. Rev. Fr. Thekkanath Paul<br>46. Rev. Fr. Thermadam Simon<br>47. Rev. Fr. Ukken Thomas<br>48. Rev. Fr. Velukkaran Geo<br>49. Rev. Fr. Vithayathil Daveed |

| BATCH 5 (July 14-15, Monday-Tuesday) | |
|---|---|
| 1. Rev. Fr. Ainikkal Jose<br>2. Rev. Fr. Akkamattathil Raphael<br>3. Rev. Fr. Akkamattathil Shonson<br>4. Rev. Fr. Alappatt Geo<br>5. Rev. Fr. Appadan Babu<br>6. Rev. Fr. Arangassery Sanoj<br>7. Rev. Fr. Chazhoor Domini<br>8. Rev. Fr. Cheruvathoor Joyson<br>9. Rev. Fr. Chiramel Chacko | 10. Rev. Fr. Chirayath Jeen<br>11. Rev. Fr. Edakkalathoor Varghese<br>12. Rev. Fr. Edakkalathur Thomas<br>13. Rev. Fr. Edakulathur George<br>14. Rev. Fr. Edathiruthy Jojo<br>15. Rev. Fr. Kadappuran Joby (Joseph)<br>16. Rev. Fr. Kaitharath Justin |

| | |
|---|---|
| 17. Rev. Fr. Kakkassery Thomas<br>18. Rev. Fr. Kallingalkudiyil Jimmy<br>19. Rev. Fr. Kanjirathingal Baiju<br>20. Rev. Fr. Kanjirathingal Prinson<br>21. Rev. Fr. Kanjirathingal Seby<br>22. Rev. Fr. Kannampuzha Davis<br>23. Rev. Fr. Kappilamnirappel Jijo<br>24. Rev. Fr. Karerakkattil Aljo<br>25. Rev. Fr. Kidangan Joy<br>26. Rev. Fr. Kollannur Ajith<br>27. Rev. Fr. Koonamplakkal Jaison<br>28. Rev. Fr. Kuruthukulangara Livin<br>29. Rev. Fr. Kuttikkatt Andrews<br>30. Rev. Fr. Manjaly Christo<br>31. Rev. Fr. Maroky Dennis<br>32. Rev. Fr. Mundopuram Daison<br>33. Rev. Fr. Muringathery Sijo<br>34. Rev. Fr. Muringathery Jomon | 35. Rev. Fr. Muringathery Naveen<br>36. Rev. Fr. Muttath Francis<br>37. Rev. Fr. Nandikkara Ignatius (Biju)<br>38. Rev. Fr. Nellangara Jithin<br>39. Rev. Fr. Olakkengil Debin<br>40. Rev. Fr. Palathingal Paulson<br>41. Rev. Fr. Panengadan Clint<br>42. Rev. Fr. Panengadan John (Biju)<br>43. Rev. Fr. Peramangalath Paul<br>44. Rev. Fr. Poovathukkaran Joseph<br>45. Rev. Fr. Punnassery Jaison<br>46. Rev. Fr. Thalakkottoor Francis<br>47. Rev. Fr. Thanikkal Lazar<br>48. Rev. Fr. Thanissery Raphael<br>49. Rev. Fr. Thattil Benwin<br>50. Rev. Fr. Thattil Trejin<br>51. Rev. Fr. Vazhappilly Jibi<br>52. Rev. Fr. Velakombil Roy |

| **BATCH 6 (July 15-16, Tuesday- Wednesday)** | |
|---|---|
| 1. Rev. Fr. Alappatt Biju Joseph<br>2. Rev. Fr. Aloor Joshy<br>3. Rev. Fr. Ambooken Joseph (Noby)<br>4. Rev. Fr. Arackel Paul<br>5. Rev. Fr. Arimbur Derin<br>6. Rev. Fr. Chalil Anu<br>7. Rev. Fr. Cheruvathoor Sijo<br>8. Rev. Fr. Cheruvathoor Vincent<br>9. Rev. Fr. Chiriyankandath Joju<br>10. Rev. Fr. Chittattukara Seby<br>11. Rev. Fr. Chittilappilly Antony Jr.<br>12. Rev. Fr. Chittilappilly Antony Sr.<br>13. Rev. Fr. Inchodikkaran James<br>14. Rev. Fr. Kallikadan Starzon<br>15. Rev. Fr. Kannanaikal Wilson | 16. Rev. Fr. Kochupurackal Kuriakose (Shaji)<br>17. Rev. Fr. Kolambrath Martin<br>18. Rev. Fr. Koothur Anish<br>19. Rev. Fr. Koothur Febin<br>20. Rev. Fr. Kulangara Printo<br>21. Rev. Fr. Kundukulam Johnson<br>22. Rev. Fr. Kunnappilly Teds<br>23. Rev. Fr. Maliyammavu Paul<br>24. Rev. Fr. Mandumpal Taison<br>25. Rev. Fr. Maroky Sajan<br>26. Rev. Fr. Mekkattukulam Jiphy<br>27. Rev. Fr. Muringathery Joseph<br>28. Rev. Fr. Muthupeedika Raphael<br>29. Rev. Fr. Neelankavil Hadly |

| | |
|---|---|
| 30. Rev. Fr. Olappurakkal Rinjo<br>31. Rev. Fr. Pallipurathukaran Geo<br>32. Rev. Fr. Pattikakkal Allwyn<br>33. Rev. Fr. Perinchery Ajeesh<br>34. Rev. Fr. Pettayil Noble<br>35. Rev. Fr. Ponnary Nithin<br>36. Rev. Fr. Poruthur Joju<br>37. Rev. Fr. Pulikkottil Davis Sr.<br>38. Rev. Fr. Pullokkaran Raphael<br>39. Rev. Fr. Puthur Prakash<br>40. Rev. Fr. Puthur Joy | 41. Rev. Fr. Thaliyaparambil Liril<br>42. Rev. Fr. Thanikkal Manoj<br>43. Rev. Fr. Thekkekara Jackson<br>44. Rev. Fr. Thermadam Shajan<br>45. Rev. Fr. Ukken Shaju<br>46. Rev. Fr. Vadakkan Job<br>47. Rev. Fr. Vadakkethala Prijov<br>48. Rev. Fr. Vattakuzhy Gladrin<br>49. Rev. Fr. Vazhaparambil Clement<br>50. Rev. Fr. Vazhappilly Twinkle |

| **BATCH 7 (July 16-17,Wednesday-Thursday)** | |
|---|---|
| 1. Rev. Fr. Alappadan Fijo<br>2. Rev. Fr. Ammuthan Antony<br>3. Rev. Fr. Chalakkal Jackson<br>4. Rev. Fr. Chalakkal Jose<br>5. Rev. Fr. Chalissery Johnson<br>6. Rev.A Fr. Cheradai Geo<br>7. Rev. Fr. Cheruthanickal Frango Fronice<br>8. Rev. Fr. Cheruvathoor George<br>9. Rev. Fr. Cheruvathur Douglas<br>10. Rev. Fr. Chiramel Davis Sr.<br>11. Rev. Fr. Chittilapilly Jaison<br>12. Rev. Fr. Chittilappilly Joy, Jr.<br>13. Rev. Fr. Kallikkaden Paul<br>14. Rev. Fr. Kanimangalathukaran Vincent<br>15. Rev. Fr. Kanjirathingal Arun<br>16. Rev. Fr. Kannanaikal Franclin<br>17. Rev. Fr. Kareparamban Sinto<br>18. Rev. Fr. Kavalakkatt Franco<br>19. Rev. Fr. Koothur Francis<br>20. Rev. Fr. Kundukulangara Jovy<br>21. Rev. Fr. Kunnappilly Tens<br>22. Rev. Fr. Kurissery Ittiachan<br>23. Rev. Fr. Maliakkal Jijo<br>24. Rev. Fr. Mangattilayan Jomon | 25. Rev. Fr. Melit Palathingal Verghese<br>26. Rev. Fr. Mookken Joy<br>27. Rev. Fr. Mullakkara Terin<br>28. Rev. Fr. Nayankara Prince<br>29. Rev. Fr. Neelankavil Pauly<br>30. Rev. Fr. Olakkengil Brilwin<br>31. Rev. Fr. Olakkengil Dijo<br>32. Rev. Fr. Olakkengil Johnson<br>33. Rev. Fr. Panakkal Joju<br>34. Rev. Fr. Parayil Shinto<br>35. Rev. Fr. Payikkatt Sobin<br>36. Rev. Fr. Pereppadan Jinto<br>37. Rev. Fr. Pulikkottil Davis Jr.<br>38. Rev. Fr. Pulikottil Jaison<br>39. Rev. Fr. Punnoliparambil Jos<br>40. Rev. Fr. Thaikkattil Lawrance<br>41. Rev. Fr. Thanikkal Paul<br>42. Rev. Fr. Thekkanath Christo<br>43. Rev. Fr. Thekkumpuram Jaison<br>44. Rev. Fr. Vadakkan Raphael<br>45. Rev. Fr. Vadakkan Roy<br>46. Rev. Fr. Vaikkadan Joseph<br>47. Rev. Fr. Vallooran Jose<br>48. Rev. Fr. Veliyan Sebi |




ദുക്റാന തിരുനാൾ
ആശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.06.2025
**July - 2025**



**ജൂലൈ 25ന്**
**നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ**
## മാർ ജേക്കബ് തൂങ്കുഴി പിതാവിന്
**തൃശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor